
# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 18 | No. 9
SEPTEMBER 2021






ഇപ്പോൾ ഹൈദ്രാബാദ് അതിരൂപതയിൽപ്പെട്ട തെലുങ്കാന സെക്കുന്തരാബാദ് സെന്റ് ഫ്രാൻസിസ് ഡി സാലസ് പള്ളിയിൽ **PULSATOR** സംവിധാനത്തിലാണ് പള്ളി മണി ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നത്. ഭാരതത്തിൽ 15 സംസ്ഥാനങ്ങളിലായി ഇപ്പോൾ 400-ല്പരം പള്ളിമണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല) മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമിച്ചുനൽകുന്നു.

**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

**THURICOAL :** കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.

**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഒരുതുള്ളിമാത്രം ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**PURIFION :** കരസ്പർശമില്ലാതെ സാനിറ്റൈസർ സ്പ്രേരൂപത്തിൽ ഓട്ടോമാറ്റിക്കായി ലഭിക്കുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**

Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator®
Patent

**The Church Bell Ringer**

*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

# എഡിറ്റോറിയൽ

'നിങ്ങളുടെ ഫസ്റ്റ് പടത്തിന്റെ സ്ക്രിപ്റ്റ് എവിടെവച്ചാണ് എഴുതിയത്?... ഹോം!'

ഈയിടെ ഇറങ്ങിയ #HOME എന്ന സിനിമയിലെ ഹൃദ്യമായൊരു സംഭാഷണഭാഗമാണിത്. അതെ, ജീവിതമാകുന്ന തിരക്കഥയുടെ എഴുത്തുപുര എന്നും വീടുതന്നെ. നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാന മന്ത്രം *വസുധൈവ കുടുംബകം* എന്നാണല്ലോ. അനുനിമിഷം മാറ്റത്തിനുവിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക സമൂഹത്തിൽ വീട്/കുടുംബം/വിവാഹം എന്നത് കാലഹരണപ്പെട്ട ഒന്നാണോ? ഒരിക്കലുമല്ല; സമൂഹം എത്ര വികസിതമായിക്കൊള്ളട്ടെ, അതിന്റെ നിർമിതിയിൽ ചെറുഘടകമായ കുടുംബം മാറ്റമില്ലാത്ത യാഥാർഥ്യമാണ്.

ചുമരും ജനലും വാതിലും ഒക്കെയുള്ള ഒരു കെട്ടിടം മാത്രമല്ല വീട്. ഇവിടെനിന്നാണ് ഒരാൾ സ്നേഹവും സാഹോദര്യവും മാനവികതയും മനഃസാക്ഷിയും പരാപരവിചാരവും ഉത്തരവാദിത്വബോധവും ആവിഷ്കാരസ്വാതന്ത്ര്യവുമൊക്കെ പഠിക്കുന്നതും പ്രാവർത്തികമാക്കുന്നതും. ഇതവന്റെ ബൗദ്ധിക നിലവാരത്തെ, സംസ്കാരത്തെ, മൂല്യബോധത്തെ, ഭാഷയെയെല്ലാം സ്വാധീനിക്കുന്നു. ഇവിടുത്തെ പിഴവുകൾ ഒരുവന്റെ ജീവിതതാളംതന്നെ തെറ്റിക്കുന്നു. നല്ല കുടുംബങ്ങൾ ചേരുമ്പോഴാണ് നല്ല സമൂഹവും രാഷ്ട്രവുമൊക്കെ സാക്ഷാത്കൃതമാകുന്നത്.

ശിഥിലമായ ഗൃഹാന്തരീക്ഷങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ ചോദ്യംചെയ്യുകയാണിന്ന്. ആശയവിനിമയം നഷ്ടപ്പെട്ട, മനുഷ്യജീവന് വില കൽപിക്കാത്ത, സ്ത്രീകളെ ആദരിക്കാത്ത, ലഹരി വാഴുന്ന സാംസ്കാരികച്യുതിയുടെ ഈറ്റില്ലങ്ങളായി ഇന്ന് വീടുകൾ അധഃപതിച്ചിരിക്കുന്നു. ബന്ധങ്ങൾക്കും മാനുഷികമൂല്യങ്ങൾക്കും ഇവിടെ വിലചോർന്നു. ഹിംസയുടെയും പകയുടെയും കനൽക്കണ്ണുകളിൽ അപരൻ നരകമായി പ്രത്യക്ഷപ്പെടുന്നു. താലിബാൻവരെ എത്തിനിൽക്കുന്ന ആഗോളഭീകരതയുടെ അടിവേരുകൾ തേടുമ്പോൾ, താളംതെറ്റിയ കുടുംബങ്ങളും അതിൽ നൽകപ്പെട്ട വികലമായ മത-മനുഷ്യ- സാമൂഹികകാഴ്ചപ്പാടുകളുംതന്നെകാരണമെന്ന് ബോധ്യമാകും. വ്യക്തികളെക്കാൾ വസ്തുക്കൾക്കും ആശയങ്ങളെക്കാൾ ആയുധങ്ങൾക്കും മൂല്യം കല്പിക്കുന്ന ക്രൂരതയും മതമൗലികതയും അന്ധവും അനിയന്ത്രിതവുമായ മതഭ്രാന്തും തുടങ്ങിയത് ഇവിടെനിന്നുതന്നെ എന്ന് ബോധ്യമാകും. ഇടുങ്ങിയ ഈ ചിന്തകളാണ് മറ്റുമതങ്ങളുടെ മേലും മതചിഹ്നങ്ങളുടെമേലുമുള്ള അതിക്രമങ്ങൾക്കും അധിക്ഷേപങ്ങൾക്കും കാരണമാകുന്നത്.

യു. എൻ. സെക്രട്ടറി ജനറൽ അന്തോണിയോ ഗുട്ടെറസ് പറയുന്നതുപോലെ 'മുഖ്യധാരയിലേക്ക് കുതിക്കുന്ന വിദ്വേഷം' നമ്മുടെ മുഖപടമായിമാറി. ഒരുതരം ഡിജിറ്റൽ ഹെയ്റ്റ് കൾച്ചർ! അസഹിഷ്ണുതയുടെയും അന്ധവിശ്വാസത്തിന്റെയും വിദ്വേഷത്തിന്റെയും വിഷവായുവാണ് നാമിന്ന് ശ്വസിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്രതലങ്ങളിൽ അംഗീകരിക്കപ്പെട്ട മനുഷ്യാവകാശങ്ങളെയും സാഹോദര്യത്തെയും വെല്ലുവിളിച്ചുകൊണ്ട് ലോകമെമ്പാടും വിദ്വേഷം വിതയ്ക്കപ്പെടുന്നു. ചരിത്രത്തിൽനിന്ന് നാം ഉൾക്കൊള്ളേണ്ടത് വിഭജനത്തിന്റെ പാഠമല്ല; വിശ്വമാനവികതയുടേതാണ്.

*ചൊട്ടയിലെ ശീലം ചുടലവരെ* എന്നാണല്ലോ. ജീവിതമാകുന്ന തിരക്കഥ ഒരാൾ എഴുതിത്തുടങ്ങുന്നത് വീട്ടിൽനിന്നായതിനാൽത്തന്നെ സ്നേഹം, ദയം, കരുണ, ആർദ്രത തുടങ്ങിയ ഗുണങ്ങളുടെ വിളനിലങ്ങളാകണം വീടുകൾ. ഓരോ വ്യക്തിയും അപരനിലേക്ക് നന്മയുടെ വെളിച്ചം പകരുന്ന ദീപങ്ങൾ ആകണം. വീടകങ്ങളിൽ ഇന്ന് നമുക്ക് ധാരാളം സമയവും സാഹചര്യങ്ങളുമുണ്ട്. അവിടെ നല്ല നാളെയുടെ വ്യക്തിത്വങ്ങൾ വളർന്നുവരട്ടെ. സാഹോദര്യവും സഹിഷ്ണുതയും ബഹുമാനവും നമ്മുടെ തലമുറ സ്വന്തമാക്കട്ടെ. 'പ്രാണികുലത്തിൽ പ്രഥമാത്മഗുണം പരസ്പര പ്രേമ'മാണ്. വ്യക്തിയിൽ ഉണ്ടാകുന്ന മാറ്റം കുടുംബത്തിലും കുടുംബത്തിലെ മാറ്റം സമൂഹത്തിലും ഉണ്ടാകും. അതിനാൽ വേരിൽതന്നെ വളമിടാം.

ചീഫ് എഡിറ്റർ




2021
പുസ്തകം 18 ലക്കം 9 സെപ്തംബർ

രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ MCBS

പത്രാധിപർ

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

സർക്കുലേഷൻ മാനേജർ
ഫാ. ചാക്കോ വടക്കേത്തലക്കൽ MCBS

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

മുഖചിത്രം, വര
വർഗീസ് ജോർജ്

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം

BANK DETAILS
A/c Name : Director Karunikan
A/c No. : 17530100030870
IFSC Code : FDRL0001753
Bank : Federal Bank, Thevara

# ഉള്ളടക്കം

## അഭിമുഖം

08 വിവാഹാനന്തരാനുഗമനം അനിവാര്യം



## സംവാദം

15 വിവാഹം ജീവവസന്തം
18 കുടുംബകേന്ദ്രീകൃത അജപാലനം
21 വൈകാരികത വിവാഹബന്ധങ്ങളിൽ
24 ഒരുക്കവും തുടർപരിശീലനവും അതിപ്രധാനം
27 കളിയല്ല കല്യാണം
30 വിവാഹമെന്ന കൂദാശയും പ്രണയക്കെണികളും
34 ലിംഗഭേദ സങ്കല്പങ്ങളും സംഘർഷങ്ങളും
37 സ്നേഹത്തിന്റെ ആനന്ദഭൈരവി

## ക്രൈസ്തവം

49 | ആന്റണിയുടെ സ്വർഗരാജ്യം
53 | ക്രിസ്തുവിൽ സ്നേഹസാഫല്യം
55 | നിയമവിധേയമായതൊക്കെ ശരിയോ?

www.karunikan.com



## സാമൂഹികം

59 | കാലം എന്ന എന്യുമറേറ്റർ
62 | # ഹോം
65 | കവിതയിലെ ഹരണം

03 എഡിറ്റോറിയൽ
06 പ്രതികരണങ്ങൾ



വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യമായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

*– പത്രാധിപർ*

# പ്രതികരണങ്ങൾ

## ചിറകെട്ടിയ അവകാശങ്ങൾ

അർധരാത്രിയിൽ ലഭിച്ച സ്വാതന്ത്ര്യത്തിന്റെ ഉച്ഛ്വാസവായു ശ്വസിക്കാൻ തുടങ്ങിയിട്ട് 75 ആണ്ടുകൾ പിന്നിട്ടിട്ടും ഈ സ്വാതന്ത്ര്യം വച്ചുനീട്ടിയ അവകാശങ്ങൾ സമത്വപൂർണമായി അനുഭവിക്കാൻ കഴിയാത്ത ന്യൂനപക്ഷങ്ങളുടെ നിലവിളി ഇന്നും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഈ നിലവിളിക്കുനേരെ കാതടച്ചും മനസ്സുമരവിപ്പിച്ചുമിരിക്കുന്നതിൽ അധികാര വർഗങ്ങളുടെ കൊടിവർണങ്ങൾക്ക് ഏകതാഭാവംതന്നെ. പൊള്ളയായ വാഗ്ദാനങ്ങൾ അവിരാമം ഒഴുക്കുന്ന തിനപ്പുറം അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നതിൽ അവർ തിമിരം ബാധിച്ചിരിക്കുകയാണ്. എന്നാലും നൽകപ്പെടുന്ന അവകാശങ്ങളിലും പ്രീണനവും ഉച്ചനീചത്വങ്ങളും പ്രദർശിപ്പിക്കുന്നതിലും ഒട്ടും പിന്നിലുമല്ല. അവഗണനയുടെ പ്രഹരങ്ങളേറ്റുകിടക്കുന്ന ഈ വിഭാഗം കൂട്ടത്തിൽ കുറിയതാണെങ്കിലും നീതിപീഠം ഇവർക്കുനേരെ വൈകി കണ്ണുതുറന്നു കടാക്ഷിച്ചപ്പോൾ ഈ ന്യൂനപക്ഷങ്ങൾക്ക് ജീവശ്വാസം വീണിരിക്കുകയാണ്. എന്നിട്ടും രാഷ്ട്രീയ നിലനിൽപ്പിനായി സമുദായ-വർഗീയ താൽപര്യങ്ങളെ സംരക്ഷിക്കാൻ ഭരണകൂടം നീതിനിർവഹണത്തിന് അമാന്തം കാണിക്കുമ്പോൾ പ്രതികരിക്കാതിരിക്കാനാവില്ല.

ഈ പ്രതികരണത്തിന്റെ മുദ്രിതമുഖമായി ന്യൂനപക്ഷസംവരണത്തിന്റെ ധ്വംസനങ്ങൾക്ക് അക്ഷരോദ്ഘോഷണം നടത്തിക്കൊണ്ട് കാരുണികൻ പ്രസിദ്ധീകരിച്ച ആഗസ്റ്റ് ലക്കം ശ്രദ്ധേയമായിരിക്കുന്നു. കാരുണികൻ മാസികയുടെ കരുണയുടെ ഭാവമാണ് ഈ ലക്കത്തിലൂടെ അനാവൃതമായിരിക്കുന്നത്. ഭരണഘടന പൗരനു നൽകുന്ന അവകാശങ്ങളെപ്പോലും ചിറകെട്ടി തടഞ്ഞിരിക്കുന്ന അവഗണനാമനോഭാവത്തിനെതിരെ കാര്യമാത്ര പ്രസക്തിയോടെ അധികാരികൾക്കു നേരെ ശബ്ദമുയർത്തിയിരിക്കുകയാണ് ഈ ലക്കമെന്ന് സങ്കോചത്തിനിടയില്ലാതെ പറയാനാകും.

എന്താണ് ന്യൂനപക്ഷം എന്നും എന്താണ് അവരുടെ അവകാശങ്ങളെന്നും അറിയാമായിരുന്നിട്ടും അറിവില്ലായ്മ നടിക്കുന്നവർക്കുവേണ്ടി ആധികാരികമായ കണക്കുകളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളത്രയും കുറ്റമറ്റതുതന്നെ. ഈ വിഷയത്തിൽ ഇപ്പോഴും അജ്ഞരായിരിക്കുന്നവർക്ക് ഇതൊരു ഗൈഡുതന്നെയാണ്. നീതിനിഷേധിക്കപ്പെടുന്ന ഈ സമൂഹത്തിന്റെ സാമ്പത്തിക അസമത്വവും ഇതിന്റെ നൈയാമിക ചട്ടക്കൂടുകളുമൊക്കെ വളരെ വിശദമായി പ്രതിപാദിക്കുന്നതിൽ കാരുണികൻ വിജയിച്ചിരിക്കുന്നു. തുടരുന്ന പക്ഷപാതപരമായ വിവേചനങ്ങളെ തുറന്നുകാട്ടാനും സാധിച്ചിരിക്കുന്നുവെന്നുള്ളതും അത്യന്തം സ്വാഗതാർഹമാണ്.

**ലിവിൻ ജോസ് കല്ലുവീട്ടിൽ**
*വടുതല*

## അവകാശങ്ങളും ഉത്തരവാദിത്വങ്ങളും

കാരുണികൻ ആഗസ്റ്റ് ലക്കം സമകാലിക ചർച്ചാവിഷയമായ ന്യൂനപക്ഷസംവരണം സംവാദവിധേയമാക്കിയത് സന്ദർഭോചിതമായി. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ ന്യൂനപക്ഷങ്ങൾ ഇന്നും അസ്വാതന്ത്ര്യത്തിന്റെ വല്മീകത്തിലാണെന്ന് പറയാതെവയ്യ. ഇന്ത്യയുടെ സ്വാതന്ത്ര്യം ഇന്ത്യാക്കാരന്റെ സ്വാതന്ത്ര്യമായി മാറിയോ എന്നാണ് ഈ സന്ദർഭത്തിൽ നാം പരിശോധിക്കേണ്ടത്. സമത്വമാണ് സ്വാതന്ത്ര്യം എന്ന് ഭരണഘടനാശില്പി ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞത് വെറുതെയല്ല.

ഇന്ത്യൻ ജനാധിപത്യം ചർച്ചചെയ്യപ്പെടുമ്പോൾ ജാതി വ്യവസ്ഥ പരിഗണിക്കാതെ മുന്നോട്ടുപോകാനാവില്ല. ഇന്ത്യയിൽ ഇന്ന് പ്രബലരായ ജാതികളുണ്ടെന്നുള്ളത് സത്യംതന്നെ. എന്നാൽ ജാതിയുടെ പ്രാധാന്യം കൂടി വരികയാണ്. ജാതി നിലനിർത്തുന്നതിൽ കീഴ്ജാതിക്കാർക്കാണ് താൽപര്യം. അതിന് കാരണം ജാതി അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങളാണ്. ജാതി വ്യവസ്ഥ സൃഷ്ടിച്ച ശ്രേണിബദ്ധത ഇന്ന് അപ്രത്യക്ഷമായി വരികയാണെന്നുള്ളത് എടുത്തുപറയേണ്ടിയിരിക്കുന്നു. നിലവിലുള്ള സിവിൽസമൂഹം ഒരു ഇലക്ട്രോണിക് സമൂഹമാണ്. ടി.വി, കംപ്യൂട്ടർ, ബാങ്ക് ബാലൻസ്, മൊബൈൽ ഫോൺ എന്നിവയാണ് ഇന്ന് വ്യക്തികളെ ശക്തീകരിക്കുന്നത്.

മതവും രാഷ്ട്രീയവും എടുത്തുപരിശോധിച്ചാൽ ഈ രണ്ട് രംഗങ്ങളിലും ഫ്യൂഡൽ മൂല്യങ്ങളാണ് ശക്തി പ്രാപിക്കുന്നതെന്ന് കാണാം. വിധേയത്വവും വ്യക്തി പൂജയും സ്വാഭാവിക ഗുണങ്ങളായി നിലനിർത്തപ്പെടുന്നു. രാഷ്ട്രീയ പാർട്ടികളുടെ മതവത്ക്കരണം ഇന്ന് ഒരു യാഥാർത്ഥ്യംതന്നെയാണ്.

ഇന്ത്യൻഭരണഘടന യഥാർത്ഥത്തിൽ ഇന്ത്യൻപൗരന്മാർക്കാണ് കേന്ദ്രസ്ഥാനം നൽകുന്നത്. പൗരൻ ഭരണകൂടത്തിനും മീതെയാണ്. സത്യത്തിൽ മനുഷ്യാവകാശസംരക്ഷണമാണ് ഭരണഘടനയുടെ അന്തഃസത്ത. ഇവിടെ അംബേദ്കറിസം ശാസ്ത്രീയവും വിശകലനാത്മകവുമായ രീതിയിൽ സമീപിക്കപ്പെടുന്നില്ല എന്നതല്ലേ സത്യം?

ഇന്ന് ന്യൂനപക്ഷം കടുത്ത വെല്ലുവിളികളെയാണ് നേരിടുന്നത്. ന്യൂനപക്ഷങ്ങൾ മുഖ്യധാരയിലേക്ക് കടന്നുവരാൻ പര്യാപ്തമായ ഒരു ചവിട്ടുപടിയാണ് സംവരണം. പക്ഷേ ആർ. എസ്. എസിന്റെ സംവരണത്തോടുള്ള സമീപനം ആശങ്കകൾ ഉയർത്തുന്നു. ദലിത് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ആവശ്യമുണ്ടോ എന്ന ചോദ്യം അവർ ഉയർത്താൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. സ്വാതന്ത്ര്യം ലഭിച്ച് ഏഴരപതിറ്റാണ്ട് എത്തിനിൽക്കുമ്പോഴും അവസരസമത്വം ഇന്നും അകലെയാണ്. ഇന്ന് പിന്നാക്ക സമുദായങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾക്ക് പോറലേൽക്കാതെ കൂടുതൽ ന്യൂനപക്ഷപദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ശ്രദ്ധിക്കേണ്ടത്. പരിവർത്തിത ക്രൈസ്തവർക്ക് നീതി നിഷേധിക്കപ്പെടുമ്പോൾ നിശബ്ദത പാലിക്കുന്നത് എത്രത്തോളം ന്യായീകരിക്കാവുന്നതാണ്? വ്യക്തിയെ കേന്ദ്രസ്ഥാനത്തുവയ്ക്കുന്ന ഭരണഘടനയുള്ള ഒരു രാജ്യം എന്ന നിലയിൽ നാം നമ്മുടെ ജനാധിപത്യമൂല്യങ്ങളെ കാത്തുസൂക്ഷിക്കുകതന്നെവേണം. പ്രശസ്ത ജർമൻ ദാർശനികനായ ഹെഗേൽ ''സ്വത്താണ് സ്വാതന്ത്ര്യമെന്ന്'' പറഞ്ഞതിന്റെ പൊരുളും ഇതുതന്നെ. ശരിയായ ജനാധിപത്യം അന്വർത്ഥമാകുന്നത് സമത്വാധിഷ്ഠിതമായ സമൂഹത്തിലാണെന്ന കാര്യം മറക്കരുത്.

**മാക്സിമിൻ നെട്ടൂർ**
*സോയാനിവാസ്, പനങ്ങാട്*





# വിവാഹാനന്തരാനുഗമനം അനിവാര്യം

രാമനാഥപുരം രൂപതാ **ബിഷപ് മാർ പോൾ ആലപ്പാട്ടു**മായി, കാരുണികനുവേണ്ടി ഫാ. ബാസ്റ്റിൻ പുല്ലന്താനിക്കൽ MCBS നടത്തിയ അഭിമുഖം

■ ആധുനിക ജീവിതസംസ്കാരത്തിൽ വിവാഹജീവിതത്തിന്റെ ആത്മീയതയ്ക്ക് ശോഷണം വന്നിട്ടില്ലേ. എന്താണിതിന് കാരണം? എങ്ങനെ ഒരു നവീകരണം സാധ്യമാക്കാം?

സഭയുടെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനഘടകങ്ങളാണ് കുടുംബങ്ങൾ. ഏതൊരു സഭയുടെയും രാഷ്ട്രത്തിന്റെയും ആരോഗ്യവും ക്ഷേമവും ആത്യന്തികമായി കുടുംബങ്ങളുടെ ക്ഷേമത്തിലും ആരോഗ്യത്തിലുമധിഷ്ഠിതമാണ്. ഓരോ കുടുംബത്തിനും ശാരീരികവും മാനസിക

വും ആത്മീയവുമായ ക്ഷേമവും ആരോഗ്യവും ഇല്ലാത്തിടത്തോളം കാലം സഭയുടെയും രാഷ്ട്രത്തിന്റെയും ഭാവിയും ക്ഷേമവും ശോഭനമല്ല.

ആധുനികസംസ്കാരത്തിൽ വിവാഹജീവിതത്തിന്റെ ആത്മീയതയ്ക്ക് ശോഷണം വന്നതിന്റെ പ്രധാനപ്പെട്ട കാരണം അതിന്റെ ദൈവികമാനത്തിന് കോട്ടംവന്നിരിക്കുന്നുവെന്നതാണ്. വിവാഹം ദൈവികപദ്ധതിയുടെ ഭാഗമാണെന്നും ജീവിതപങ്കാളിയെ വിവാഹത്തിൽ ഒന്നിപ്പിക്കുന്നത് ദൈവമാണെന്നും ആ ബന്ധം ജീവിതാന്ത്യംവരെ ദൃഢമായി നിലനിൽക്കേണ്ട പരിപാവനമായ ബന്ധമാണെന്നും 'ദൈവം യോജിപ്പിച്ച ബന്ധത്തെ മനുഷ്യൻ വേർപെടുത്താൻ പാടില്ല' (ഉത്പ 2:24, മത്താ 19:6) എന്നുമുള്ള സനാതന സത്യങ്ങൾ ദമ്പതികൾ മറന്നുപോകുന്നു.

വിവാഹത്തിനൊരുക്കമായ കോഴ്സിൽ ബുദ്ധിപരമായ കാര്യങ്ങൾക്കും Psycho- spiritual dimension നും കൂടുതൽ ഊന്നൽ നൽകണം. മാതൃകാപരമായി ജീവിക്കുന്ന ദമ്പതികളുടെ ഷെയറിംഗ് ഉണ്ടാകണം. ദമ്പതികൾക്ക് സമയബന്ധിതമായ റിഫ്രെഷർ കോഴ്സ് (ആദ്യവർഷം, 5 വർഷം, 10 വർഷം, ജൂബിലി വർഷങ്ങൾ) അജപാലനപരമായ അനുധാവനം (pastoral accompaniment) എന്നിവ ഉണ്ടാകണം.

## ■ പാശ്ചാത്യസംസ്കാരത്തിലെ ഒത്തുവാസം (living together) ഇന്ന് കേരളത്തിലെ യുവജനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്. ഇത് വിവാഹമെന്ന കൂദാശയെയും നമ്മുടെ ധാർമിക നിലപാടുകളെയും ബാധിക്കുന്നില്ലേ?

തീർച്ചയായും ബാധിക്കുന്നുണ്ട്. സഭാപരമായി വിവാഹം കഴിക്കാതെ, സിവിലായി രജിസ്റ്റർ ചെയ്ത് ഒന്നിച്ചു ജീവിക്കുമ്പോൾ, വിവാഹജീവിതത്തിന്റെ കൗദാശികതയുടെയും സ്ഥിരതയുടെയും മാനം നഷ്ടപ്പെടുന്നു. സാമൂഹികസുരക്ഷയ്ക്കും പരസ്പരസഹായത്തിനുമുള്ള താത്ക്കാലികമായ അഡ്ജസ്റ്റ്മെന്റാണിത്. ഒത്തുവാസം ഏതുതരത്തിലും നഷ്ടപ്പെടാം, നഷ്ടപ്പെടുത്താം. ദൈവവിശ്വാസവും സഭയുടെ പ്രബോധനവും വിഭാവനം ചെയ്യുന്ന കൗദാശിക വരപ്രസാദത്തിന്റെയും മരണംവരെയുള്ള വിശ്വസ്തതയുടെയും സ്ഥിരതയുടെയും പരസ്പരമുള്ള ആത്മസമർപ്പണത്തിന്റെയും ചൈതന്യം ഇത്തരം 'ഒത്തുവാസ'ത്തിൽ ഉണ്ടാകുകയില്ല.

## ■ കേരളസഭയിൽ വളരെ ചിട്ടയോടുകൂടിയ വിവാഹ മുന്നൊരുക്കകോഴ്സുകൾ നടത്തുന്നുണ്ടല്ലോ. എന്നിട്ടും ദാമ്പത്യപ്രശ്നങ്ങളും വിവാഹമോചനങ്ങളും വർധിച്ചുവരുന്നതായി കാണുന്നു. എന്താണിതിന് കാരണം?

വർധിച്ചുവരുന്ന ലൗകായതികത്വവും ഉപഭോഗസംസ്കാരവും വിവാഹബന്ധങ്ങളെയും കുടുംബജീവിതത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. വിവാഹബന്ധവും വൈവാഹികജീവിതവും ഒരു സാമൂഹികസംവിധാനത്തിന്റെ ഭാഗമാണ് വലിയൊരു വിഭാഗത്തിന്.

വിവാഹത്തിന് മുന്നൊരുക്കകോഴ്സിൽ പങ്കെടുക്കുന്ന പലരും ജീവിതാന്ത്യംവരെ നിലനിൽക്കേണ്ട ദൈവികവും സമ്പൂർണവുമായ അർപ്പണത്തിനുള്ള ഒരുക്കം എന്നതിനേക്കാൾ, വിവാഹാശീർവാദത്തിന് മുന്നോടിയായി ലഭിക്കേണ്ട സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള കോഴ്സായി മാത്രമാണ് പ്രീ-കാനാ കോഴ്സിനെ കാണുന്നത്. അതുപോലെതന്നെ, വിവാഹജീവിതത്തിൽ ഉണ്ടാകേണ്ട ദൈവപരിപാലനയിലുള്ള വിശ്വാസം, വിവാഹത്തിൽ ഒന്നിപ്പിച്ച ദൈവത്തോട് ചേർന്നുനിന്ന് ദൈവികാഭിമുഖ്യമുള്ള ജീവിതം, വിവാഹജീവിതത്തിലുണ്ടാകേണ്ട ത്യാഗമനോഭാവവും ക്ഷമാശീലവും എന്നിവ നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാം തികഞ്ഞിട്ടല്ല തങ്ങൾ വിവാഹം കഴിച്ചതെന്നും കല്യാണം കഴിഞ്ഞാലും സമയബന്ധിതമായി യഥാസമയം സ്വമനസ്സോടെ നടത്തേണ്ട ആത്മീയവും മാനസികവുമായ അപ്ഡേറ്റിംഗ് സ്വീകരിക്കാനുള്ള താല്പര്യക്കുറവും ദാമ്പത്യപ്രശ്നങ്ങളും വിവാഹമോചനങ്ങളും വർധിച്ചുവരുന്നതിന് കാരണമാണ്.

## ■ ഇന്ന് സമൂഹത്തിലുള്ള മതേതരസംസ്കാരം മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായി കാണുന്നു. ഇത് ദാമ്പത്യജീവിതത്തിന്റെ ഭാവിയെ പ്രതിസന്ധിയിലാക്കുമോ?

മതേതരത്വം (Secularism) എന്ന സങ്കല്പം വളരെ വികലമാക്കപ്പെടുന്ന കാലഘട്ടമാണിന്ന്. ദൈവവിശ്വാസത്തിനും മതത്തിനും ധാർമികതയ്ക്കും ഒട്ടും പ്രാധാന്യമില്ലാത്ത മൂല്യമാണ് 'മതേതരത്വം' എന്ന് നിരവധി പേർ ചിന്തിക്കുന്നുണ്ട്. യഥാർത്ഥത്തിൽ മതേതരത്വം എന്നതുകൊണ്ട് ഇന്ത്യൻഭരണഘടന അർത്ഥമാക്കുന്നത് എല്ലാ വിശ്വാസങ്ങളെയും മതങ്ങളെയും ഭാഷകളെയും സംസ്കാരങ്ങളെയും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ടുള്ള എല്ലാ മനുഷ്യരുടെയും സമാധാനപരമായ ജീവിതവും സഹവർത്തിത്വവുമാണ്. അത്തരത്തിലുള്ള മതേതര സമൂഹത്തിൽ ഓരോ സമൂഹത്തിന്റെയും വിശ്വാസവും

മതജീവിതവും ഭാഷയും സംസ്കാരവും കാത്തുസൂക്ഷിക്കാൻ ആർക്കും ഒരു തടസ്സവും ഉണ്ടാവുകയില്ല.

മേൽപ്പറഞ്ഞ രീതിയിൽ മതേതരസമൂഹത്തിൽ കത്തോലിക്കാവിവാഹവും ഇതരസമൂഹങ്ങളുടെ വിവാഹവും തമ്മിലുള്ള വ്യത്യാസവും കത്തോലിക്കാവിവാഹത്തിന്റെ അതുല്യതയും വേണ്ടവിധം മനസ്സിലാക്കുന്നതിലും മനസ്സിലാക്കിക്കൊടുക്കുന്നതിലും നമ്മുടെ യുവജനങ്ങളും മാതാപിതാക്കളും അജപാലകരും വിശ്വാസപരിശീലകരും പരാജയപ്പെടുന്നു. അതുകൊണ്ടുതന്നെ മിശ്രവിവാഹവും (Mixed marriage) മതാന്തരവിവാഹവും (Disparity of cult) വഴി കത്തോലിക്കാവിവാഹത്തിന്റെ കൗദാശിക വരപ്രസാദവും കെട്ടുറപ്പും ദമ്പതികളുടെ വിശ്വാസത്തിലും പാരമ്പര്യത്തിലുമുള്ള ഒന്നിപ്പും നഷ്ടപ്പെടുന്നതുവഴി കത്തോലിക്കാവിവാഹത്തിന്റെ പവിത്രതയും അതുല്യതയും വികലമാക്കപ്പെടുന്ന സാഹചര്യംകൂടിയാണ് വന്നുചേരുന്നത്. ഏതാനും നാളുകൾക്കുമുമ്പുവരെ പണവും വിദ്യാഭ്യാസവും എന്നതിനെക്കാൾ വിശ്വാസം, മതജീവിതം, തറവാട്, സൽപ്പേര് എന്നിവയ്ക്കാണ് വിവാഹബന്ധങ്ങളിൽ ഊന്നൽ കൊടുത്തിരുന്നത്. എന്നാൽ ഇന്ന് മുൻഗണനക്രമത്തിൽ വ്യത്യാസം വന്നിരിക്കുന്നു.

## ■ മാതാപിതാക്കളുടെ ദമ്പതീജീവിതത്തിലുണ്ടാകുന്ന പൊരുത്തക്കേടുകളും പോരായ്മകളും മക്കളുടെ ഭാവികുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ഇടയില്ലേ? ഇതെങ്ങനെ പരിഹരിക്കാനാകും?

തീർച്ചയായും. പല മക്കളും വിവാഹജീവിതം വേണ്ടാ എന്ന് തീരുമാനിക്കുന്നതിന്റെ പ്രധാനകാരണം ഇത്തരം പൊരുത്തക്കേടുകളും പോരായ്മകളുമാണ്. മദ്യപിച്ച് വീട്ടിൽ ബഹളമുണ്ടാക്കി നടന്ന പിതാവ് മദ്യപിക്കരുതെന്നും ഭാര്യയും മക്കളുമായി സമാധാനത്തിൽ കഴിയണമെന്നും ഉപദേശിക്കുമ്പോൾ ആ പിതാവിനോട്, 'അപ്പൻ എങ്ങനെയാണ് നടന്നിരുന്നത്' എന്ന് മക്കൾ ചോദിക്കാറുണ്ട്. അതുകൊണ്ട് കല്യാണം കഴിച്ച് മക്കൾക്ക് ജന്മംകൊടുത്ത് അവർക്ക് ഭക്ഷണവും വീടും വസ്ത്രവും മരുന്നും വിദ്യാഭ്യാസവും നൽകിയാൽമാത്രംപോരാ, സഭയുടെ പ്രബോധനവും ദർശനവും അനുസരിച്ച് ജീവിക്കുന്ന, പ്രവർത്തിക്കുന്ന കുടുംബങ്ങൾക്ക് രൂപംകൊടുക്കാൻ പറ്റുന്ന രീതിയിൽ മാതൃകാപരമായ വിശ്വാസമുള്ള ജീവിതവും കുടുംബജീവിതവും നയിക്കാൻ മാതാപിതാക്കൾക്ക് കഴിയണം. അതുപോലെ, ഇടവകതലത്തിലുള്ള വികാരിയച്ചന്റെയും സന്ന്യസ്തരുടെയും നേതൃത്വത്തിലുള്ള കുടുംബപ്രേഷിതത്വം കൂടുതൽ ഫലപ്രദമാകണം. വിവാഹജീവിതത്തിലെ, കുടുംബജീവിതത്തിലെ പൊരുത്തക്കേടുകളും പോരായ്മകളും രൂക്ഷമാകുന്നതിനുമുമ്പുതന്നെ Spiritual + psychological guidance ലൂടെ ഇടപെടണം. വിവാഹത്തിനുശേഷം തുടർച്ചയായ അനുഗമനം (accompaniment) ഉണ്ടാകണം. ഇക്കാര്യത്തിൽ വൈദികരുടെയും സന്ന്യസ്തരുടെയും ഭാഗത്തുനിന്നുള്ള അലസതയും നിസ്സംഗതയും ഒഴിവാക്കണം.

## ■ വർത്തമാനകാല വിവാഹജീവിതത്തെ നവമാധ്യമങ്ങൾ എത്രത്തോളം സ്വാധീനിക്കുന്നുണ്ട്? സംശയങ്ങളും അവിശ്വസ്തതയും സ്ത്രീ–പുരുഷ ബന്ധത്തിൽ വിള്ളലുകൾ വീഴ്ത്താൻ കാരണമാകുന്നില്ലേ?

നവസാമൂഹികമാധ്യമങ്ങളുടെ വരവോടെ വളരെ എളുപ്പത്തിൽ ആർക്കും ആരെപ്പറ്റിയും എന്തുംപറയാമെന്നായി. ഇല്ലാത്തതും ഉള്ളതും പെരുപ്പിച്ച് കാണിക്കാനും സ്വകാര്യത മാനിക്കാതെ പ്രതികരിക്കാനും ഇടവരുന്നു. കുടുംബജീവിതത്തിൽ, വിവാഹജീവിതത്തിൽ മുളയെടുക്കുന്ന നിസ്സാരപ്രശ്നങ്ങൾ എത്രയുംവേഗം സാധ്യമായ മാർഗങ്ങളിലൂടെ പരിഹരിക്കുന്നതിനുപകരം നവമാധ്യമങ്ങളിലൂടെയുള്ള 'ആക്രമണവും പ്രത്യാക്രമണവും' വഴി കൂടുതൽ വഷളാക്കുന്നു. മാധ്യമങ്ങളോടുള്ള അമിതമായ ഭ്രമംമൂലം ജീവിതപങ്കാളിയും മക്കളും മാതാപിതാക്കളുമായുള്ള ആശയവിനിമയവും ഒരുമിച്ചുള്ള പ്രാർത്ഥനാജീവിതവും പരാജയപ്പെടുന്നു. മാത്രവുമല്ല, സൃഷ്ടിപരവും നശീകരണജന്യവുമായ പരിപാടികളെ അനുകരിക്കുന്നതിലൂടെയും അമിതമായ മാധ്യമ ഉപയോഗം വഴിയുണ്ടാകുന്ന – വാട്ട്സ് ആപ്പ്, ഫെയ്സ്ബുക്ക് – കുരുക്കുകളിലൂടെയും ദമ്പതീവിശ്വസ്തതയും കൂട്ടായ്മയും നഷ്ടപ്പെടുകയും വൈവാഹികബന്ധം തകരുകയും ചെയ്യുന്നു.

നവമാധ്യമങ്ങളുടെ അതിരുകടന്ന ഉപയോഗം നിയന്ത്രിക്കണം. അവയുടെ ചതിക്കുഴിയെന്തെന്ന് മനസ്സിലാക്കികൊടുക്കണം. നവമാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചാറ്റിംഗ് ഒഴിവാക്കിയില്ലെങ്കിൽ വിവാഹജീവിതത്തിന്റെ (പ്രത്യേകിച്ച് ദമ്പതികൾ രണ്ടിടങ്ങളിലാണെങ്കിൽ) ഭദ്രതയും കുടുംബജീവിതത്തിന്റെ കെട്ടുറപ്പും തകർന്നുപോകും.

## ■ കുടുംബങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെയും കുടുംബങ്ങളുടെയും



**വർഷമായി ആഗോളസഭ ആചരിക്കുമ്പോൾ, ദാമ്പത്യത്തിന്റെ കെട്ടുറപ്പിനും കുടുംബങ്ങളുടെ കൂട്ടായ്മയ്ക്കുമായി സഭയുടെ ഭാഗത്തുനിന്നുള്ള നീക്കങ്ങൾ എന്തൊക്കെയാണ്?**

- വിശുദ്ധ യൗസേപ്പ് പിതാവിന്റെ ആധ്യാത്മികത, പഠനത്തിനും വിചിന്തനത്തിനും വിഷയമാക്കുകയാണ് ഈ വർഷാചരണത്തിൽ. വൈവാഹികജീവിതത്തിൽ കൂട്ടായ്മയും ഐക്യവും ധാരണയും ഉണ്ടാകാൻവേണ്ടി ദമ്പതികൾക്കായി Psycho- Spiritual Retreat കൾ സംഘടിപ്പിക്കുന്നുണ്ട്.
- പൊരുത്തക്കേടും ഭിന്നതകളുമുള്ള ദമ്പതികളെയും കുടുംബങ്ങളെയും പ്രത്യേകം കണ്ടുപിടിച്ച് പ്രത്യേക കൗൺസിലിംഗിനും ആവശ്യമെങ്കിൽ ചികിത്സക്കും വിധേയമാക്കുന്നു.
- സാമ്പത്തികമായി അവശതയനുഭവിക്കുന്ന കുടുംബങ്ങളെ ശക്തീകരിക്കാൻ ഇടവകതലത്തിൽ ഒരു 'കുടുംബഫണ്ട്' രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- ആഴ്ചയിലൊരിക്കൽ, വിശുദ്ധ കുർബാനയ്ക്കിടയിൽ കാറോസൂസ പ്രാർത്ഥനയായും ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം പ്രത്യേക നൊവേന പ്രാർത്ഥനയായും ഈ വർഷത്തിന്റെ വിജയത്തിനുവേണ്ടി ചൊല്ലുന്നുണ്ട്.
- ഈ വർഷം പ്രത്യേകമായ രീതിയിൽ ഇടവകകളിലെ പിതൃവേദികളെയും കുടുംബപ്രേഷിതത്വ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്താൻ ആഹ്വാനംചെയ്തിട്ടുണ്ട്.

**■ കോവിഡ് മഹാമാരി നമ്മുടെ ആരാധനാലയങ്ങളെയൊക്കെ നിശ്ചലമാക്കിയിരിക്കുന്ന അവസരത്തിൽ കൗദാശിക ജീവിതം ഓൺലൈൻ തരംഗത്തിലാണല്ലോ. ഇതു വിശ്വാസ അപഭ്രംശത്തിന് കാരണമാക്കിയിട്ടുണ്ടോ?**



ഓൺലൈൻ കുർബാന യഥാർത്ഥ കുർബാനയല്ല, ഒരുതരത്തിലും വീടിന് പുറത്തിറങ്ങാൻ കഴിയാതെ വന്നപ്പോൾ നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ, ആത്മീയതയുടെ ചിന്തകൾ നിലനിർത്താൻ സഭ കണ്ടെത്തിയ താത്കാലിക സംവിധാനം മാത്രമാണത്. അതുകൊണ്ട് ഓൺലൈൻ/ വീഡിയോ കുർബാന സാധുവായ കുർബാനയല്ല.

**യുവത ഇതിനുനൽകുന്ന പ്രാധാന്യം എത്രത്തോളമുണ്ട്? പിതാവ് എങ്ങനെ പ്രതികരിക്കുന്നു?**

കോവിഡ് മഹാമാരി നമ്മുടെ ആരാധനാലയങ്ങളെയൊക്കെ ഓൺലൈൻ തരംഗത്തിലാക്കിയെന്നതു വാസ്തവമാണ്. ഒന്നര വർഷത്തോളമായി ദീർഘിക്കുന്ന കോവിഡ് ദൈവത്തോടും ദൈവാലയത്തോടും പ്രാർത്ഥനാജീവിതത്തോടുമുള്ള നമ്മുടെ ബന്ധത്തിലും സമീപനത്തിലും നമ്മെ, ഒരു പരിധിവരെ അലസതയുടെയും നിസ്സംഗതയുടെയും ആലസ്യത്തിലാക്കിയെന്നതു യാഥാർത്ഥ്യമാണ്. യുവജനങ്ങളും പ്രായമുള്ളവരുമുൾപ്പെടെ ധാരാളംപേർ ഓൺലൈൻ/ വീഡിയോ കുർബാനയായാലും മതിയെന്ന വളരെ അപക്വമായ ചിന്താഗതിയിലാണിന്ന്. വിശുദ്ധ കുർബാന യഥാർത്ഥ അനുഭവമാകുന്നത് അതിൽ നേരിട്ടു പങ്കെടുക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് എന്ന് ഇവർ ചിന്തിക്കുന്നില്ല. ഓൺലൈൻ കുർബാന യഥാർത്ഥ കുർബാനയല്ല, ഒരുതരത്തിലും വീടിന് പുറത്തിറങ്ങാൻ കഴിയാതെ വന്നപ്പോൾ നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ, ആത്മീയതയുടെ ചിന്തകൾ നിലനിർത്താൻ സഭ കണ്ടെത്തിയ താത്കാലിക സംവിധാനം മാത്രമാണത്. അതുകൊണ്ട് ഓൺലൈൻ/വീഡിയോ കുർബാന സാധുവായ കുർബാനയല്ല.

വിശുദ്ധ കുർബാനകഴിഞ്ഞാൽ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട കൂദാശ വിശുദ്ധ കുമ്പസാരമാണ്. ഓൺലൈൻ കുർബാനയായാലും മതിയെന്നുപറഞ്ഞു വീട്ടിലിരുന്നാൽ കുമ്പസാരിക്കാൻ പറ്റുമോ? അതുകൊണ്ട് കോവിഡ് നിയന്ത്രണാധീനമായിട്ടില്ലെങ്കിലും ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചും വിശുദ്ധ കുർബാനാർപ്പണത്തിന്റെ എണ്ണം കൂട്ടിയും മുൻകരുതലുകളോടെ കുമ്പസാരത്തിനും സൗകര്യമേർപ്പെടുത്തിയും കോവിഡുമൂലം ഉണ്ടായ ആധ്യാത്മിക നിസ്സംഗതയും അലസതയും ശുഷ്കതയും അതിജീവിക്കാൻ സഭാതനയർക്ക് കഴിയണം. വേണ്ടത്ര ക്രമീകരണങ്ങൾ ചെയ്യാൻ അജപാലകർ പരമാവധി പരിശ്രമിക്കുകയും വേണം.

**■ മാറിയ സാമൂഹിക- സാമ്പത്തിക പശ്ചാത്തലത്തിൽ, ദമ്പതീജീവിതഭദ്രതയ്ക്കായി രാമനാഥപുരം രൂപത എന്തൊക്കെ അജപാലന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അഥവാ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്?**

രാമനാഥപുരം രൂപത തമിഴ്നാടിന്റെ മധ്യഭാഗത്ത് (വാളയാറിനും ബംഗാൾ ഉൾക്കടലിനുമിടയ്ക്ക്) 14 ജില്ലകളിലായി ചിതറിക്കിടക്കുന്നു. ഏതാണ്ട് 2500 കുടുംബങ്ങൾ മാത്രമുള്ള ഒരു കൊച്ചുമിഷൻ രൂപത. പള്ളികളും വീടുകളും തമ്മിലുള്ള ദൂരം, അകലങ്ങളിൽ കഴിയുന്ന കുടുംബങ്ങളെ ഒന്നിച്ചുകൂട്ടി വിശുദ്ധ കുർബാനയർപ്പിക്കാനും മറ്റുമായി പള്ളികളോ സംവിധാനങ്ങളോ ഇപ്പോഴും പലയിടത്തും ആയി

ട്ടില്ല. അതിനിടയ്ക്കാണ് കോവിഡ് മഹാമാരി വന്നത്. എങ്കിലും, സഭയുടെയും രാഷ്ട്രത്തിന്റെയും ആണിക്കല്ലുകളായ കുടുംബങ്ങൾക്ക് നേതൃത്വം വഹിക്കുന്ന വ്യക്തികളെന്ന നിലയിൽ ദമ്പതികളെ മാനസികമായും ആത്മീയമായും ഒരുക്കാൻ രൂപത കുടുംബപ്രേഷിതത്വകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സാധിക്കുന്നതെല്ലാം ചെയ്യുന്നുണ്ട്. വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്, വിവാഹം കഴിഞ്ഞ് ആദ്യവർഷക്കാർക്കുവേണ്ടിയുള്ള പ്രോഗ്രാം, ഗർഭിണികൾക്കുവേണ്ടിയുള്ള ഏലിശ്വാ പ്രോഗ്രാം, വിവാഹം കഴിഞ്ഞ് 5,10,15,20 വർഷക്കാർക്കുവേണ്ടിയുള്ള റിഫ്രഷർ പ്രോഗ്രാം, 25,50 വർഷജൂബിലിക്കാർക്കുവേണ്ടിയുള്ള പ്രത്യേക പ്രോഗ്രാം, പൊരുത്തക്കേടുള്ള ദമ്പതികളെ മനഃശാസ്ത്ര കൗൺസിലിംഗിനും ആധ്യാത്മിക കൗൺസിലിംഗിനും വിധേയമാക്കുന്ന പരിപാടി, ഇടവക തലത്തിൽ ഹോളിഫാമിലി, മറ്റു സന്ന്യാസസമൂഹങ്ങളുടെ നേതൃത്വത്തിൽ ഹോംമിഷൻ, അനുരഞ്ജനപ്രോഗ്രാം എന്നിവ സംഘടിപ്പിച്ചുവരുന്നു.

**■ പരിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശയാണ്. അതിന്റെ പൊരുൾ മനസ്സിലാക്കിക്കൊണ്ട്, ഫ്രാൻസിസ് പാപ്പ സീറോമലബാർ സഭയ്ക്ക് നൽകിയിരിക്കുന്ന ആരാധനക്രമ ഐകരൂപ്യത്തെ മുന്നേകണ്ടുകൊണ്ട് രാമനാഥപുരം രൂപതയിൽ അത് നടപ്പാക്കിയപ്പോൾ ഉണ്ടായ പ്രതികരണങ്ങളും പ്രതിഫലനങ്ങളും പങ്കുവയ്ക്കാമോ?**

"അൾത്താരയിലെ ഒരുമയാണ് സഭയിലെ ഒരുമയുടെ അടിസ്ഥാനം" (ബനഡിക്ട് പതിനാറാമൻ പാപ്പ). കാരണം, ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രവും ലക്ഷ്യസ്ഥാനവും പരിശുദ്ധ കുർബാനയാണ്. ക്രൈസ്തവർ വിശുദ്ധ കുർബാന കേന്ദ്രീകൃതമായി വളരണം, പുഷ്ടിപ്രാപിക്കണം. ഈശോയെപ്പോലെ ജീവിതത്തിലൂടെ സ്വർഗീയപിതാവിന് ഏറ്റവും സ്വീകാര്യമായ ബലിയായി തീരണം. അപ്പോൾ മാത്രമേ ക്രൈസ്തവജീവിതത്തിന്റെ ആത്മനിർവൃതി കൈവരികയുള്ളൂ എന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ.

അതുകൊണ്ടുതന്നെ അൾത്താരയിലെ ഒരുമയിൽ ഐക്യവും തനിമയും വിട്ടുവീഴ്ചയും സമന്വയവും അനുഭവിക്കാനും അനുഭവിപ്പിക്കാനും കഴിയാത്തിടത്തോളം നമ്മുടെ കൂദാശാപരികർമങ്ങളും സുവിശേഷപ്രഘോഷണങ്ങളും മറ്റുപ്രവർത്തനങ്ങളും അർഥരഹിതവും എതിർസാക്ഷ്യവുമാകും.

സഭാജീവിതത്തിൽ പലതിനെപ്പറ്റിയും അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം; എനിക്കും ഉണ്ട്. അതേസമയം സഭയ്ക്കാണ് ഈശോ തന്റെ ദൗത്യം തുടരാൻ ഏൽപ്പിച്ചതെന്നു നാം ഓർക്കണം . സഭയുടെ ദൗത്യമാണ് മാറി മാറിവരുന്ന ഞാൻ ഉൾപ്പടെയുള്ള ശുശ്രൂഷകർ നിർവ്വഹിക്കുന്നത്. അതുകൊണ്ട് സഭയാണ് വലുത്, ശുശ്രൂഷകരല്ല. ശുശ്രൂഷകർ സഭയ്ക്കുള്ളിലാണ്; സഭയുടെ മുകളിൽ ഒരാൾ മാത്രമേയുള്ളൂ; തന്റെ ചുടുരക്തം വിലയായി കൊടുത്ത് സഭയെ രക്ഷിച്ച ഈശോമിശിഹാ മാത്രം. അതുകൊണ്ട് ആ സഭയെ ദുർബലപ്പെടുത്തുന്ന, ഛിന്നഭിന്നമാക്കുന്ന, അവഹേളിക്കുന്ന ഒരു പ്രവൃത്തിക്കും അഭിപ്രായപ്രകടനങ്ങൾക്കും ഒരു സഭാതനയനും ശുശ്രൂഷകനും ശുശ്രൂഷികയും കൂട്ടുനിൽക്കാൻപാടില്ല. ആരാധനക്രമം സഭയുടേതാണ്. സഭാമക്കളുടെ ദൈവാരാധാനയ്ക്കു ആവശ്യമുള്ള ക്രമം ബന്ധപ്പെട്ട സഭാനേതൃത്വം പഠിച്ച്, മറ്റുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാവുന്നവ സ്വീകരിച്ച് അംഗീകരിച്ചാൽ സഭാശുശ്രൂഷകരും മക്കളും അത് സ്നേഹപൂർവം സ്വീകരിക്കേണ്ടതാണ്. അപ്പോഴാണ് ഈശോ വിഭാവനം ചെയ്ത ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ആത്മപരിത്യാഗത്തിന്റെയും സമൂഹം യാഥാർത്ഥ്യമാകുക.

മേൽപ്പറഞ്ഞ ദർശനത്തിന്റെയും ചിന്തകളുടെയും അടിസ്ഥാനത്തിൽ, രാമനാഥപുരം രൂപതയുടെ ദശവത്സരത്തോടനുബന്ധിച്ച് സിനഡ് തീരുമാനപ്രകാരമുള്ള ദിവ്യബലിയർപ്പണത്തിന് ആഹ്വാനംചെയ്തപ്പോൾ, രൂപതയിലെ വൈദികരും സന്ന്യസ്തരും അല്മായരും ഒറ്റക്കെട്ടായാണ് അതിനെ അനുകൂലിച്ചത്. ആദ്യം വൈദികസമ്മേളനത്തിലും അതിനുശേഷം രാമനാഥപുരം SMRC ജനറൽ ബോഡിയിലും പിന്നീട് പാസ്റ്ററൽ കൗൺസിൽ ജനറൽബോഡി യോഗത്തിലും ചർച്ചചെയ്തു. ഓരോരോ യോഗങ്ങളും വളരെ കുറച്ചുസമയമേ ഇതിനായി വിനിയോഗിച്ചുള്ളൂ. ചർച്ചകളുടെ സമയത്തും പുതിയരീതി നിലവിൽവന്ന 2020 നവംബർ 11 മുതൽ ഇന്നുവരെയും ഒരാൾപോലും നേരിട്ടോ രേഖാമൂലമോ മാധ്യമങ്ങൾ വഴിയോ ഒരുതരത്തിലുള്ള വിയോജിപ്പോ അസന്തുഷ്ടിയോ പ്രകടിപ്പിച്ചിട്ടില്ല എന്നതാണ് സത്യം. ഞാൻ നല്ല ദൈവത്തിന് നന്ദിപറയുന്നു. നല്ല മനസ്സോടെ വളരെ പ്രധാനപ്പെട്ട ഈ തീരുമാനത്തിന് സഹകരിച്ച രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും അല്മായ സഹോദരങ്ങൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കും നന്ദി. ■

# സംവാദം



'ഗൃഹസ്ഥാശ്രമം' എന്നു ഭാരതീയാചാര്യരും 'ഗാർഹികസഭ' എന്നു തിരുസഭയും ദമ്പതീ (കുടുംബ) ജീവിതത്തെ വിശേഷണം ചെയ്തിരിക്കുന്നു. പരിപാവനമായ വിവാഹമാണ് കുടുംബജീവിതപ്രവേശിക. എന്നാൽ, മാനവസമൂഹത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബം ഇന്ന് അചിന്തനീയമായ വെല്ലുവിളികളുടെ പ്രഹേളികയായി മാറിയിരിക്കുന്നു. വിവാഹങ്ങൾ കച്ചവടങ്ങളായി അധഃപതിക്കുമ്പോൾ സമൂഹമാണ് തകരുന്നത്. വ്യക്തികൾ വസ്തുക്കളായി തരംതാഴ്ത്തപ്പെടുമ്പോൾ നമ്മുടെ സംസ്കാരവും തലമുറയും ധർമങ്ങളുമാണ് താറുമാറാകുന്നത്. സ്വാർത്ഥവും അക്രമവും ഹത്യകളും ലൈംഗികാരാജകത്വങ്ങളും കോളിളക്കുന്ന ദാമ്പത്യരഥ്യയെ സവിശേഷ ശ്രദ്ധാകേന്ദ്രമായിക്കണ്ട് വിശകലനം ചെയ്യുകയാണ് ഈ കുടുംബവർഷത്തിൽ കാരുണികൻ.

# വിശേഷേണ വഹനം വിവാഹം

- വിവാഹം ജീവവസന്തം
- കുടുംബകേന്ദ്രീകൃത അജപാലനം
- വൈകാരികത വിവാഹബന്ധങ്ങളിൽ
- ഒരുക്കവും തുടർപരിശീലനവും അതിപ്രധാനം
- കളിയല്ല കല്യാണം
- വിവാഹമെന്ന കൂദാശയും പ്രണയക്കെണികളും
- ലിംഗഭേദ സങ്കല്പങ്ങളും സംഘർഷങ്ങളും
- സ്നേഹത്തിന്റെ ആനന്ദഭൈരവി

റവ. ഡോ. സ്കറിയാ കന്യാകോണിൽ
റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ
ഡോ. അലക്സ് ജോർജ്
റവ. ഡോ. ജോസഫ് എഴുമയിൽ
ജോൺസൺ പൂവന്തുരുത്ത്
വിനോദ് നെല്ലയ്ക്കൽ
നിഷ ജോസ്
മുഹ്സിന നൂറുൽ അമീൻ
സീമ പ്രിയ
തോമസ് കെ. സ്റ്റീഫൻ
പി. വി. ആൽബി
ഡോ. വിനിത കെ.എൽ
ജോർജ് എഫ് സേവ്യർ വലിയവീട്
അഡ്വ. രെഞ്ചു സെബാസ്റ്റ്യൻ
ജോൺസൺ ഫെർണാണ്ടസ്
കൃഷ്ണമ്മ കെ.ബി

# വിവാഹം ജീവവസന്തം



റവ. ഡോ. സ്കറിയാ കന്യാകോണിൽ
*റെക്ടർ, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ*

**ഭൂമിയിൽ മനുഷ്യവംശം നിലനിൽക്കേണ്ടത് അനിവാര്യമാണ്. പ്രപഞ്ചത്തിൽ നിറഞ്ഞുപെരുകാനുള്ള സ്രഷ്ടാവിന്റെ ആഹ്വാനത്തിന് സാക്ഷ്യമേകുന്നത് സ്ത്രീയും പുരുഷനും വിവാഹത്തിലൂടെ അർപ്പിതരായി സന്താനോത്പാദനം നടത്തുമ്പോഴാണ്. വിവാഹം ജീവോത്പാദനത്തിലേക്ക് തുറന്നിരിക്കണമെന്ന യാഥാർത്ഥ്യത്തെ അപഗ്രഥിക്കുകയാണ് ലേഖകൻ.**

സമൂഹത്തിന്റെ നിലനിൽപ്പിന് കുഞ്ഞുങ്ങൾ അനിവാര്യമാണ്. കുഞ്ഞുങ്ങൾ ഇല്ലെങ്കിൽ കുടുംബവും സമൂഹവും ഇല്ലാതാകും. കുഞ്ഞുങ്ങൾക്ക് ജന്മം നൽകാത്തതുകൊണ്ട് അന്യം നിന്നുപോയ ചില സമൂഹങ്ങളുമുണ്ട്. വിവാഹത്തിലൂടെയാണ് കുഞ്ഞുങ്ങൾക്ക് ജന്മം നൽകേണ്ടത്. ജന്മം നൽകാൻ കഴിവുള്ള ദമ്പതികൾ മനഃപൂർവം അതു വേണ്ടെന്നുവയ്ക്കുന്നത് ഗൗരവമായ തിന്മയാണ് (*veritatis splendor - സത്യത്തിന്റെ പ്രഭ* 80).

## മരണസംസ്കാരം

ഭൗതികതയുടെയും സുഖഭോഗാസക്തിയുടെയും പ്രയോജനവാദത്തിന്റെയും ഒഴുക്കിൽപ്പെട്ടവർ, ഇന്ന് മനുഷ്യജീവന് പ്രത്യുത്പാദനം നടത്തേണ്ട ആവശ്യകതയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുന്നില്ല. സ്വന്തം ഇഷ്ടമനുസരിച്ച് ജീവനെ എന്തും ചെയ്യാമെന്ന ചിന്ത വ്യാപകമായിക്കൊണ്ടിരിക്കുന്നു. വിപണിയിൽ ഉപഭോഗവസ്തുക്കൾ തെരഞ്ഞെടുക്കുന്നതിന് ആധാരമാക്കുന്ന മാനദണ്ഡങ്ങൾ ജീവന്റെ തെരഞ്ഞെടുപ്പിലും നടത്തുന്നു. ഇവിടെ ഗുണത്തിനും പ്രയോജനത്തിനുമാണ് മുൻതൂക്കം. ഇതിന്റെ ഫലമായി മനുഷ്യജീവൻ വലിയ വെല്ലുവിളി നേരിടുന്നു. ജീവനെതിരായ കുറ്റകൃത്യങ്ങൾ, ആക്രമണങ്ങൾ മുതലായവ പൊതുജനാഭിപ്രായത്തിന്റെയും തത്ത്വചിന്തകളുടെയും അടിസ്ഥാനത്തിൽ നീതികരിക്കപ്പെടുന്നു. വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് മനുഷ്യജീവനെ സംബന്ധിച്ച് ഇന്നുള്ളത്. വൈദ്യശാസ്ത്രത്തിലെ ചില സാങ്കേതിക വിദ്യകളും ജീവനെ നശിപ്പിക്കുന്നവയാണ്. കൂടാതെ, ജീവനെ സംരക്ഷിക്കേണ്ട അവസരത്തിൽ നിസ്സംഗതയാണ് ചിലരെ പിൻതുടരുന്നത്.

കുഞ്ഞുങ്ങൾ വേണ്ട, സ്നേഹവും സഹവാസവും മാത്രം മതിയെന്ന ലക്ഷ്യത്തോടെ വിവാഹം കഴിക്കുന്നവരും ഇന്നു വിരളമല്ല. സ്വവർഗവിവാഹം ജീവന്റെ സമൃദ്ധിക്ക് എതിരായ ഒരു പ്രവൃത്തിയാണ്. മറ്റൊരു കാര്യം സാമ്പത്തിക, സാമൂഹിക, ശാരീരിക പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിലും കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ താൽപര്യമില്ലാത്ത ദമ്പതികളും ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. കുഞ്ഞുങ്ങൾ തങ്ങളുടെ തൊഴിലിന് തടസ്സമായി നിൽക്കുന്നുവെന്ന് ചിന്തിക്കുന്നവരും പ്രചരിപ്പിക്കുന്നവരും ഉണ്ട്. കുഞ്ഞുങ്ങളുടെ എണ്ണം കൂടിയാൽ വിദ്യാഭ്യാസചെലവും മറ്റു ചെലവുകളും കൂടുമെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് ജീവന്റെ കാര്യത്തിൽ ഒരു തുറന്ന മനസ്സാണ്.

## കുറയുന്ന ജനസംഖ്യ

ജനസംഖ്യ കുറയുന്നതിനെക്കുറിച്ച് കത്തോലിക്കാസഭക്ക് വലിയ ആശങ്കയുണ്ട്. ജനസംഖ്യാവർധനവിനെക്കുറിച്ച് തെറ്റായ വാദഗതിയാണ് നിലനില്ക്കുന്നത്. ജനപ്പെരുപ്പം ഒരിക്കലും ദാരിദ്ര്യമോ, ശുദ്ധജല ദൗർലഭ്യമോ, സാമ്പത്തിക മാന്ദ്യമോ, ആഗോളതപനമോ, വനനശീകരണമോ, ആഭ്യന്തര കലാപങ്ങളോ ഉണ്ടാക്കുന്നില്ല. ലോകജനസംഖ്യാനിരക്ക് കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുന്നു. ജനസംഖ്യ കുറക്കാൻ ചില സമ്പന്നരാജ്യങ്ങളും കുത്തക സിനിമകളും രഹസ്യപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ ജനസംഖ്യാവർധനവിന് തടയിടുന്നതാണ് വ്യവസായവത്ക്കരണം, ലൈംഗിക വിപ്ലവം, അമിത ജനസംഖ്യയെക്കുറിച്ചുള്ള ഭയം തുടങ്ങിയവ. ചില രാജ്യങ്ങൾ നിർബന്ധിച്ച് വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതും ഗർഭനിരോധനമാർഗങ്ങൾ ഉപയോഗിക്കാൻ നിർബന്ധിപ്പിക്കുന്നതും ഗർഭഛിദ്രം നടത്താൻ പ്രോത്സാഹിപ്പിക്കുന്നതും ജീവന്റെ സമൃദ്ധിക്ക് എതിരായ പ്രവൃത്തികളാണ്. വന്ധ്യംകരണത്തിനും ഗർഭഛിദ്രത്തിനും സാമ്പത്തിക സഹായം നൽകുന്നത് ജീവനെതിരായ പ്രവൃത്തികളാണ്.

## വിവാഹം: ജീവദായകം

ദാമ്പത്യബന്ധം വിവാഹത്തിന്റെ ഹൃദയമാണ്. ഇതിന് എപ്പോഴും പ്രത്യുല്പാദനപരമായ അർത്ഥവും സ്നേഹത്തിൽ ഒന്നാവുക എന്നർത്ഥവുമാണുള്ളത്. ഇത് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒന്ന് മറ്റൊന്നാൽ മാറ്റപ്പെടുക സാധ്യമല്ല; രണ്ടിനും തുല്യപ്രാധാന്യമാണുള്ളത് *(സഭ ആധുനിക ലോകത്തിൽ, 51).*

ദാമ്പത്യബന്ധത്തിന്റെ ജീവദായകമെന്ന അർത്ഥം ബൈബിൾ അധിഷ്ഠിതമാണ് (ഉത്പ 4:1; 1 സാമു 1 : 5–12). ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ അബ്രാഹത്തിന്റെ സന്താനപരമ്പര വർധിക്കണമെന്നത് (ഉത്പ 15:5) ഇതിലേക്ക് വിരൽ ചൂണ്ടുന്നതാണ്. സന്താനോല്പാദനം സ്വഭാവികമായും ഏറ്റവും പ്രധാനപ്പെട്ടതുമായ ലക്ഷ്യമാണെന്ന് സഭാപിതാവായ അഗസ്റ്റിൻ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്.

ശരീരത്തെ പൂർണമായി ദാമ്പത്യബന്ധത്തിൽ കൊടുത്തുകഴിയുമ്പോൾ മനുഷ്യജീവനുണ്ടാകാനുള്ള സാധ്യതയുണ്ട്. ഒരാളുടെ ജനനം എന്നുപറയുന്നത് ഒരു മനുഷ്യപ്രവൃത്തികൂടിയാണ്. ഇത് പൂർണമായ അറിവോടും സമ്മതത്തോടുംകൂടെ നടത്തേണ്ടതാണ്. ശാരീരികമായ പരിണതഫലത്തെ മാത്രം



ആശ്രയിച്ചല്ല ഒരാളുടെ ജനനം നടക്കുന്നത്. ദമ്പതികൾ തെരഞ്ഞെടുക്കുന്ന ഒരു പ്രവൃത്തിയുടെ ഫലമാണ് ജനനം. ദമ്പതികൾ ആദ്യംചെയ്യുന്നത് സ്വന്തം ശരീരം പരസ്പരം കൊടുക്കുന്നു. ഈ കൊടുക്കലിൽ ദമ്പതികളുടെ മനഃസാക്ഷിക്ക് അറിയാം ഈ പ്രവൃത്തിക്ക് അതിൽതന്നെയും അതിൽനിന്നും കുട്ടികൾക്ക് ജന്മം നൽകാനുള്ള ഒരു അർത്ഥം ഉണ്ടെന്ന്. അതുകൊണ്ട് ജനനം എപ്പോഴും ആത്മദാനം ചെയ്യുന്നതിൽ സ്വാഭാവികമായി അടങ്ങിയിരിക്കുന്നതാണ്. സ്വയം ദാനം ചെയ്യുന്ന ദമ്പതികളുടെ ശരീരം ദൈവത്തിന്റെ ആലയങ്ങളായിത്തീരുന്നു. അവിടെ ദൈവത്തിന്റെ സൃഷ്ടികർമ്മം നടക്കണം.

ഗർഭാവസ്ഥ പ്രയാസമുള്ളതാണെങ്കിലും അത് വിസ്മയനീയമായ ഒരു സമയമാണ്. മാതൃത്വം പുതിയൊരു മനുഷ്യജീവനെ ഗർഭത്തിൽ ധരിക്കാനും അതിനെ ജനിപ്പിക്കാനുള്ളതുമാണ്. ഓരോ സ്ത്രീയും ഓരോ കുഞ്ഞിന്റെ ജനനത്തിലും നവീകരിക്കപ്പെടുന്ന സൃഷ്ടിരഹസ്യത്തിലാണ് പങ്കുചേരുന്നത്. ഫ്രാൻസിസ് പാപ്പ പറയുന്നു: "അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന ഓരോ ശിശുവും ദൈവപിതാവിന്റെ സ്നേഹപൂർണമായ ശാശ്വതപദ്ധതിയുടെ ഭാഗമാണ്" *(സ്നേഹത്തിൽ സന്തോഷം, 165).* ഒരു ഗർഭിണിക്ക് തന്റെ ശിശുവിനെ സ്വപ്നം കണ്ടുകൊണ്ട് ദൈവത്തിന്റെ പദ്ധതിയിൽ പങ്കുചേരാം. ഫ്രാൻസിസ് പാപ്പയുടെ അഭിപ്രായത്തിൽ സ്വപ്നങ്ങൾ കൂടാതെ നിങ്ങൾക്ക് ഒരു കുടുംബമുണ്ടായിരിക്കാൻ സാധിക്കുകയില്ല. ഒരു കുടുംബത്തിന് സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെട്ടാൽ കുട്ടികൾ വളരുകയില്ല, സ്നേഹം വളരുകയില്ല. ജീവൻ ചുക്കി ചുളുങ്ങുകയും മൃതമാവുകയുംചെയ്യും *(സ്നേഹത്തിൽ സന്തോഷം ,169).* ഗർഭിണിയായ ഒരു സ്ത്രീക്ക് പരിശുദ്ധ അമ്മയെപ്പോലെ സന്തോഷിക്കാൻ കഴിയണം. ചുരുക്കത്തിൽ വിവാഹത്തിന്റെ ജീവദായകമെന്ന ലക്ഷ്യത്തെ പ്രോത്സാഹിപ്പിക്കാൻ ദമ്പതികൾക്ക് ഉത്തരവാദിത്വമുണ്ട്.

> കുഞ്ഞുങ്ങളുടെ എണ്ണം കുറഞ്ഞത് സാമ്പത്തികമായി സമൂഹത്തെയും കുടുംബങ്ങളെയും ബാധിച്ചു. പണ്ട് പലരാണ് കുടുംബത്തെ സഹായിച്ചിരുന്നതെങ്കിൽ ഇന്ന് അത് ഏതാനും പേരിലേക്കായി ചുരുങ്ങി. കൂടാതെ പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള വിളികൾ കുറഞ്ഞു. ഇത് മതാത്മക വിശ്വാസത്തെതന്നെയാണ് ബാധിക്കുന്നത്.

## ജീവന്റെ സമൃദ്ധി: സമൂഹത്തിന്റെ അടിത്തറ

ജനസംഖ്യാവർധനവിന്റെ കുറവ് സമൂഹത്തെ പ്രത്യേകിച്ച് ക്രൈസ്തവ സമൂഹത്തെ പല രീതിയിലാണ് ബാധിക്കുന്നത്. പല കുടുംബങ്ങളിലും കുഞ്ഞുങ്ങളുടെ എണ്ണം കുറഞ്ഞു. ഇതുകാരണം പ്രായമായ മാതാപിതാക്കന്മാർ ഒറ്റപ്പെട്ടാണ് കഴിയുന്നത്. പലപ്പോഴും കുടുംബങ്ങളിൽ സഹായിക്കാൻ ആരുമില്ല. ഒന്നോ രണ്ടോ മക്കളായിരിക്കാം ഉള്ളത്. അവർ മിക്കവാറും മാതാപിതാക്കളിൽനിന്നും അകലെയായിരിക്കും കഴിയുന്നത്. കൃഷിക്കും വ്യവസായത്തിനും ആളുകളെ കിട്ടാതായി. കുഞ്ഞുങ്ങളുടെ എണ്ണം കുറഞ്ഞത് സാമ്പത്തികമായും സമൂഹത്തെയും കുടുംബങ്ങളെയും ബാധിച്ചു. പണ്ട് പലരാണ് കുടുംബത്തെ സഹായിച്ചിരുന്നതെങ്കിൽ ഇന്ന് അത് ഏതാനും പേരിലേക്കായി ചുരുങ്ങി. കൂടാതെ പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള വിളികൾ കുറഞ്ഞു. ഇത് മതാത്മക വിശ്വാസത്തെതന്നെയാണ് ബാധിക്കുന്നത്. ജീവന്റെ സമൃദ്ധി ഇന്നുമില്ലെങ്കിൽ സമൂഹത്തിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കുമെന്നത് പകൽപോലെ സത്യമാണ്.

## ഉപസംഹാരം

ജീവോല്പാദനത്തിലേക്ക് തുറന്നിരിക്കുന്ന വിവാഹം പല രീതിയിലാണ് വെല്ലുവിളികൾ നേരിടുന്നുവെന്നത് നാം കണ്ടുകഴിഞ്ഞു. ഗർഭനിരോധന മാർഗങ്ങളും ഗർഭഛിദ്രവും കുഞ്ഞുങ്ങൾ ഒരിക്കലും വേണ്ടായെന്ന മനോഭാവവും വിവാഹത്തിന്റെ ജീവദായകമെന്ന അർത്ഥത്തെ മാറ്റിനിർത്തുന്നതാണ്. ഉത്തരവാദിത്വപൂർണമായ മാതൃത്വവും പിതൃത്വവും ഉൾക്കൊണ്ട് വലിയ കുടുംബങ്ങൾക്ക് ജന്മംനൽകാൻ ദമ്പതികൾക്ക് ഉത്തരവാദിത്വമുണ്ട്. കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമ്പോൾ ജീവനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും സംരക്ഷിക്കുകയുമാണ് ചെയ്യുന്നത്. എല്ലാറ്റിലും ഉപരിയായി ജീവന്റെ സംസ്കാരമാണ് നാം സമൂഹത്തിൽ സൃഷ്ടിക്കേണ്ടത്. ■

# കുടുംബകേന്ദ്രീകൃത അജപാലനം



റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ
*പ്രൊഫസർ, സെന്റ് മേരീസ് മലങ്കര സെമിനാരി, തിരുവനന്തപുരം*

**കുടുംബകേന്ദ്രീകൃതമായ അജപാലനദർശനം സർവോപരി അനിവാര്യമായ ഒരു കാലഘട്ടമാണിത്. കൗദാശികജീവിതത്തിന്റെ കൂട്ടായ്മയെ സാമൂഹിക അകലത്തിലാക്കിയിരിക്കുമ്പോൾ, വിശ്വാസസംരക്ഷണത്തിനും പരിശീലനത്തിനും കുടുംബങ്ങൾ വേദിയായി മാറേണ്ടിയിരിക്കുന്നുവെന്ന പ്രായോഗികതയെ പ്രസ്പഷ്ടമാക്കുകയാണ് ലേഖകൻ.**

സാമൂഹിക മാധ്യമങ്ങളിലൂടെ ക്രിയാത്മകവും നിഷേധാത്മകവുമായ അനേകം ദൃശ്യങ്ങളും പ്രസംഗങ്ങളും രചനകളും നമ്മുടെ ശ്രദ്ധയിലേക്ക് എത്തുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. കോവിഡുകാലത്ത് ദൈവാലയങ്ങൾ പൂർണമായി അടയ്ക്കപ്പെട്ട സമയത്ത് എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കുറിപ്പ് മറക്കാനാവുന്നില്ല. 'ദൈവാലയങ്ങൾ അടയ്ക്കപ്പെട്ടാലെന്ത്? അവയുടെ സ്ഥാനത്ത് ആയിരമായിരം ഭവനങ്ങൾ ദൈവാലയങ്ങളായി തീർന്നില്ലേ!' അൽപംകൂടി ഭാവാത്മകമായി (positive) പറഞ്ഞാൽ കോവിഡ് മഹാമാരിയുടെകാലത്ത് നമ്മുടെ എല്ലാ ഭവനങ്ങളും ദൈവാലയങ്ങളായി പരിണമിച്ചു എന്നാണ് രചയിതാവ് വിവക്ഷിച്ചിരിക്കുന്നത്. എല്ലാ ഭവനങ്ങളും വചനപ്രഘോഷണത്തിനും പ്രാർത്ഥനയ്ക്കും കൂടുതൽ സമയം കണ്ടെത്തുന്നു. ഇടവകാംഗങ്ങളുമായി സംസാരിക്കുമ്പോൾ എനിക്ക് അറിയാൻ കഴിയുന്നു, ദിവസവും ഒന്നിൽ കൂടുതൽ വിശുദ്ധ കുർബാനകൾ ഓൺലൈനിൽ കാണുന്നവരുണ്ട്; അതുപോലെ വചനപ്രഘോഷണത്തിൽ പങ്കെടുക്കുന്നവരുമുണ്ട്. എന്റെ ചുമതലയിലുള്ള പട്ടം സെന്റ്മേരീസ് കത്തീഡ്രലിൽ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈനായി പള്ളിയിലെ അധ്യാപകർതന്നെയാണ് എടുക്കുന്നത്. അതിന് മുൻകാലഘട്ടത്തിലെക്കാൾ മാതാപിതാക്കളുടെ സഹകരണം ഉണ്ട് എന്നത് പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു.

ദൈവാലയത്തിൽ നടന്നിരുന്ന വിശ്വാസപരിശീലനം പ്രധാനമായും മാതാപിതാക്കളുടെ ചുമതലയിലും ശ്രദ്ധയിലും ഇന്ന് ഭവനങ്ങളിൽതന്നെ നടക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന്റെ ആവശ്യകതയെക്കുറിച്ച് വർധിതമായ ശ്രദ്ധ കൈവന്നിരിക്കുന്നു. ദൈവാലയത്തിലെത്തി വിശുദ്ധ കുർബാനയിൽ പങ്കെടുത്തും മതബോധന ക്ലാസ്സിൽ കുട്ടികളെ പങ്കെടുപ്പിച്ചും തൃപ്തിയടഞ്ഞവർക്ക് മാതാപിതാക്കളെന്ന നിലയിൽ അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് കൂടുതൽ ബോധ്യമുണ്ടായിക്കൊണ്ടിരിക്കുന്നു. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ, മക്കളുടെ സർവതോമുഖമായ പരിശീലനവും രൂപീകരണവും പ്രധാനമായും തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് മാതാപിതാക്കൾ തിരിച്ചറിയുന്നു എന്നത് വളരെയേറെ സ്വാഗതാർഹമായ കാര്യമാണ്.

## കുടുംബം- ഗാർഹികസഭ

രണ്ടാം വത്തിക്കാൻ സൂനഹദോസും (*തിരുസഭ, 11, സഭ ആധുനിക ലോകത്തിൽ*, 52.1), കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥവും (*ഖണ്ഡിക,* 2204), വിശുദ്ധ ജോൺപോൺ രണ്ടാമൻ പാപ്പയുടെ കുടുംബ കൂട്ടായ്മ (*ഫമിലിയാരിസ് കൊൺസോർസിയോ,* 21) എന്ന അപ്പസ്തോലിക പ്രബോധനവും കുടുംബത്തെ 'ഗാർഹികസഭ' എന്ന് വിശേഷിപ്പിക്കുകയും കുട്ടികളുടെ വിശ്വാസ, ആത്മീയ, ധാർമിക പരിശീലനത്തിൽ മാതാപിതാക്കളുടെ ഒഴിവാക്കാനാവാത്ത പങ്കിനെപ്പറ്റി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. മതബോധനഗ്രന്ഥത്തിലെ വാക്കുകൾ ശ്രദ്ധേയമാണ്: ക്രൈസ്തവകുടുംബം സഭാത്മക കൂട്ടായ്മയുടെ സവിശേഷമായ പ്രദർശനവും സാക്ഷാത്കാരവുമാണ്. ഇക്കാരണത്താൽ അത് ഗാർഹികസഭ എന്നു



വിളിക്കപ്പെടണം. അത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ഒരു സമൂഹമാണ്. പുതിയനിയമത്തിൽ വ്യക്തമായി കാണുന്നതുപോലെ അതിനു സഭയിൽ അതുല്യമായ ഒരു സ്ഥാനമുണ്ട് (2204).

## കുടുംബകേന്ദ്രീകൃത വിശ്വാസജീവിതം ആദിമസഭയിൽ

കുടുംബത്തിന്റെ സവിശേഷസ്ഥാനം ഉയർത്തിക്കാട്ടുന്ന പ്രബോധനം പുതിയതായി സഭ നൽകിയ ഒന്നായി ചിലരെങ്കിലും കരുതുന്നുണ്ട് എന്നു തോന്നുന്നു. എന്നാൽ യാഥാർത്ഥ്യം അങ്ങനെയല്ല. അപ്പസ്തോലപ്രവർത്തനങ്ങൾ നമുക്കു നൽകുന്നത് കുടുംബകേന്ദ്രീകൃതമായ പ്രാർത്ഥന, വചനപ്രഘോഷണം, അപ്പം മുറിക്കൽ, അപ്പസ്തോലപ്രബോധനം ഇവയെ സംബന്ധിച്ച അറിവാണ് (അപ്പ 2:43-47). ദൈവജനം മുഴുവൻ സുവിശേഷത്തിന് സാക്ഷികളാകുന്ന സംഭവങ്ങളാണ് അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം കാണുന്നത്. പിതാക്കന്മാരുടെ പ്രബോധനങ്ങളിൽ സഭയുടെ പ്രാരംഭംമുതൽ പിതാക്കന്മാർ കുടുംബത്തിന്റെ സഭാത്മക, സുവിശേഷാത്മക ദൗത്യം ഉയർത്തിക്കാട്ടിയിരുന്നു. രണ്ടാം നൂറ്റാണ്ടിൽ അലക്സാൻഡ്രിയായിലെ വിശുദ്ധ ക്ലെമന്റ് (എ.ഡി 150-215) 'ക്രിസ്തുകേന്ദ്രീകൃതമായ കുടുംബം കുടുംബസഭയായി പരിണമിക്കുന്നു' എന്ന് എഴുതിയിട്ടുണ്ട്. നാലാം നൂറ്റാണ്ടിൽ വിശുദ്ധ ജോൺ ക്രിസോസ്റ്റം (347-407), ഭവനം ഒരു ചെറിയ സഭയാണ് (*micra ecclesia*) എന്ന് പ്രബോധനം നൽകിയിട്ടുണ്ട്. വിശുദ്ധ അഗസ്തീനോസ് (354-430) വളരെ വ്യക്തമായി കുടുംബത്തെ ഗാർഹികസഭ (*Domestic Church, Household Church*) എന്ന് സംബോധന ചെയ്തിട്ടുണ്ട്. വിശുദ്ധ ജറോമും മഹാനായ ഗ്രിഗറി പാപ്പയും സുപ്രധാനമായ ഇതേ വിശ്വാസദർശനം നൽകിയിട്ടുണ്ട്. സഭ നൂറ്റാണ്ടുകളായി പഠിപ്പിക്കുന്ന ഈ ദർശനം വിശ്വാസികൾ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത്? ഹയരാർക്കി കേന്ദ്രീകൃതമായ സഭയെക്കുറിച്ചു മാത്രമല്ലേ സഭ എന്ന്, അല്മായ വിശ്വാസികളും ഒരുപക്ഷേ, സഭ പൊതുവായും മനസ്സിലാക്കുന്നുള്ളൂ? ഗാർഹികസഭ എന്ന മഹത്തരമായ സങ്കല്പവും (*Concept*) യാഥാർത്ഥ്യവും വിശ്വാസദർശനത്തിൽനിന്ന് എങ്ങനെ നഷ്ടമായി? രണ്ടാം വത്തിക്കാൻ സൂനഹദോസ് മുതൽ ഗാർഹികസഭ എന്ന യാഥാർത്ഥ്യവും കുടുംബങ്ങളിലൂടെ നടക്കേണ്ട അജപാലന ശുശ്രൂഷയും സഭയിലേക്കു കൂടുതൽ മികവോടെ വന്നെങ്കിലും ഇനിയും അത് പൂർണമായി ശക്തി പ്രാപിക്കേണ്ടിയിരിക്കുന്നു.

## വഴിമാറി ഒഴുകിയപ്പോൾ

ചരിത്രം സാക്ഷിക്കുന്നതുപോലെ ദൈവാലയങ്ങൾ ഉയരുകയും കുടുംബങ്ങൾ ചേർന്ന് ഇടവകകളും ഇടവകകൾ ചേർന്ന് രൂപതകളും രൂപീകൃതമാവുകയും ചെയ്തതോടെ കുടുംബകേന്ദ്രീകൃതമായ വിശ്വാസപരിശീലനവും അജപാലനശ്രദ്ധയും നഷ്ടപ്പെട്ടുതുടങ്ങി. വിശ്വാസസംബന്ധിയായ എല്ലാ പരിശീലനവും ദൈവാലയകേന്ദ്രീകൃതമായി. ഒരുപക്ഷേ, കുടുംബപ്രാർത്ഥന പ്രായേണ പാശ്ചാത്യരാജ്യങ്ങളിൽ അപ്രത്യക്ഷമായി.

കേരള ക്രൈസ്തവരുടെ ഇടയിൽത്തന്നെ കുടുംബപ്രാർത്ഥന എന്നത് പുത്തൻകൂർ വിഭാഗങ്ങളിലുണ്ടായിരുന്നു. കുടുംബങ്ങൾ ചേർന്ന് പ്രാർത്ഥനാഗ്രൂപ്പുകളും നിലവിലിരുന്നു. വെള്ളിയാഴ്ചതോറും ഏതെങ്കിലും ഭവനത്തിൽ വനിതകൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്ന രീതി അന്നും ഇപ്പോഴും അകത്തോലിക്കാ സഭാവിഭാഗങ്ങളിലുണ്ട്. പ്രൊട്ടസ്റ്റന്റ് മിഷണറിമാർ മലയാളത്തിൽ ലഭ്യമാക്കിയ വിശുദ്ധ ഗ്രന്ഥവും പുത്തൻകൂർ ഭവനങ്ങളിൽ ഉണ്ടായിരുന്നു. കത്തോലിക്കാവിഭാഗങ്ങളിൽ ജപമാലപോ

ലെയുള്ള ഭക്താനുഷ്ഠാനങ്ങളിൽ കുടുംബപ്രാർത്ഥന ഒതുങ്ങിനിന്നു. വിശുദ്ധഗ്രന്ഥം പ്രാദേശിക ഭാഷകളിൽ (*Vernacular*) ലഭ്യമായിരുന്നില്ല. 1970-ൽ ലഭ്യമായ ഫാ. തോമസ് മൂത്തേടന്റെ *വുൾഗാത്ത* യുടെ തർജമയാണ് കേരള കത്തോലിക്കർക്ക് ലഭ്യമായ ആദ്യത്തെ സമ്പൂർണ ബൈബിൾ. പി.ഒ.സി.യിൽ നിന്ന് സമ്പൂർണ ബൈബിൾ ലഭ്യമാകുന്നത് 1981-ലാണ്. കർമലീത്താ വൈദികനായ മാണിക്കത്തനാരുടെ *പ്ശീത്താ*യുടെ പുതിയനിയമ തർജമയെ വിസ്മരിക്കാനാവില്ല. ഇക്കാരണത്താലൊക്കെ ദൈവവചനത്തിന്റെ ശ്രവണത്തിന്റെയും വ്യാഖ്യാനത്തിന്റെയും ഏകകേന്ദ്രം ദൈവാലയമായി പരിണമിച്ചു. വൈദികൻ മാത്രമായി അജപാലനത്തിന്റെ ഏക അധികാരിയും വക്താവും. വിശ്വാസവും മൂല്യങ്ങളും തലമുറകളിലൂടെ കൈമാറി എന്ന് കേരളക്രൈസ്തവർ അവകാശപ്പെടുന്നുണ്ടെങ്കിലും വിശ്വാസത്തിനും മൂല്യങ്ങൾക്കും ആധികാരികത നൽകാനോ വിശകലനം നൽകാനോ തക്കതായ അറിവ് അല്മായ വിശ്വാസികൾക്ക് ലഭ്യമായിരുന്നില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

## ഹയരാർക്കി ചെയ്യേണ്ടത്

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാലംമുതൽ അല്മായ വിശ്വാസികൾക്ക് വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും കുറെക്കൂടെ ആഴമായ ഉദ്ബോധനത്തിനുള്ള സാഹചര്യം ഉളവായി. വിശുദ്ധ ഗ്രന്ഥത്തിന്റെ വർധമാനമായ ലഭ്യതയും അതിന്റെ പഠനത്തിനുള്ള സാധ്യതയും വിശ്വാസികളുടെ ആത്മീയജീവിതത്തിൽ ഗുണപരമായ മാറ്റം ഉളവാക്കി. വിശുദ്ധഗ്രന്ഥാടിസ്ഥിതമായ ധ്യാനയോഗങ്ങളും കൺവെൻഷനുകളും ദൈവാലയങ്ങളിൽ സാധാരണമായി. ധ്യാനകേന്ദ്രങ്ങളുടെ ആവിർഭാവത്തോടെ ദൈവജനം കൂടുതലായ ആത്മീയ ഉണർവിലേക്ക് വന്നു. ഇടവക കൂട്ടായ്മകളിൽ ഭവനങ്ങളെ പ്രാർത്ഥനാഗ്രൂപ്പുകളായി വിഭജിച്ച് ഭവനങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥന നടത്തുന്ന വളരെ നല്ല രീതി നിലവിൽവന്നു. പ്രത്യേകിച്ച്, വലിയ ഇടവകകളിൽ, കൂട്ടായ്മാബോധം ശക്തമാക്കാൻ പ്രാർത്ഥനാഗ്രൂപ്പുകൾ സഹായകരമാണ്. പക്ഷേ, ഈ മാറ്റങ്ങളുടെ എല്ലാ നല്ല വശങ്ങളെയും നിഷേധിക്കാതെതന്നെ ഹയരാർക്കിയും വൈദികരും ഇനിയും ശ്രദ്ധ ചെലുത്തേണ്ട മേഖലകളുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു. സഭയുടെ അജപാലനശുശ്രൂഷ കൂടുതൽ കുടുംബകേന്ദ്രീകൃതമാകേണ്ടിയിരിക്കുന്നു. കുടുംബങ്ങളെ ആത്മീയമായി ശക്തീകരിക്കേണ്ടിയിരിക്കുന്നു.

## വൈദികർ ശ്രദ്ധിക്കേണ്ടത്

കുടുംബങ്ങളിലേക്കും അവയിലെ ഓരോ അംഗത്തിലേക്കുമെത്തുന്ന അജപാലനജാഗ്രത വൈദികർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവപിതാവിന്റെ കാണപ്പെടുന്ന പ്രതിരൂപങ്ങളാണ് ഒരു കുട്ടിയുടെ മുമ്പിൽ അതിന്റെ മാതാവും പിതാവും. സഭാപ്രബോധനം അനുസരിച്ച് ഒരു വ്യക്തിയുടെ ആദ്യത്തെ ദൈവാലയം ഭവനമാണ്. മാതാപിതാക്കളാണ് ഒരു കുട്ടിയുടെ പ്രഥമപുരോഹിതരും പ്രബോധകരും. ഈ വിശ്വാസദർശനം ദമ്പതികളിലേക്ക് പകർന്ന് അവരുടെ ദൗത്യത്തിന് അവരെ പ്രാപ്തരാക്കുക ആവശ്യമാണ്. യുവജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തുന്ന അജപാലനശ്രദ്ധ ഈ കാലഘട്ടത്തിലെ അടിയന്തരമായ ആവശ്യമാണ്. ദൈവാലയകേന്ദ്രീകൃതമായി യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രസ്ഥാനങ്ങളുണ്ടെങ്കിലും അവയൊക്കെ ഒരു ചെറിയ ശതമാനത്തിലേക്കേ എത്തുന്നുള്ളൂ എന്നതല്ലേ വാസ്തവം? മാത്രമല്ല, പുതിയ തലമുറയെ മസ്തിഷ്കക്ഷാളനം നടത്തി നാസ്തികരോ വിശ്വാസനിഷേധകരോ ആക്കുന്ന സാമൂഹിക മാധ്യമകെണികൾ പെരുകിക്കൊണ്ടിരിക്കുകയാണ്. അറിഞ്ഞും അറിയാതെയും ഈ കെണികളിൽ പെടുന്നവർ ഏറെയാണ്.

## കുടുംബപങ്കാളിത്തം അതിപ്രധാനം

പ്രവചനാതീതമായി സംസ്കാരവും ആശയഗതികളും മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവാലയത്തിലേക്ക് എത്തുന്നവരെ മാത്രം കരുതുന്ന അജപാലനശുശ്രൂഷയിൽനിന്ന് ആടുകളെ തേടിപ്പോകുന്ന യേശുവിന്റെ ഇടയസ്വരൂപത്തിലേക്ക് വൈദികർ രൂപാന്തരപ്പെടണം. സാധ്യമായ എല്ലാ നല്ല മാർഗങ്ങളും ഉപയോഗിച്ച് കുടുംബങ്ങളുമായി വൈദികർ നിരന്തരം സംവേദനത്തിൽ ഏർപ്പെടണം. കുടുംബങ്ങളിലേക്ക് ശ്രദ്ധയെത്തുന്ന യേശു മാതൃകയിലുള്ള ഈ രൂപാന്തരീകരണത്തിൽ വൈദികർ മാതാപിതാക്കളെ പങ്കാളികളാക്കണം. കുടുംബങ്ങളിൽ ദൈവകൃപയും ആത്മീയചൈതന്യവും നിറയുന്ന വിശ്വാസത്തിന്റെ കാവൽക്കാരും സംരക്ഷകരുമായി ദൈവജനം മുഴുവൻ പരിണമിക്കുന്ന ഒരു അനുഭവത്തിലേക്ക് സഭ രൂപാന്തരപ്പെടണം. അതിന് പ്രഥമവും പ്രധാനവുമായി ശ്രദ്ധ എത്തേണ്ടത് കുടുംബങ്ങളിലേക്കാണ്. ആത്മീയ സമൃദ്ധി നിറഞ്ഞ കുടുംബങ്ങൾ ഉണ്ടാകട്ടെ! സഭ മഹത്ത്വപൂർണയാകും; സഭാത്മകദർശനം ശക്തിപ്രാപിക്കും; സുവിശേഷത്തിന്റെ പ്രഭയാൽ സമൂഹവും ലോകവും പ്രകാശിതമാകും. ■

# വൈകാരികത വിവാഹബന്ധങ്ങളിൽ



ഡോ. അലക്സ് ജോർജ്
*അസി. പ്രൊഫസർ,
സെന്റ് തോമസ് കോളജ് ഓഫ്
ടീച്ചർ എജ്യുക്കേഷൻ, പാലാ*

**ദമ്പതീജീവിതത്തിന്റെ പരാജയം അവിശ്വസ്തതയും വൈകാരികപക്വതയുടെ രാഹിത്യവുമാണ്. ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ ദർശനങ്ങൾ അനിവാര്യമാണ്. വികാരത്തിളപ്പല്ല; വിവേകലാവണ്യമാണ് ജീവിതത്തെ നയിക്കേണ്ടത്. വിട്ടുവീഴ്ചാമനോഭാവവും ത്യജിക്കാനും പൊറുക്കാനുമുള്ള കഴിവുമുണ്ടാകണം. പ്രശസ്ത മോട്ടിവേഷണൽ ട്രെയിനറും അധ്യാപകനുമായ ലേഖകന്റെ നിരീക്ഷണങ്ങളും വിലയിരുത്തലുകളും.**

സൗഭാഗ്യകരവും സ്നേഹനിർഭരവുമായ ഒരു കുടുംബജീവിതം ദാമ്പത്യത്തിലേക്കു കാലുകുത്തുന്നവരുടെ മോഹമാണ്. ഇത്തരത്തിൽ സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ പ്രതീക്ഷകൾ പൂവണിയാത്ത കുടുംബങ്ങളും വിരളമല്ല.

പ്രശ്നങ്ങളില്ലാത്ത ജീവിതമില്ല. അതിനാൽ പ്രശ്നങ്ങളില്ലാതെ വിവാഹജീവിതവുമില്ല. പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിലല്ല; ഉണ്ടാകുന്ന പ്രശ്നങ്ങൾ ഉടനുടൻ പരിഹരിച്ച് പരസ്പരബന്ധത്തിൽ ഉലച്ചിലുകളുണ്ടാകാതെ സംരക്ഷിക്കാൻ ഇരുവരും ശ്രദ്ധാപൂർവം സൂക്ഷിക്കുന്നതിലാണ് വിവാഹജീവിതത്തിന്റെ വിജയവും ആസ്വാദ്യതയും കുടികൊള്ളുന്നത്.

മനുഷ്യൻ ബുദ്ധിജീവിയാണ്. ഉദാത്തചിന്തകൾ അവനെ മഹത്ത്വമണിയിക്കുന്നു. അതേസമയം അവനൊരു വികാരജീവികൂടിയാണ്. പക്വതയാർന്ന വികാരങ്ങൾ മനുഷ്യജീവിതത്തിന് നിറപ്പകിട്ടും ഓജസ്സും തേജസ്സും പകരുന്നു. സൗന്ദര്യവും ആസ്വാദ്യതയും നൽകുന്നു.

## വികാരം

ഒരു വ്യക്തിയിലുണ്ടാകുന്ന പ്രകോപനാവസ്ഥ, സംഘർഷാവസ്ഥ എന്നൊക്കെ വികാരത്തെ നിർവചിക്കുന്നവരുണ്ട്. മനഃശാസ്ത്രജ്ഞനായ ജയിംസ് കോൾമാന്റെ നിർവചനം ഇപ്രകാരമാണ്: "ബോധപൂർവമായ അനുഭവങ്ങൾ, ആന്തരികമോ ബാഹ്യമോ ആയ പ്രതികരണങ്ങൾ, പ്രവർത്തനത്തിലേക്ക് നയിക്കാനുള്ള ശക്തി എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഭാവങ്ങളുടെ സങ്കീർണാവസ്ഥയാണ് വികാരങ്ങൾ." ജീവിതത്തോടും ജീവിതാനുഭവങ്ങളോടുമുള്ള മനുഷ്യന്റെ പ്രതികരണമാണ് വികാരങ്ങൾ.

വികാരങ്ങളെ ഉചിതമായി നിയന്ത്രിക്കാൻ നമുക്ക് സാധിക്കും. അതിന് ശരിയായ അറിവ് നേടാൻ പരിശ്രമിക്കണം. ബുദ്ധിയും ചിന്തയും ഒത്തുചേർന്ന് പ്രവർത്തി

ക്കണം. സാഹചര്യങ്ങൾക്കനുസരിച്ച് യോജ്യമായ അവസരങ്ങളിൽ ഉചിതമായ രീതിയിൽ വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ട് ചിന്ത ആധിപത്യം സ്ഥാപിക്കണം. യുക്തിരഹിതമായ ചിന്തകൾ അനാരോഗ്യകരമായ വികാരങ്ങൾക്കും പെരുമാറ്റത്തിനും കാരണമായിത്തീരും. അതിനാൽ യുക്തിസഹമായ ചിന്തകൾവഴി വികലമായ വികാരങ്ങളെ ഒഴിവാക്കാം.

## വൈകാരിക പക്വത

വൈകാരിക പക്വത എന്നത് വികാരങ്ങളുടെ വെറും നിയന്ത്രണമല്ല; അതിന്റെ ഉചിതവും ശ്രേഷ്ഠവുമായ വികസനവും സാഹചര്യങ്ങളുമായി ഒത്തുചേർന്നുപോകാനുള്ള കഴിവും ബുദ്ധിമുട്ടുകളിലും കഷ്ടതകളിലും മനസ്സിന്റെ സമനില പാലിക്കാനുള്ള പ്രാപ്തിയുമാണ്. വ്യക്തികൾ തങ്ങളുടെ വികാരങ്ങളെ ആരോഗ്യകരമായ വിധത്തിൽ വളർത്തുകയും വികസിപ്പിക്കുകയും ചെയ്യുക; സന്ദർഭോചിതമായി പ്രകടിപ്പിക്കുക; ഉചിതമായി നിയന്ത്രിക്കുക; ഇവയൊക്കെയാണ് വൈകാരികപക്വതയുടെ ലക്ഷണങ്ങൾ. അതായത്, ശാരീരികം, ബൗദ്ധികം, സാമൂഹികം, ധാർമികം, ആധ്യാത്മികം എന്നീ തലങ്ങളിലുള്ള പക്വതയോട് വൈകാരികപക്വതയും ചേർന്നാണ് നിൽക്കുന്നത്. അന്യരെ ആശ്രയിക്കാതെ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുകയും അനുദിനജീവിതക്ലേശങ്ങളിൽ അടിപതറാതെ മനസ്സിന്റെ സമനില പാലിക്കുകയും ചെയ്യുന്നവർ വൈകാരിക പക്വതയുടെ തലങ്ങളിൽ കഴിയുന്നു എന്നുപറയാം.

കുടുംബജീവിതത്തിൽ വൈകാരികപക്വത പ്രാപിക്കാത്ത വ്യക്തികൾ എപ്പോഴും പ്രശ്നക്കാരായിത്തീരും. നിരന്തരമായ പരിശ്രമവും ശിക്ഷണവും വഴി നേടിയെടുക്കേണ്ടതാണ് വൈകാരിക പക്വത. അതിനു പ്രത്യേകശ്രദ്ധ ആവശ്യമാണ്.

1. ഉചിതവും ശ്രേഷ്ഠവുമായ നിലകളിലാണ് വികാരങ്ങൾ പ്രകടിപ്പിക്കേണ്ടത്. യോജ്യമായ വിധത്തിലും സാഹചര്യത്തിലുമായിരിക്കണം വികാരങ്ങളെ നിയന്ത്രിക്കേണ്ടത്. അവയെ അടിച്ചമർത്തുന്നത് നല്ലതല്ല; അത് മാനസികാരോഗ്യത്തെ ഹനിക്കും. മാനസികാസ്വസ്ഥതകൾക്ക് കാരണമാകുകയും ചെയ്യും. അതിന്റെ ദുരന്തഫലം ശാരീരിക രോഗങ്ങളായും അനുഭവപ്പെടും. ഭയംമൂലം വികാരങ്ങളെ അടിച്ച



**ആധുനികയുഗത്തിൽ
നാനാമുഖമായ
വെല്ലുവിളികൾ നേരിടുന്ന
കുടുംബം ക്രിസ്തീയ
ദർശനങ്ങൾ ഉയർത്തിപ്പിടിച്ചു
മുന്നേറണമെങ്കിൽ
ത്യാഗമനുഷ്ഠിക്കാൻ
തയ്യാറായേ മതിയാവൂ.
അതിന് വീക്ഷണങ്ങളും
കാഴ്ചപ്പാടുകളും
യുക്തിസഹമായിരിക്കണം**

മർത്തുന്നവരുണ്ട്. ക്രമേണ അത് അനഭിലഷണീയവും അനാരോഗ്യകരവുമായ വികാരപ്രകടനങ്ങളായി ത്തീരും.

ഭർത്താവിന്റെ സ്നേഹക്കുറവും അവിശ്വസ്തതയും ഭാര്യയെ മാനസികമായി വിഷമിപ്പിക്കും. കുറെ നാള ത്തേക്ക് അവൾ കോപം മറച്ചുവയ്ക്കുന്നു. അങ്ങനെ മനസ്സ് കലുഷിതമാകും. ഭർത്താവിന്റെ പെരുമാറ്റ ത്തിൽ കാര്യമായ വ്യതിയാനം കാണാതെ വരുമ്പോൾ അവളുടെ അമർഷം ശക്തിപ്പെടും. ക്രമേണ അത് ഏറ്റുമുട്ടലിൽ എത്തിച്ചേരും. പിന്നെ രമ്യതപ്പെടാൻ സാധിക്കാതെവരും. അത് ഭിന്നതയ്ക്കും അകൽച്ചയ് ക്കും കാരണമായിത്തീരുകയാണ് പതിവ്. എന്നാൽ പ്രാരംഭദിനങ്ങളിൽ അനുനയത്തിൽ സമീപിക്കാൻ ഭാര്യയ്ക്ക് സാധിക്കുമായിരുന്നെങ്കിൽ ഭർത്താവിനെ നേർവഴിക്ക് നയിക്കാൻ കഴിയുമായിരുന്നു.

2. വൈകാരിക നിയന്ത്രണം പാലിക്കാൻ സാധി ക്കണമെങ്കിൽ ഒരുവന് ആത്മജ്ഞാനം ആവശ്യമാ ണ്. സ്വന്തം വൈകാരിക ജീവിതത്തെപ്പറ്റി ശരിയായ ഉൾക്കാഴ്ചയും അറിവും ഉണ്ടാകണം. ഓരോരുത്തരു ടെയും വൈകാരിക വികലതകളും പെരുമാറ്റ വൈക ല്യങ്ങളും മറ്റുള്ളവർക്ക് വരുത്തിവയ്ക്കുന്ന വിനകളും അറിയേണ്ടത് ആവശ്യമാണ്. വൈകാരികാനുഭവ ങ്ങളെക്കുറിച്ചുള്ള അജ്ഞതയും അവയെ വേണ്ടരീ തിയിൽ നിയന്ത്രിക്കാനുള്ള കഴിവുകേടും നശീകരണ പ്രവർത്തനങ്ങൾ, രോഗങ്ങൾ മുതലായവയ്ക്ക് കാര ണമാകുന്നു. വികാരം പെരുമാറ്റത്തെ സ്വാധീനിക്കരു ത്; മറിച്ച് പെരുമാറ്റം വികാരങ്ങളെ നിയന്ത്രിക്കണം.

3. സ്വതന്ത്രമായ തീരുമാനങ്ങളോടെ ജീവിക്കാൻ സാധിക്കണം. മാനസികമായ അടിമത്തത്തിൽ കഴി യുന്നത് നന്നല്ല. ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തി യുടെ ഉത്തരവാദിത്വം മറ്റുള്ളവരുടെമേൽ ആരോ പിക്കുന്നതും ശരിയല്ല. ജീവിതത്തിൽ പലപ്പോഴും പ്രതി ബന്ധങ്ങളെയും ക്ലേശങ്ങളെയും വിഷമസന്ധികളെ യും തരണം ചെയ്യേണ്ടിവരും. അങ്ങനെ ഏറ്റുമുട്ടലു കൾ ഉണ്ടാകുന്നതുവഴി ഒരുവൻ പക്വതയിലേക്ക് വള രുകയാണ്.

4. വ്യക്തികളുടെ ശാരീരികാവശ്യങ്ങളും മാനസി കാവശ്യങ്ങളും പൂർത്തീകരിക്കപ്പെടണം. ആവശ്യ ങ്ങൾ പൂർത്തീകരിക്കപ്പെടാതെ വരുമ്പോഴാണ് വികാ രങ്ങൾ തീവ്രമായി അനുഭവപ്പെടുന്നത്. സ്നേഹം, സുരക്ഷിതത്വം, അംഗീകാരം തുടങ്ങിയവ ലഭിക്കു ന്നവർ പൊതുവേ സന്തോഷവും സംതൃപ്തിയും ആ ത്മവിശ്വാസവും ഉള്ളവരായിരിക്കും. ഭയത്തിലും ആശ ങ്കയിലും കഴിയുന്നവർക്ക് തിരസ്കരണവും വെറുപ്പു മായിരിക്കും എല്ലാ രംഗത്തും കിട്ടിയിട്ടുള്ളത്.

5. വീക്ഷണങ്ങളും കാഴ്ചപ്പാടുകളും യുക്തിസ ഹമായിരിക്കണം. ഓരോരുത്തരും വച്ചുപുലർത്തുന്ന യുക്തിരഹിതമായ കാഴ്ചപ്പാടുകളും ജീവിതവീക്ഷണ ങ്ങളും അനാരോഗ്യകരമായ വികാരങ്ങൾക്ക് കാരണ മായിത്തീരും. എന്നാൽ ആരോഗ്യകരമായ ചിന്തകൾ പക്വമായ വികാരങ്ങൾക്കും പെരുമാറ്റങ്ങൾക്കും വ്യക്തിത്വവികസനത്തിനും സഹായകരമാണ്.

ദൈവത്തിന്റെ അനന്തമായ സ്നേഹത്തിൽ ഓരോ വ്യക്തിയെക്കുറിച്ചും അവിടുത്തേക്കുള്ള നി ത്യമായ പദ്ധതിപ്രകാരം നൽകപ്പെടുന്ന വിളിക്കുള്ള പ്ര ത്യുത്തരം എന്ന നിലയിൽ ജീവിതത്തെ കാണുമ്പോൾ കുടുംബജീവിതത്തിന്റെ മഹിമ നമുക്കു മനസ്സിലാ കും. ആധുനികയുഗത്തിൽ നാനാമുഖമായ വെല്ലു വിളികൾ നേരിടുന്ന കുടുംബം ക്രിസ്തീയദർശന ങ്ങൾ ഉയർത്തിപ്പിടിച്ചു മുന്നേറണമെങ്കിൽ ത്യാഗമ നുഷ്ഠിക്കാൻ തയ്യാറായേ മതിയാവൂ. സുവിശേഷമൂ ല്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന കുടുംബങ്ങളാണ് സഭയുടെ ഏറ്റവും വലിയ സമ്പത്ത്. ■

# ഒരുക്കവും തുടർപരിശീലനവും അതിപ്രധാനം



റവ. ഡോ. ജോസഫ് എഴുമയിൽ
*സ്പിരിച്ചൽ ഡയറക്ടർ, ജീസസ് യൂത്ത് ഇന്റർനാഷണൽ*

**പരിമിതമായ വിവാഹഒരുക്ക പരിശീലനങ്ങളുടെ പോരായ്മകളെയും ദമ്പതികൾക്കായി ഇനിയും ആരംഭിച്ചിട്ടില്ലാത്ത തുടർപരിശീലനക്ലാസ്സുകളുടെ ആവശ്യകതയെയും ഓർമപ്പെടുത്തുന്നതോടൊപ്പം വിശ്വാസപരിശീലനരംഗം കാര്യക്ഷമമാക്കേണ്ടുന്നതിന്റെ അനിവാര്യതയെക്കുറിച്ചും പ്രതിപാദിക്കുന്ന ലേഖനം.**

അടുത്തനാളുകളിൽ പുറത്തിറങ്ങിയ 'സാറാസ്' എന്ന ചലച്ചിത്രത്തെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും ഇനിയും കെട്ടടങ്ങിയിട്ടില്ല. ആ ചിത്രത്തെക്കുറിച്ചോ അതിന്റെ പ്രമേയത്തെക്കുറിച്ചോ കൂടുതൽ സംസാരിച്ച് അതിനിനിയും കൂടുതൽ അനർഹമായ പ്രചരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച്, അതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ കുടുംബങ്ങൾ നേരിടുന്ന ഗൗരവതരമായ ഒരു വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. സാറാസ് സിനിമയിൽ ഏറ്റവും ശ്രദ്ധിക്കേണ്ട കഥാപാത്രം (യഥാർത്ഥ വില്ലൻ) അതിലെ ഡോക്ടർ കഥാപാത്രമാണെന്നാണ് ഞാൻ കരുതുന്നത്. "മാതാപിതാക്കളാകാൻ നന്നായി ഒരുങ്ങിയിട്ടില്ലെങ്കിൽ കുഞ്ഞിനെ വേണ്ടെന്നുവയ്ക്കുന്നതാണ് നല്ലത്" എന്ന അദ്ദേഹത്തിന്റെ 'വിദഗ്ധോപദേശം' ഗർഭത്തിലുള്ള കുഞ്ഞിനെ കൊലചെയ്യാൻ ജീവനും സാറായ്ക്കും പ്രചോദനമേകുന്നു.

## എവിടെ തുടങ്ങണം?

നല്ല അച്ഛനും അമ്മയുമാകാൻ നല്ല ഒരുക്കംവേണം എന്ന് ഡോക്ടർ പറയുന്നത് നൂറുശതമാനം ശരിയാണ്. എന്നാൽ അതിനും ഏറെ മുൻപേ ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റൊരു ചിന്തയുണ്ട്; നല്ല ഭർത്താവും ഭാര്യയുമാവാൻ വേണ്ടവണ്ണം ഒരുങ്ങിയിട്ടില്ലെങ്കിൽ വിവാഹത്തിനു തുനിയരുത് എന്ന യാഥാർത്ഥ്യം. ഈ ചിന്ത ജീവനും സാറായ്ക്കും മുന്നിൽ ആരും ഉയർത്തുന്നില്ല, അല്ലെങ്കിൽ അത് സൗകര്യപൂർവം അവഗണിച്ചു എന്നതാണ് ഈ ചലച്ചിത്രത്തിന്റെ അണിയറ പ്രവർത്തകർ ചെയ്ത വലിയ അബദ്ധം.

## ഇത്രയൊക്കെ മതിയോ?

നല്ല ദമ്പതികളും നല്ല മാതാപിതാക്കളുമാകാൻ വേണ്ട ഒരുക്കം വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്ന യുവതിയുവാക്കൾക്ക് ഇന്ന് ലഭ്യമാക്കപ്പെടുന്നുണ്ടോ? ക്രൈസ്തവലോകം പൊതുവിലും തിരുസഭ പ്രത്യേകിച്ചും വളരെ ശ്രദ്ധാപൂർവം കൈകാര്യം ചെയ്തിട്ടുള്ള, ചെയ്യുന്ന ഒരു വിഷയമാണിത് എന്നതിനു സംശയമില്ല. എന്നിരുന്നാലും കോവിഡ് മഹാമാരി നമ്മുടെ സമൂഹത്തിലും ജീവിതങ്ങളിലും വരുത്തിത്തീർക്കുന്ന പുതുസാധാരണത്വത്തിന്റെ (New normal) ഈ കാലത്ത് വളരെ ഗൗരവത്തോടെ പുനർവിചിന്തനം ചെയ്യപ്പെടേണ്ടൊരു വിഷയമാണിത്. നമ്മുടെ രൂപതകളിലൊക്കെ വിവാഹ ഒരുക്കസെമിനാറുകൾ നടക്കുന്നുണ്ടെന്നുള്ളത് ശരിതന്നെ (മഹാമാരി അതും ഓൺലൈനിൽ ആക്കിയല്ലോ!). പക്ഷെ അതുകൊണ്ടുമാത്രം പൂർണമാകുമോ എന്നതാണ് വിലയിരുത്തേണ്ടത്. പൗരോഹിത്യ- സന്ന്യസ്ത ജീവിതങ്ങളിലേക്കു പ്രവേശിക്കാൻ വർഷങ്ങൾ നീണ്ടുനിൽക്കുന്ന ഒരുക്കമാണ് സഭ നൽകുന്നത്. തന്നെയുമല്ല, തുടർപരിശീലനത്തിനും ഒരുക്കത്തിനുമുള്ള വേദികളും അവസ



രങ്ങളും അവർക്കെല്ലാം പിന്നെയും ധാരാളം ലഭിക്കുന്നുമുണ്ട്. എന്നാൽ ജീവിതകാലം മുഴുവൻ ഒരുമിച്ച് ഒരു കുടുംബമായി ജീവിക്കാനും ഭാവിതലമുറകൾക്ക് ജന്മം നൽകാനും അവരുടെ ജീവിതങ്ങളെ വാർത്തെടുക്കാനും പുതിയ ദൈവവിളികൾ സൃഷ്ടിക്കാനും നിയോഗം ഏറ്റെടുക്കുന്നവർക്ക് മൂന്നോ നാലോ ദിനങ്ങളിലെ ഒരുക്കങ്ങൾ മാത്രം മതിയോ? തുടർപരിശീലനങ്ങൾക്ക് അവസരങ്ങൾ ഒരുക്കുന്നുണ്ടോ? സഭ വളരെ പ്രാധാന്യത്തോടെ കാണേണ്ട, ഏറ്റെടുക്കേണ്ട ദൗത്യമാണിത്.

## ഒരുക്കം എങ്ങനെയൊക്കെ?

മുൻകാലങ്ങളെക്കാൾ നമ്മുടെ ക്രൈസ്തവ കുടുംബങ്ങളിൽ വർധിച്ചുവരുന്ന ദാമ്പത്യപ്രതിസന്ധികളും തകർച്ചകളും വിവാഹമോചനങ്ങളുടെ വർധനവുമൊക്കെ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. യാഥാർത്ഥ്യബോധത്തോടുകൂടി സാഹചര്യങ്ങളെയും പ്രശ്നങ്ങളെയുമൊക്കെ കാണാനും വിലയിരുത്താനും എല്ലാവർക്കും സാധിക്കണമെന്നതാണ് അടിസ്ഥാനപരമായ കാര്യം. ഒന്നാമതായി, വിവാഹജീവിതത്തിന് ഒരുങ്ങുന്ന യുവതിയുവാക്കളും കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞിട്ടുള്ള ദമ്പതികളും യാഥാർത്ഥ്യബോധത്തോടുകൂടി ദാമ്പത്യജീവിതത്തെയും കുടുംബജീവിതത്തെയുമൊക്കെ ശരിയായ ദിശയിൽ കാണാനും മനസ്സിലാക്കാനും നിശ്ചയമായും അറിഞ്ഞിരിക്കണം. വൈകാരികമായ ഒരു ബാഹ്യാകർഷണത്തിന്റെ പേരിലോ അല്ലെങ്കിൽ സമൂഹസമ്മർദ്ദത്തിന്റെ പേരിലോ നടക്കേണ്ട ഒന്നല്ല വിവാഹവും ദമ്പതീജീവിതവും. അതിന് നല്ല ഒരുക്കം ആവശ്യമാണ്. സ്വപ്നം കാണുന്നതുപോലെയുള്ള ഒരു ജീവിതമാകണമെന്നില്ല ലഭിക്കുന്നത്. യാഥാർത്ഥ്യങ്ങൾ സ്വപ്നങ്ങളിൽനിന്ന് വളരെ വ്യത്യസ്തമായിരിക്കും. അങ്ങനെ വ്യത്യസ്തവും പ്രതീക്ഷകൾക്ക് ചേർന്നുപോകാത്തവിധത്തിലുള്ളതുമായ അനുഭവങ്ങളും സംഭവങ്ങളുമൊക്കെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ മനക്കരുത്തോടുകൂടി അവയെ സ്വീകരിക്കാനും വിശ്വസ്തതയോടുകൂടി ഒരുമിച്ചുനിന്ന് പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുമുള്ളൊരു സന്നദ്ധതയും തയ്യാറെടുപ്പും ദമ്പതികൾക്കുണ്ടാകണം. അതിന് അവരെ പ്രാപ്തരാക്കുന്നത് അടിയുറച്ച പരസ്പരവിശ്വാസവും പ്രാർത്ഥനാജീവിതവും മാനസികവും ആത്മീയവുമായ ഒരുക്കവുമായിരിക്കണം. ഇത് ഇല്ലാതെപോകുന്നതാണ് പലപ്പോഴും ദാമ്പത്യജീവിതത്തിലെ പല പ്രശ്നങ്ങൾക്കും കാരണം. പല കുടുംബങ്ങളെയും നാം അടുത്തറിയുമ്പോഴാണ് പുറത്തെ കെട്ടുകാഴ്ചകളല്ല അകത്തെ ജീവിത കാഴ്ചകളെന്ന് മനസ്സിലാകുന്നത്. വേണ്ടത്ര ഒരുക്കത്തിന്റെ അനിവാര്യത എത്ര പ്രധാനപ്പെട്ടതാണെന്ന് ആഴത്തിൽ ആവർത്തിച്ചാവർത്തിച്ച് നമ്മളെ ബോധ്യപ്പെടുത്തിത്തരുന്നുണ്ട്. ആ ഒരു യാഥാർത്ഥ്യബോധത്തോടുകൂടി വിവാഹജീവിതത്തിന് ആത്മീയമായി ഒരുങ്ങാനുള്ള ക്ഷമയും ഹൃദയതുറവും യുവതീയുവാക്കൾ ഏറ്റെടുക്കണം.

## കാലോചിതമായ ഇടപെടലുകൾ

കുടുംബങ്ങളെ അടുത്തറിഞ്ഞും കുടുംബപ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കിയും യാഥാർത്ഥ്യബോധത്തോടുകൂടിവേണം സഭയും സഭാനേതൃത്വവും അജപാലകരുമൊക്കെ കുടുംബപ്രശ്നങ്ങളെ കാണാനും മനസ്സിലാക്കാനും. കുറേ വർഷങ്ങൾക്കുമു

മ്പുള്ള സാഹചര്യങ്ങളും അവസ്ഥകളുമല്ല ഇന്നത്തെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്നത്; പ്രത്യേകിച്ചും യുവദമ്പതികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. കഴിഞ്ഞ ദശകങ്ങളിൽനിന്നൊക്കെ ഇന്ന് എത്രയോ വ്യത്യസ്തമാണെന്നുള്ള ഒരു തിരിച്ചറിവ് നമുക്കുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. കോവിഡ്കാലഘട്ടത്തിനുമുൻപ് നമ്മുടെ സമൂഹവും കുടുംബങ്ങളും അഭിമുഖീകരിച്ച പ്രശ്നങ്ങളിൽനിന്ന് എത്രയോ വ്യത്യസ്തമാണ് ഇപ്പോൾ നേരിടുന്നപ്രശ്നങ്ങൾ. നമ്മുടെ സമകാലിക ലോകത്തിന്റെയും സഭയുടെയും ചരിത്രം രേഖപ്പെടുത്തുമ്പോൾ കോവിഡിനു മുൻപുള്ളതും കോവിഡിന് ശേഷമുള്ളതും എന്ന് നിശ്ചമായും ഒരു വേർതിരിവ് നമുക്ക് ഉണ്ടാകും. അത് കുടുംബങ്ങളുടെ കാര്യത്തിലും ഉണ്ടാകും.

ഇന്ന് കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വ്യത്യസ്തമായ പ്രശ്നങ്ങളെ തിരിച്ചറിവോടും യാഥാർത്ഥ്യബോധത്തോടുംകൂടി കാണാനും കുടുംബപ്രശ്നങ്ങളിൽ ഇടപെടാനും കഴിയണം. അതിനുള്ള പരിഹാരങ്ങളെക്കുറിച്ചും തുടർപരിശീലനത്തിന്റെ ആവശ്യകതകളെക്കുറിച്ചും അടിയന്തരമായി ചിന്തിക്കേണ്ടതാണ്. എങ്കിൽമാത്രമേ, നമ്മുടെ കുടുംബങ്ങളും യുവദമ്പതികളും ഇന്ന് നേരിടുന്ന സാമ്പത്തികവും ആരോഗ്യപരവും മാനസികവും ആത്മീയവുമായ ബുദ്ധിമുട്ടുകളെയും പ്രതിസന്ധികളെയും തിരിച്ചറിയാനും അവയ്ക്ക് നൽകാവുന്ന വിധത്തിൽ പിന്തുണയേകാനും സാധിക്കൂ.

## സഭയുടെ പിന്തുണ

സഭയുടെ ഭാഗത്തുനിന്നുള്ള ഈയൊരു പിന്തുണ ഇന്ന് കുടുംബങ്ങൾക്ക് വളരെയേറെ പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞകാലങ്ങളിൽനിന്നൊക്കെ വളരെ വ്യത്യസ്തമാണ് ഇന്നത്തെ അണുകുടുംബങ്ങൾ. ഈ അണുകുടുംബങ്ങളിലെ ഭർത്താവും ഭാര്യയും ജോലിക്കാരായിരിക്കും. ഇന്നത്തെ സാഹചര്യത്തിൽ 'വർക്ക് ഫ്രം ഹോം' എന്നൊക്കെയുള്ള രീതികളിലെ തൊഴിലുകൾ കുടുംബങ്ങളിലെ സ്ഥിതിവിശേഷങ്ങൾ കൂടുതൽ സങ്കീർണമാക്കുന്നു. ഐടി മേഖലയിൽ ജോലിചെയ്യുന്ന യുവജനങ്ങൾ, ഓഫീസിൽപോയി ജോലിചെയ്തിരുന്നവർ ഇപ്പോൾ ടൈം ലിമിറ്റില്ലാതെ തൊഴിൽചെയ്യേണ്ട അവസ്ഥയിൽ സ്വന്തമായി കുടുംബത്തിനുവേണ്ടി, കുഞ്ഞുങ്ങൾക്കുവേണ്ടി സമയം കണ്ടെത്താൻ സാധിച്ചിരുന്നവർക്ക് ഇപ്പോൾ വീട്ടിൽ തന്നെയായിരിക്കുമ്പോഴും മണിക്കൂറുകൾ നീളുന്ന ജോലി കാരണം കുടുംബത്തിനുവേണ്ടി, ജീവിതപങ്കാളിക്കുവേണ്ടി, കുഞ്ഞുങ്ങൾക്കുവേണ്ടി സമയം മാറ്റിവയ്ക്കാൻ സാധിക്കാത്തവിധത്തിലായിരിക്കുന്നു. ഇതിനുംപുറമേ കുടുംബപ്രാർത്ഥനയ്ക്ക് സമയം കണ്ടെത്താൻ സാധിക്കുന്നില്ല. അതൊക്കെ നമ്മുടെ കുടുംബങ്ങളെയും കുഞ്ഞുങ്ങളുടെ രൂപീകരണത്തെയും ബാധിക്കുന്നുണ്ട് എന്നത് വേദനിപ്പിക്കുന്ന ഒരു തിരിച്ചറിവാണ്.

## കുടുംബം പ്രഥമ വിശ്വാസപരിശീലനശാല

ഇന്ന് സഭ നേരിടുന്ന മറ്റൊരു വലിയ പ്രതിസന്ധിയും പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്ന് നമ്മുടെ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിന്റെ അഭാവമാണ്. കുഞ്ഞുങ്ങൾക്ക് പള്ളിയിൽ പോകാൻ പറ്റുന്നില്ല. വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴിയുണ്ടെങ്കിലും എത്രത്തോളം അവ പ്രായോഗികമാകുന്നുണ്ടെന്നുള്ളത് വിലയിരുത്തപ്പെടേണ്ടതാണ്. ഇവിടെയാണ് മാതാപിതാക്കൾ വിശ്വാസപരിശീലനത്തിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും നൽകി പങ്കാളികളാകേണ്ടത്. കുടുംബമാണ് പ്രഥമ വിശ്വാസകളരി എന്നത് ആദ്യംമുതലേ സഭ പഠിപ്പിക്കുന്ന കാര്യമാണ്. പക്ഷേ അത് എത്രമാത്രം പ്രായോഗികതലത്തിൽ യാഥാർത്ഥ്യമായിരിക്കുന്നുവെന്ന് കണ്ടെത്തേണ്ടതുണ്ട്. ഈ കോവിഡ് കാലഘട്ടത്തിൽ പ്രത്യേകിച്ചും മാതാപിതാക്കൾ ഈയൊരു ദൗത്യം പൂർണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ളവരാണോ എന്നത് വലിയൊരു ചോദ്യമാണ്. അവർക്കുതന്നെ അടിയുറച്ച ആഴമായ വിശ്വാസമുണ്ടോ? പ്രാർത്ഥനയ്ക്കും വിശ്വാസജീവിതത്തിനും കൗദാശികജീവിതത്തുനുമൊക്കെ എങ്ങനെ കുട്ടികൾക്കുമുന്നിൽ മാതൃകയാകാൻ സാധിക്കും. ഇതൊക്കെ സഭ ഇന്ന് നേരിടുന്ന വെല്ലുവിളിയും പ്രതിസന്ധിയുമൊക്കെയാണ്. അതിന് യുവജനങ്ങളായ മാതാപിതാക്കളെ പ്രാപ്തരാക്കുന്നതിൽ സഭ വളരെയേറെ ശ്രദ്ധയും ഊന്നലും കൊടുക്കേണ്ടതാണ്. ദമ്പതികളുടെ, കുടുംബങ്ങളുടെ തുടർവിശ്വാസപരിശീലനം വളരെ ഗൗരവത്തോടുകൂടി സഭ ഏറ്റെടുക്കണം. ഓരോരോ സാഹചര്യങ്ങൾക്കനുസരിച്ച് പ്രാദേശികമായി വ്യത്യാസങ്ങൾ ഉണ്ടാകാം. എന്തായാലും അജപാലകരും സഭാനേതൃത്വവും വളരെ യാഥാർത്ഥ്യബോധത്തോടും ഗൗരവത്തോടുംകൂടി ഈയൊരു മേഖലയെ സമീപിക്കണം. ഈ ദൗത്യം ഏറ്റെടുക്കുക എന്നത് ഈ കാലഘട്ടം ഉയർത്തുന്ന വലിയൊരു അനിവാര്യതയും ഉത്തരവാദിത്വവുമാണെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കണം. ■

# കളിയല്ല കല്യാണം



ജോൺസൺ പൂവന്തുരുത്ത്
*ന്യൂസ് എഡിറ്റർ, ദീപിക*

**സാമൂഹിക മാധ്യമങ്ങളുടെ സംസ്കാരം എല്ലാ മേഖലകളിലും പിടിമുറുക്കുമ്പോൾ യുവതയുടെ പ്രണയവും വിവാഹസങ്കല്പങ്ങളും മാറിമറിയുകയാണ്. വിവാഹജീവിത മാനദണ്ഡങ്ങളിൽ പൊന്നിനും പണത്തിനും ഒന്നാം സ്ഥാനം നൽകുന്നതിന്റെ പരിണതഫലമായി സ്ത്രീധനപീഡനങ്ങളും ആത്മഹത്യകളും നിർബാധം കേരളത്തെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. വിവാഹം മാത്രമല്ല, പ്രണയംപോലും ഒരുക്കത്തോടും ആലോചനയോടും വിലയിരുത്തലുകളോടുംകൂടെ തിരഞ്ഞെടുക്കേണ്ടതാണെന്ന് സമകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ മാധ്യമപ്രവർത്തകൻകൂടിയായ ലേഖകൻ സമർത്ഥിക്കുന്നു.**

'പതിനാലുകാരിയെ വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചു...' അടുത്തകാലത്തായി ഏതാണ്ട് എല്ലാ ദിവസവുംതന്നെ പത്രമാധ്യമങ്ങളിൽ വായിക്കുന്ന തലക്കെട്ടുകളിൽ ഒന്നാണിത്. ഇതിൽ പതിനാല് എന്നതു ചില ദിവസങ്ങളിൽ പതിമൂന്നോ പതിനാറോ ഒക്കെയായി മാറാമെന്നല്ലാതെ വാർത്തകളിൽ കാര്യമായ മാറ്റം ഉണ്ടാകാറില്ല. സമൂഹത്തെ ഇരുത്തി ചിന്തിപ്പിക്കേണ്ട തലക്കെട്ടുകളിൽ ഒന്നാണിത്. ഇന്ത്യയിൽ പെൺകുട്ടികളുടെ വിവാഹപ്രായം നിയമപ്രകാരം നിലവിൽ പതിനെട്ട് ആണ്. അത് 21 ആക്കി ഉയർത്താനുള്ള ചർച്ചകൾ സജീവമായി പല തലങ്ങളിലും നടക്കുന്നതിനിടയിലാണ് പതിനാലുകാരിയെയും പതിമൂന്നുകാരിയെയുമൊക്കെ വിവാഹവാഗ്ദാനം നൽകി ചൂഷണം ചെയ്തെന്ന വാർത്തകൾ ദിനംപ്രതി പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

## വാഗ്ദാനങ്ങളിൽ വീഴുന്നവർ

പതിനാലു വയസുള്ള ഒരു പെൺകുട്ടി എങ്ങനെയാണ് വിവാഹവാഗ്ദാനത്തിൽ വിശ്വസിച്ചു ചൂഷണത്തിന് ഇരയായി മാറുന്നതെന്നതാണ് പ്രസക്തമായ ചോദ്യം. പതിനെട്ട് വയസുകഴിഞ്ഞാൽ മാത്രമേ വിവാഹം ചെയ്യാനാകൂ എന്നിരിക്കെ, കൗമാരത്തിന്റെ തുടക്കത്തിൽത്തന്നെ ഇത്തരം വാഗ്ദാനങ്ങളിൽ വിശ്വസിച്ചു വീണുപോകുന്നവർ സമൂഹമനഃസാക്ഷിക്കുമുന്നിൽ വലിയ ചോദ്യമാണ് ഉയർത്തുന്നത്. പ്രായപൂർത്തിയാകാത്ത കുട്ടികളെ ചൂഷണം ചെയ്യുന്നതും ദുരുപയോഗം ചെയ്യുന്നതും പോക്സോ അടക്കമുള്ള ജാമ്യംപോലും കിട്ടാത്ത വകുപ്പുകൾ ചുമത്താൻ തക്ക കുറ്റകൃത്യമായിട്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത് ആശങ്കാജനകമാണ്.

## വിവേകത്തെ വിഴുങ്ങുന്ന വൈകാരികത

നമ്മുടെ കൗമാര-യുവതലമുറയിൽ സംഭവിച്ചിരിക്കുന്ന വൈകാരിക പക്വതയില്ലായ്മയുടെ ആഴമാണ് ഇത്തരം സംഭവങ്ങളിൽ തെളിയുന്നത്. വിവാഹം എന്നതിന്റെ ഗൗരവം എന്താണെന്നും അത് എങ്ങനെയൊക്കെ സംഭവിക്കേണ്ടതാണെന്നുമുള്ള അടിസ്ഥാന ബോധ്യങ്ങൾപോലും ഈ കാലഘട്ടം നമ്മുടെ

കുട്ടികൾക്കു നൽകുന്നില്ലേയെന്ന സംശയം ബാക്കിയാകുന്നു. പതിനെട്ടാം വയസിൽ മാത്രമേ വിവാഹം കഴിക്കാൻ കഴിയൂ എന്ന കാര്യം ഒരു പതിനഞ്ചുകാരിക്ക് അറിയാൻ പാടില്ലാതെ വരുമോ? എന്നാൽ, ഈ അറിവിനു മീതെ വൈകാരിക തീരുമാനങ്ങൾ മേൽക്കൈ നേടുമ്പോഴാണ് പലപ്പോഴും ഇത്തരം കുരുക്കുകളിലേക്കു പെൺകുട്ടികൾ ചെന്നുചാടുന്നത്. ആദ്യത്തെ എടുത്തുചാട്ടത്തിനുശേഷം തിരിച്ചറിവിലേക്ക് എത്തുമ്പോൾ തിരിച്ചുകയറാനാവാത്ത പ്രതിസന്ധിയിൽ പലരും പെട്ടിട്ടുണ്ടാകും.

## ഗൗരവം ചോർന്നുവോ?

പണ്ടൊക്കെ വളരെ ആലോചിച്ചും അന്വേഷിച്ചും വിലയിരുത്തിയുമൊക്കെയായിരുന്നു വിവാഹബന്ധങ്ങൾ തിരഞ്ഞെടുക്കുന്നതും ഉറപ്പിക്കുന്നതും നടത്തുന്നതും. എന്നാൽ, ജീവിതസാഹചര്യങ്ങൾ മാറിയപ്പോൾ പലതിന്റെയും ഗൗരവം ചോർന്നുതുടങ്ങി. വിവാഹബന്ധം തെരഞ്ഞെടുക്കുന്നതിലും ഉറപ്പിക്കുന്നതിലുമൊക്കെയുള്ള മാനദണ്ഡങ്ങളിലും മാറ്റങ്ങൾ വന്നുതുടങ്ങി. കാലോചിത മാറ്റങ്ങളാണ് വന്നതെന്നു ഫ്രീ തിങ്കേഴ്സ് വാദിക്കുമെങ്കിലും ഗുണപരമായിരുന്നില്ല ആ മാറ്റങ്ങളിൽ പലതുമെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. കുടുംബക്കോടതികളിലേക്ക് എത്തുന്ന വിവാഹമോചന ഹർജികളുടെ പ്രളയവും സഭാകോടതികൾക്കു മുന്നിലെത്തുന്ന ഇത്തരം അപേക്ഷകളുടെ ആധിക്യവുമൊക്കെ ഗുണത്തേക്കാളേറെ ദോഷം ചെയ്തെന്ന വിലയിരുത്തലുകളിലേക്കാണ് നമ്മെ നയിക്കുന്നത്.

## ദ്രുതഗതിയിൽ

ജീവിതപങ്കാളിയുടെ സ്വഭാവം, കുടുംബപശ്ചാത്തലം, ജീവിതസാഹചര്യം, താത്പര്യങ്ങൾ, ശീലങ്ങൾ, മതവിശ്വാസം തുടങ്ങിയവയൊക്കെ മനസ്സിലാക്കിയും തിരിച്ചറിഞ്ഞും വിലയിരുത്തിയുമൊക്കെ പങ്കാളിയെ കണ്ടെത്തുന്ന രീതികൾക്കായിരുന്നു മുൻതൂക്കം. കുടുംബത്തിന്റെ സാഹചര്യങ്ങളോടു പൊരുത്തപ്പെടാൻ കഴിയുന്ന ആളാണോ വരുന്നതെന്ന വിലയിരുത്തൽ പലരും നടത്തിയിരുന്നു. എന്നാൽ, സാമ്പത്തിക, ജീവിത സാഹചര്യങ്ങൾ ദ്രുതഗതിയിൽ മാറിയപ്പോൾ മുൻഗണനാപട്ടികയിലും മാറ്റങ്ങൾ സംഭവിച്ചു എന്നു കാണാം. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിലെ മുഖ്യമാനദണ്ഡം പലർക്കും സാമ്പത്തികവും ജോലിയുമൊക്കെയായി മാറി. ഇതു രണ്ടും ഓക്കെയാണെങ്കിൽ മറ്റു കാര്യങ്ങളിലൊക്കെ ചില്ലറ വിട്ടുവീഴ്ചയാകാമെന്ന നിലപാടിലേക്കും കുറെപ്പേരൊക്കെ മാറിയെന്നു പറയാം. വിദേശജോലിയും മറ്റും സർവസാധാരണമായതോടെ പെട്ടെന്നുള്ള കല്യാണങ്ങളും മറ്റും പുതുമയല്ലാതായി.

ഒന്നും രണ്ടും മാസം ആലോചിച്ചും അന്വേഷിച്ചും തയ്യാറെടുത്തുമൊക്കെ നടത്തിയിരുന്ന പല കല്യാണങ്ങളും 'റെഡി വെയര്‍' ടൈപ്പായി മാറിത്തുടങ്ങി. നാലു ദിവസത്തിനുള്ളിൽ ആലോചനയും ഉറപ്പിക്കലും മനസ്സമ്മതവും കല്യാണവുമൊക്കെ നടക്കുന്ന സംഭവങ്ങളും ഇന്നൊരു അതിശയമല്ല. കോവിഡ് പ്രതിസന്ധി ഇത്തരം കല്യാണങ്ങൾക്കു ഗതിവേഗം പകർന്നു എന്നും പറയാം. കോവിഡായതിനാൽ പ്രീ മാര്യേജ് കോഴ്സുകളും കൗൺസലിംഗുകളും അതിന്റെ പൂർണതയിൽ നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അടിസ്ഥാനപരമായ അന്വേഷണങ്ങൾപോലും പല വിവാഹങ്ങൾക്കു മുമ്പും നടക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ഇങ്ങനെ നടക്കുന്ന കല്യാണങ്ങളെല്ലാം കുഴപ്പത്തിലേക്കു ചെല്ലുന്നു എന്ന് ഇതിന് അർത്ഥമില്ല. എന്നാൽ, കുഴപ്പത്തിലാകാനുള്ള സാധ്യതകൾ ഏറെയാണുതാനും.

## വേട്ടയാടപ്പെടുന്നവർ

വിവാഹത്തിന്റെ പവിത്രതയ്ക്ക് അപ്പുറം കെട്ടുകാഴ്ചകൾക്കു പ്രാധാന്യം നൽകുന്നതിലേക്കു യുവതലമുറയും മറ്റും നീങ്ങിയതിന്റെ അസ്വാരസ്യങ്ങൾ പലരുടെയും കുടുംബജീവിതത്തിലും നിഴലിക്കുന്നുണ്ട്. പണവും സ്വത്തും പ്രാധാന്യം നേടുന്ന വിവാഹബന്ധങ്ങളിലാണ് പിന്നീടു സ്ത്രീധനപീഡനങ്ങളും സ്വത്തിന്റെ പേരിലുള്ള ഗാർഹികപീഡനങ്ങളുമൊക്കെ വളരുന്നതായി കണ്ടുവരുന്നത്. നിയമങ്ങളും ചട്ടങ്ങളുമൊക്കെ ഇഷ്ടംപോലെയുണ്ടെങ്കിലും ഒന്നിനു പിറകെ മറ്റൊന്നായി ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇത്തരം സ്ത്രീധനപീഡന സംഭവങ്ങളുടെ നാൾവഴികൾ പരിശോധിച്ചാൽ നമുക്കു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടവരും കൊലചെയ്യപ്പെട്ടവരുമൊക്കെ വെറുംകൈയോടെ വിവാഹ ജീവിതത്തിലേക്കു കയറിച്ചെന്നവരല്ല. വൻതോതിൽ സ്വർണവും പണവും സ്വത്തും കാറുമൊക്കെ നൽകി സമ്പത്തിന്റെ പകിട്ടിൽ വിവാഹജീവിതത്തിലേക്കു കയറിച്ചെന്ന പെൺകുട്ടികളാണ് പലപ്പോഴും വീണ്ടും സ്ത്രീധനത്തിന്റെയും സ്വത്തിന്റെയും പേരിൽ വേട്ടയാടപ്പെടുന്നത്. വിവാഹജീവിതത്തിന്റെ മാനദണ്ഡങ്ങളിൽ ഒന്നാം സ്ഥാനം നേടേണ്ടത് സ്വത്തും പണവുമായിരിക്കരുതെന്ന സന്ദേശമാണ് ഈ സംഭവങ്ങൾ നമ്മുടെ യുവതലമുറയ്ക്കു മുന്നിൽ വയ്ക്കുന്നത്. വിവാഹത്തിന്റെ



അന്തഃസ്പണത്തിലും സ്വത്തിലും കേന്ദ്രീകൃതമല്ലെന്നും മാതൃകാപരമായ ജീവിതമാണ് അഭിമാനമെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇത്തരം മൂല്യങ്ങൾ പഠനകാലംമുതൽതന്നെ കുട്ടികൾക്കു നൽകേണ്ടതുണ്ട്.

## ഒറ്റപ്പെടുന്നവർ

ജീവിതപങ്കാളിയെ വീട്ടുകാരുടെകൂടി പിന്തുണയോടെ അന്വേഷിച്ചു കണ്ടെത്തി വിവാഹം നടത്തുന്ന രീതിയാണ് പരമ്പരാഗതമായി നമ്മുടെ നാട്ടിൽ നടന്നുവന്നിരുന്നത്. എന്നാൽ, ഇന്നു സ്ഥിതി വ്യത്യസ്തമാണ്. ചിലർ വീട്ടുകാരുടെ സമ്മതത്തോടെയും ചിലർ വീട്ടുകാരുടെ സമ്മതമില്ലാതെയുംതന്നെ വിവാഹജീവിതം തെരഞ്ഞെടുക്കുന്നു. ഓരോ രീതിക്കും അതിന്റേതായ ഗുണവും പോരായ്മകളുമുണ്ട്. ഇതിൽ ഏറ്റവും അപകടം പിടിച്ചതും ശ്രദ്ധ വേണ്ടതും സ്വയം കണ്ടെത്തലിലാണ്. വിവാഹജീവിതമെന്നത് പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ അവകാശവും സ്വതന്ത്ര തീരുമാനവുമൊക്കെയാണെന്ന് താത്വികമായി നമുക്കു പറയാമെങ്കിലും പ്രായോഗികമായി കാണുന്ന അനുഭവങ്ങൾ പലപ്പോഴും അത്ര സുഖകരമല്ല എന്നതാണ് യാഥാർഥ്യം. പ്രത്യേകിച്ചു വീട്ടുകാരെ എതിർത്തു സ്വന്തം ഇഷ്ടപ്രകാരം പോകുന്ന പലരും വൈവാഹിക ജീവിതപ്രതിസന്ധികളിൽ ആരുമില്ലാതെ ക്ലേശിക്കുന്ന സംഭവങ്ങൾ നമുക്കു ചുറ്റും ഇഷ്ടംപോലെ കാണാനുണ്ട്. വിവാഹജീവിതത്തിന്റെ തുടക്കകാലത്തു തങ്കക്കുടമായി കാണപ്പെടുന്ന പലരും പിന്നീടു താന്തോന്നികളായി മാറുന്നതു പലരുടെയും ജീവിതത്തെ നരകമാക്കി മാറ്റുന്നുണ്ട്.

## പ്രണയവും പ്രധാനം

വിവാഹജീവിതം മാത്രമല്ല പ്രണയംപോലും വളരെയേറെ ശ്രദ്ധാപൂർവമായ തെരഞ്ഞെടുപ്പ് ആവശ്യമുള്ളതാണെന്നു നമ്മെ ഓർമിപ്പിക്കുകയാണ് ഏതാനും വർഷങ്ങളായി കേരളത്തിൽ പരമ്പരപോലെ അരങ്ങേറിക്കൊണ്ടിരിക്കുന്ന ചില സംഭവങ്ങൾ. പ്രണയനൈരാശ്യത്തിന്റെ പേരിൽ കൊലചെയ്യപ്പെടുന്ന പെൺകുട്ടികളുടെ എണ്ണം കേരള മനഃസാക്ഷിയെത്തന്നെ മുറിവേല്പിക്കുകയാണ്. പ്രണയനൈരാശ്യം എന്ന മാനസിക ദൗർബല്യത്തിന്റെപേരിൽ പണ്ടും പെൺകുട്ടികൾക്കെതിരേ അതിക്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും അതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായിരുന്നു. എന്നാൽ, 2017 മുതൽ കേരളം കണ്ടുകൊണ്ടിരിക്കുന്നത് പ്രണയപ്പകയുടെ പൈശാചികതയാണ്. ഹരിപ്പാട് സ്വദേശിനി ലക്ഷ്മി, കടമ്മനിട്ട സ്വദേശിനി ശാരിക, കാസർഗോഡ് സ്വദേശിനി അക്ഷിത, പത്തനംതിട്ട സ്വദേശനി കവിത, തൃശൂർ ചിയ്യാരം സ്വദേശിനി നീതു, സിവിൽ പൊലീസ് ഓഫീസർ സൗമ്യ, കാക്കനാട്ടെ ദേവിക, കാരക്കോണം സ്വദേശിനി അഷിക, കൊച്ചി സ്വദേശിനി ഈവ ആന്റണി, ഏറ്റവുമൊടുവിൽ തൊടുപുഴ നെല്ലിക്കുഴിയിൽ യുവവനിതാ ഡോക്ടർ മാനസ എന്നിങ്ങനെ 2017 മുതൽ പ്രണയപ്പകയുടെ പേരിൽ കൊലചെയ്യപ്പെട്ട പെൺകുട്ടികൾ നിരവധി. ആക്രമണത്തിലും കൈയേറ്റത്തിലും പരിക്കേറ്റവർ നിരവധി വേറെ. യാഥാർഥ്യബോധത്തെ വൈകാരിക ചിന്തകൾക്ക് അടിയറവയ്ക്കുന്ന യുവത്വത്തിന്റെ നേർക്കാഴ്ച കൂടിയാണിത്. ജീവിതത്തിൽ ഗൗരവപൂർവം സമീപിക്കേണ്ട പലതിനെയും നിസ്സാരമായി കാണുന്ന ഒരു സോഷ്യൽ മീഡിയ സംസ്കാരം ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും പടർന്നു കയറിയതിന്റെ പ്രതിഫലനംകൂടിയാണ് ഇത്തരം സംഭവങ്ങളിൽ നിഴലിക്കുന്നത്. പ്രണയവും വിവാഹവുമൊക്കെ ഏറെ ഒരുക്കത്തോടെയും ആലോചനകൾക്കും വിലയിരുത്തലുകൾക്കും ശേഷം മാത്രം തെരഞ്ഞെടുക്കേണ്ട ഒന്നാണെന്ന് കൗമാര-യുവതലമുറയ്ക്കു മുന്നറിയിപ്പ് നൽകുകയാണ് ഇത്തരം സംഭവങ്ങൾ. ■

# വിവാഹമെന്ന കൂദാശയും പ്രണയക്കെണികളും



വിനോദ് നെല്ലയ്ക്കൽ
*മാധ്യമപ്രവർത്തകൻ*

**അതിവിദഗ്ധമായി കെണികൾ ഒരുക്കി യുവതലമുറയെ വരുതിയിലാക്കാനുള്ള വിവാഹ പദ്ധതികൾ നിഗൂഢമായി ഇന്ന് ധാരാളം അരങ്ങേറുന്നുണ്ട്. ലൗജിഹാദ് എന്നൊന്നില്ലെന്ന് നടിച്ചുകൊണ്ടുള്ള മുന്നേറ്റങ്ങളും ഇടപെടലുകളും നമ്മുടെ വിവാഹ-കുടുംബബന്ധങ്ങളെ എപ്രകാരത്തിൽ സ്വാധീനിക്കുകയും എതിർഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുവെന്ന് വിശകലനം ചെയ്യുന്ന ലേഖനം.**

കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം പവിത്രമായ ഒരു കൂദാശയാണ് വിവാഹം. മറ്റു ക്രൈസ്തവ സമൂഹങ്ങളും ഒട്ടും കുറയാത്ത മാഹാത്മ്യത്തോടെയാണ് വിവാഹത്തെ കാണുന്നത്. മറ്റു മതവിശ്വാസങ്ങൾപ്രകാരവും സിവിൽ നിയമങ്ങൾ അനുസരിച്ചും വിവാഹത്തിന് വലിയ വില കൽപ്പിക്കപ്പെടുന്നുണ്ട്. എങ്കിലും, സഭയുടെ വിവാഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മറ്റേതൊരു സമൂഹത്തെയുംകാൾ ഒരുപടി ഉയർന്നതാണ് എന്നുപറയുന്നതിൽ തെറ്റില്ല. അതുകൊണ്ടുകൂടിയാണ് കത്തോലിക്കാ ദൈവാലയങ്ങളിൽ വച്ചുനടത്തപ്പെടുന്ന വിവാഹങ്ങളുടെ, ഇടവകവികാരിയുടെ സാക്ഷ്യത്തോടുകൂടിയ സർട്ടിഫിക്കറ്റിന് നിയമപരമായി പൂർണ സാധുത കല്പിക്കപ്പെട്ടിരുന്നത്. സമീപകാലങ്ങളായി മാറിവന്ന മറ്റു ചില നിയമങ്ങളുടെ പശ്ചാത്തലത്തിൽ മാത്രമാണ് സിവിൽ രജിസ്ട്രേഷൻ നിർബന്ധമാക്കപ്പെട്ടത്.

കത്തോലിക്കാസഭയിൽ വിവാഹം എന്ന നടപടിയെ പവിത്രമായ ഒരു കൂദാശയായി കാണുകയും അതിന് ഏറ്റവും ഉയർന്ന പ്രാധാന്യം കൽപ്പിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനകാരണം സഭ കുടുംബങ്ങളെ അത്രമാത്രം വിലമതിക്കുന്നു എന്നുള്ളതാണ്. ഗാർഹികസഭയായ കുടുംബത്തിന്റെ രൂപീകരണമായ വിശുദ്ധ കൂദാശയാണ് വിവാഹം എന്ന കത്തോലിക്കാവീക്ഷണം വളരെ വിശാലമായ അർത്ഥതലങ്ങളുള്ളതാണ്. കുടുംബങ്ങളില്ലെങ്കിൽ സഭയില്ല. കുടുംബങ്ങളുടെ വിശുദ്ധിയാണ് സഭയുടെ വിശുദ്ധി. "വൈവാഹിക ജീവിതത്തിൽനിന്നും കുടുംബജീവിതത്തിൽനിന്നും രൂപമെടുക്കുന്ന സമൂഹത്തിന്റെ സുസ്ഥിതിയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതാണ് മനുഷ്യസമുദായത്തിന്റെയും ക്രിസ്തീയ സമൂഹത്തിന്റെയും ഓരോ വ്യക്തിയുടെതന്നെയും സുസ്ഥിതി" (47, *Gaudium et spes*).

കുടുംബജീവിതം ദമ്പതീവിശ്വസ്തതയിൽ പണിതുയർത്തപ്പെട്ടതും ദൈവകൃപ നിറഞ്ഞതുമായിരിക്കണം എന്ന നിർബന്ധം കത്തോലിക്കാവിശ്വാസ പാരമ്പര്യങ്ങൾക്കുണ്ട്. ആ നിലപാട് മാറ്റമില്ലാത്തതാണ്. അക്കാരണത്താലാണ് ആധുനികതയുടെ പേരിൽ മാറിക്കൊണ്ടിരിക്കുന്ന മതേതര സമൂഹത്തിന്റെ പുതിയ രീതികളിൽ പലതും സഭയ്ക്ക് അംഗീകരിക്കാൻ കഴിയാത്തത്.

## പുരോഗമനചിന്തകൾ

കത്തോലിക്കാസഭയുടെ ഇത്തരം വിഷയങ്ങളിലുള്ള മാറ്റമില്ലാത്ത നിലപാടുകളുടെ പശ്ചാത്തലത്തിലാണ് നമുക്കിടയിൽ തരംഗമായിക്കഴിഞ്ഞിരിക്കുന്ന ചില പ്രണയക്കാഴ്ചകളെക്കുറിച്ച് വിചിന്തനം ചെയ്യേണ്ടതുള്ളത്. വ്യക്തിബന്ധങ്ങളെക്കുറിച്ചും വിവാഹത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ ആകെ മാറിക്കഴിഞ്ഞിരിക്കുന്ന ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പ്രത്യേകിച്ച്, കഴിഞ്ഞ ചില വർഷങ്ങൾക്കിട



പോലെ വർണപ്പകിട്ടോടെ അവതരിപ്പിക്കപ്പെടുന്നത് മാത്രമാണ് ഇന്നത്തെ വ്യത്യസ്തത. വർധിച്ചുവരുന്ന വിവാഹമോചനങ്ങളും ലിവിംഗ് ടുഗതർ ഫാഷനായി അവതരിപ്പിക്കപ്പെടുന്നതും സ്വവർഗപ്രണയത്തിന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ മുഖംമൂടി നൽകാനുള്ള ശ്രമവും മറ്റും നമ്മുടെ യുവജനങ്ങളുടെ വിവാഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ നേരിയതല്ലാത്ത മാറ്റങ്ങൾ വരുത്തുന്നുണ്ട്. അരനൂറ്റാണ്ടുമുമ്പ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ അപകടങ്ങളെക്കുറിച്ചുള്ള ആശങ്ക രേഖപ്പെടുത്തിയിരുന്നു: "ബഹുഭാര്യാത്വം, വിവാഹമോചനമാകുന്ന മഹാമാരി, സ്വതന്ത്ര സ്നേഹം (*Free love*) എന്ന പ്രവണത തുടങ്ങിയവയും ഇതര വൈരൂപ്യങ്ങളും വൈവാഹിക – കുടുംബ ജീവിതസ്ഥിതിയെ അന്ധകാരത്തിലാഴ്ത്തുന്നു" (47, *Gaudium et spes*).

യിൽ പുതുതലമുറകളുടെ ലോകവീക്ഷണത്തിന് വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ദൈവവിശ്വാസത്തിൽ ഊന്നിയതും ധാർമിക അടിത്തറയുള്ളതുമായ നിലപാടുകൾക്ക് ഇളക്കം സംഭവിച്ചിരിക്കുന്നു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്.

ആധുനികതയുടെയും പുരോഗമനചിന്തകളുടെയും ഭാഗമായതും അനിവാര്യമായതുമാണ് ഇത്തരം മാറ്റങ്ങൾ എന്നാണ് മോശമല്ലാത്ത ഒരുവിഭാഗംപേർ ധരിച്ചിരിക്കുന്നത്. എന്നാൽ, ജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാന കാഴ്ചപ്പാടുകളെപ്പോലും മാറ്റിമറിക്കത്തക്കതായ ചില ആശയങ്ങൾക്ക് ആഗോളവ്യാപകമായി പ്രചാരം ലഭിച്ചിരിക്കുന്നതിന് പിന്നിൽ ചില സ്ഥാപിത താല്പര്യങ്ങളുടെ സ്വാധീനമുണ്ടെന്ന വസ്തുത ആരും മനസ്സിലാക്കാതെ പോവുകയാണ്. തങ്ങളുടെ പ്രത്യേകമായ ലക്ഷ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുസൃതമായി ലോകത്തെ മാറ്റി ചിന്തിപ്പിക്കാനും അത്തരം മാറ്റങ്ങളെ തങ്ങൾക്ക് അനുകൂലമായ തരംഗങ്ങളാക്കിയെടുക്കാനും ചില പ്രത്യയശാസ്ത്രങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് വിവാഹത്തെക്കുറിച്ചുള്ള പൊതുസങ്കൽപ്പങ്ങളിൽ വന്നിരിക്കുന്ന മാറ്റങ്ങളും അത്തരം മാറ്റങ്ങളെ തങ്ങൾക്ക് അനുകൂലമാക്കി പരിവർത്തിതപ്പെടുത്തിയിരിക്കുന്ന ചിലരുടെ ഗൂഢതന്ത്രങ്ങളും.

മനുഷ്യകുലം ഭൂമിയിൽ ആവിർഭവിച്ച കാലംമുതൽ വിവിധ രീതികളിൽ എല്ലാ സമൂഹങ്ങളിലും വഴിവിട്ട ലൈംഗിക താൽപര്യങ്ങളും സ്വതന്ത്രചിന്തകളും നിലനിന്നിരുന്നു. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്നതു

## ലൗജിഹാദ് എന്നൊന്നുണ്ടോ?

ലൗജിഹാദ് എന്ന പ്രയോഗത്തിന്റെ അടിസ്ഥാനമില്ലായ്മയെക്കുറിച്ചുള്ള താത്വികമായ പല അവലോകനങ്ങളും കാണാറുണ്ട്. അങ്ങനെയൊന്നില്ല എന്ന് സ്ഥാപിക്കാൻ പലരും പല രീതിയിലും ശ്രമിക്കുന്നുമുണ്ട്. എന്നാൽ, പ്രണയക്കെണികൾ എന്നൊന്നില്ല എന്ന് അത്തരക്കാർപോലും പറയാനിടയില്ല. കാരണം, അത്തരം ചില കാഴ്ചകൾ സ്വാഭാവികമെന്നോണം നമുക്കിടയിൽ കണ്ടുതുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി. വിവാഹത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള മാറിയ കാഴ്ചപ്പാടുകളിലൂടെ നോക്കിയാൽ വളരെ സ്വാഭാവികമായി രൂപപ്പെടുന്ന ബന്ധങ്ങളായി വിശദീകരിക്കാമെങ്കിലും അൽപ്പം മാറിനിന്ന് യുക്തിപരമായി ചിന്തിച്ചാൽ വ്യത്യസ്തമായ ചില ബോധ്യങ്ങൾ കുറേപ്പേരുടെ അനുഭവങ്ങളിൽനിന്ന് നമുക്ക് ലഭിക്കും.

'ജിഹാദ്' എന്ന വാക്കിന് പൊതുവെ കല്പിക്കപ്പെടുന്ന അർത്ഥം, ഇസ്ലാമിന്റെ ശത്രുക്കളോട് പോരാടുന്ന 'വിശുദ്ധ യുദ്ധം' എന്നാണ്. ആ അർത്ഥത്തിൽ ലൗജിഹാദ് എന്ന പദത്തിന് സാംഗത്യമില്ല. സ്നേഹത്തെയും യുദ്ധത്തെയും തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാൻ സാധിക്കും? എന്നാൽ സാങ്കേതികമായ നിർവചനങ്ങൾക്കും അർത്ഥരാഹിത്യശങ്കകൾക്കും അപ്പുറം, 'ലൗജിഹാദ്' എന്ന പ്രയോഗത്തിന് പ്രായോഗികമായി മറ്റുചില മാനങ്ങളുണ്ട്. ആ പദം ഉപയോഗിക്കുന്ന പലരും വിരൽചൂണ്ടുന്നത് നമുക്കിടയിൽ വളരെ വ്യക്തമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസത്തിലേക്കാണ്. ലൗജിഹാദ് എന്നൊന്നില്ല എന്ന്

യുക്തിയും ബുദ്ധിയും ഉപയോഗിച്ച് വാദിക്കുന്നവർക്കുപോലും പ്രണയത്തിന്റെ രൂപത്തിൽ ഇവിടെ ചില കെണികൾ ഒരുക്കപ്പെടുന്നില്ല എന്ന് സ്ഥാപിക്കാൻ കഴിയില്ല. കാരണം, കണക്കുകളും അനുഭവങ്ങളും നമുക്കുമുന്നിൽ വിവരിക്കുന്ന വസ്തുതകൾ നിഷേധിക്കാനാവാത്തവയാണ്.

ഇസ്ലാം മതം പുതുതായി സ്വീകരിച്ചിട്ടുള്ളവരെ നിരീക്ഷിച്ചാൽ അതിൽ ബഹുഭൂരിപക്ഷം മുസ്ലീം ചെറുപ്പക്കാരും വിവാഹം കഴിച്ചിട്ടുള്ളത് മറ്റു മതസ്ഥരായ പെൺകുട്ടികളെ ആണെന്നുകാണാം. അത്തരത്തിൽ മതം മാറിയിട്ടുള്ള നൂറുകണക്കിന് പെൺകുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. സ്പെഷൽ മാര്യേജ് ആക്ട്‌വഴിയുള്ള വിവാഹങ്ങളുടെ വിശദാംശങ്ങൾ വിവരാവകാശനിയമംവഴി ലഭ്യമല്ലാത്തതിനാൽ കൃത്യമായ എണ്ണം കണക്കാക്കാൻ എളുപ്പമല്ല. 2020 വരെയുള്ള ചില വർഷങ്ങളിൽ രജിസ്ട്രാർ ഓഫീസുകളിൽ ലഭിക്കുന്ന വിവാഹ ആപ്ലിക്കേഷനുകൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത് വഴിയായി ഇത്തരം വിവാഹങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏറെക്കുറെ ലഭ്യമായിരുന്നു. എന്നാൽ, ഇത്തരം ഡാറ്റകൾ ചിലർ ശേഖരിക്കുന്നത് പരസ്യമായതിനുശേഷം ഇറങ്ങിയ 'ദുരൂഹമായ' ഒരു സർക്കാർ ഉത്തരവിലൂടെ *(24- 07- 2020- ന് പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ ഓഫീസിൽനിന്ന്)* സ്പെഷൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹങ്ങളുടെ നോട്ടീസ് ഓൺലൈനിൽ പരസ്യപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിക്കപ്പെടുകയുണ്ടായി.

ഒരു പരിമിത കാലയളവിൽ ലഭ്യമായിരുന്ന വിവരങ്ങളനുസരിച്ച്, വിവാഹംവഴി ഇസ്ലാമിലേക്കുള്ള അന്യമതസ്ഥരായ പെൺകുട്ടികളുടെ വ്യക്തമായ ഒഴുക്ക് ഇവിടെ നടക്കുന്നുണ്ട് എന്നുള്ളത് വ്യക്തമാണ്. അതേസമയം, മറ്റുമതസ്ഥരായ യുവാക്കളെ വിവാഹം കഴിക്കുന്ന മുസ്ലീം യുവതികളുടെ എണ്ണം വളരെ പരിമിതമാണുതാനും. മുസ്ലീം ഇതര മതവിശ്വാസികൾക്കിടയിൽ നടക്കുന്ന മതേതര വിവാഹങ്ങൾ എക്കാലത്തും ഒരു നിശ്ചിത അനുപാതത്തിൽ ഒതുങ്ങുമ്പോൾ എല്ലാ കണക്കുകളെയും അട്ടിമറിച്ചുകൊണ്ട് ഇസ്ലാമിലേക്ക് പെൺകുട്ടികളുടെ കുത്തൊഴുക്ക് കാണപ്പെടുന്നതിന് പിന്നിലെ രഹസ്യം എന്തായിരിക്കും?

ഇവിടെ, പ്രണയത്തിന് അതിർവരമ്പുകളും നിയമങ്ങളുമില്ല എന്ന ആധുനിക കാഴ്ചപ്പാടിന്റെ രൂപീകരണത്തെയും ചില പ്രത്യേക സ്വഭാവങ്ങൾ പൊതുവായുള്ള പ്രണയങ്ങളുടെ വർധനവിനെയും ഒരു നാണയത്തിന്റെ ഇരുവശങ്ങളായി കാണണം. കാഴ്ചപ്പാടുകൾക്ക് സംഭവിക്കുന്ന മാറ്റങ്ങളെയും അതിനിടയിലൂടെയുള്ള ചില സ്ഥാപിത താല്പര്യങ്ങളുടെ കടന്നുകയറ്റത്തെയും സന്തുലിതമായും ബുദ്ധിപൂർവമായും വിലയിരുത്താൻ കഴിഞ്ഞെങ്കിൽമാത്രമേ നമുക്കിടയിൽ ചില കെണികൾ ഒരുക്കപ്പെടുന്നുണ്ട് എന്ന വാസ്തവത്തെ ഉൾക്കൊള്ളാൻ കഴിയൂ.

കത്തോലിക്കാസഭയുടെയും ക്രൈസ്തവ സമൂഹങ്ങളുടെയും അടിസ്ഥാന കാഴ്ചപ്പാടുകളിൽ നിന്നകന്ന് മറ്റു പ്രത്യയശാസ്ത്രങ്ങളിൽ അകപ്പെട്ടും അന്യമതസ്ഥരെ വിവാഹംകഴിച്ചും വിശ്വാസത്തിൽ നിന്ന് അകലുന്നവർ തിരിച്ചറിയാതെപോകുന്ന മറ്റു ചില വാസ്തവങ്ങൾക്കൂടിയുണ്ട്. സഭയുടെ പ്രബോധനങ്ങൾ അനുസരിച്ച് വിവാഹബന്ധത്തിലൂടെ ഒരു വ്യക്തി മഹത്തരവും വിശാലവും പ്രകാശപൂരിതവുമായ ഒരു ജീവിതാവസ്ഥയിലേയ്ക്ക് പ്രവേശിക്കുകയാണ്. അത്തരമൊരു വിവാഹസങ്കൽപ്പമാണ് ഈ സമൂഹത്തിന്റെതന്നെ അടിത്തറ. 'വിവിധ തലമുറകൾ ഒന്നിച്ചുചേരുകയും പൂർണമായ വിജ്ഞാന സമ്പാദനത്തിനായി പരസ്പരം സഹായിക്കുകയും വ്യക്തിയുടെ അവകാശങ്ങളെ സാമൂഹ്യ ജീവിതത്തിന്റെ മറ്റാവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന കുടുംബമാണ് സമുദായത്തിന്റെ അടിസ്ഥാനം' (52, *Gaudium et spes*). കത്തോലിക്കാസഭ വിഭാവനം ചെയ്യുന്ന മഹത്ത്വപൂർണമായ കുടുംബസങ്കല്പവും പുതിയ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ നമുക്കിടയിൽ ചിലർ ആശ്ലേഷിക്കാൻ ആവേശംകൊള്ളുന്ന മറ്റു ചില സങ്കൽപ്പങ്ങളും ഇരുളും വെളിച്ചവുംപോലെ വ്യത്യാസമുള്ളവയാണ്. സന്തോഷത്തിലേക്കും സമാധാനത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും അതിലുമുപരി തികവുറ്റ ഒരു സമൂഹ സൃഷ്ടിയിലേക്കും കൗദാശികമായ വിശുദ്ധിയുടെ പിൻബലത്തിൽ വധൂവരന്മാർ പ്രവേശിക്കുന്ന സ്ഥാനത്ത്, തികച്ചും വിപരീതമായ മറ്റൊരു ജീവിതാന്തസ്തങ്ങളുടെ അവകാശമെന്ന് ചിലർ കരുതുന്നു. അത് അസമാധാനവും പാരതന്ത്ര്യവും അസംതൃപ്തിയും നിറഞ്ഞ ഇരുട്ടുമുറികളായി മാറുന്ന അനുഭവങ്ങൾ ഒട്ടനവധി നമ്മുടെ കൺമുന്നിലുണ്ട്.

## വിവാഹവേദിയിലെ അതിക്രമിച്ചുകയറ്റങ്ങൾ

കത്തോലിക്കാസഭയുടെ അടിസ്ഥാന പ്രബോധനങ്ങൾ അനുസരിച്ച് വിവാഹത്തിനും കുടുംബ ജീവിതത്തിനും ലൈംഗിക വിശുദ്ധിക്കും കൽപ്പിക്കപ്പെട്ടിരിക്കുന്ന വലിയ പ്രാധാന്യം നമ്മുടെ പുതുതലമു

റകൾക്കിടയിൽ പരിഗണിക്കപ്പെടാതെ പോകുന്നുണ്ടോ എന്നുള്ളത് തുറന്ന ചർച്ച ആവശ്യമുള്ള ഒരു ചോദ്യമാണ്. 'ഭാര്യാഭർത്താക്കന്മാരുടെയും സന്താനങ്ങളുടെയും അതുപോലെതന്നെ സമൂഹത്തിന്റെയും നന്മയ്ക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ ബന്ധം മാനുഷിക നിശ്ചയങ്ങളെ മാത്രം ആശ്രയിച്ചു നിൽക്കുന്ന ഒന്നല്ല. കാരണം, ദൈവംതന്നെയാണ് വൈവാഹിക ബന്ധത്തിന്റെ സ്ഥാപകൻ' (48, *Gaudium et spes*) ഇതാണ് വിവാഹബന്ധത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാട്. 'മനുഷ്യവംശത്തിന്റെ നിലനിൽപ്പ്, കുടുംബാംഗങ്ങൾ ഓരോരുത്തരുടെയും വ്യക്തിവികാസം, സനാതനമായ ജീവിത ഭാഗധേയം, കുടുംബത്തിന്റെയും മനുഷ്യവംശം മുഴുവന്റെയും മാഹാത്മ്യം, കെട്ടുറപ്പ്, ശാന്തി, ക്ഷേമം എന്നിവയോട് വിവാഹജീവിതം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു' (48, *Gaudium et spes*). വിവാഹജീവിതത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ കാഴ്ചപ്പാടുകൾ എത്രമാത്രം ഉയർന്നതാണെന്ന് ഈ വരികളിൽനിന്ന് വ്യക്തമാകുന്നുണ്ട്.

കുടുംബാംഗങ്ങളുടെ അറിവോടെയോ അറിവ് കൂടാതെയോ ഉള്ള മിശ്രവിവാഹം, മതം മാറിയുള്ള വിവാഹം തുടങ്ങിയവ കത്തോലിക്കാസഭ വിഭാവനം ചെയ്യുന്ന കുടുംബ– സമുദായ – സമൂഹ സങ്കൽപ്പങ്ങളുമായി പൊരുത്തപ്പെടാത്തതാണ്. വ്യക്തിപരവും കുടുംബപരവുമായ കാരണങ്ങളാൽ എക്കാലവും വിരളമായ എണ്ണം അത്തരം വിവാഹങ്ങൾ നമുക്കിടയിൽ ഉണ്ടാകാറുണ്ട്. അജപാലനപരമായ പരിഗണനയോടെ സഭ അത്തരം വ്യക്തികളോട് ഇടപെടുകയും ഉപാധികളോടെ കത്തോലിക്കാവിശ്വാസത്തിൽ തുടരാൻ അനുവദിക്കുകയും ചെയ്യാറുണ്ട്. എന്നാൽ Disparity of cult പ്രകാരമുള്ള ഒഴിവുകൾ സ്വീകരിക്കുന്നവരേക്കാൾ വളരെയേറെയാണ് ലാഘവബുദ്ധിയോടെ വിശ്വാസത്യാഗം ചെയ്യുന്നവർ. കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ ഇത്തരം ഒരു വിഭാഗത്തിൽ വന്നിട്ടുള്ള വർധനവ് ഒരു വെല്ലുവിളിയായി നാം ഏറ്റെടുക്കേണ്ടതുണ്ട്.

## തിരിച്ചറിയേണ്ടവ

മൂന്ന് തലങ്ങളിലെ പ്രതിസന്ധികളുടെ അടിസ്ഥാനത്തിൽ ഇന്ന് നാം അഭിമുഖീകരിക്കുന്ന ഈ വെല്ലുവിളിയെക്കുറിച്ച് വിചിന്തനം ചെയ്യാൻ കഴിയും. ഒന്നാമതായി, കത്തോലിക്കാവിശ്വാസപരിശീലനത്തിന്റെ അവിഭാജ്യഘടകമായ മതബോധനപ്രക്രിയയിൽ കാലാനുസൃതമായി വരുത്തേണ്ട പരിഷ്കരണങ്ങളുടെ കുറവും അതുമൂലം കാലികപ്രധാനമായ വിഷയങ്ങളെക്കുറിച്ചും വിശ്വാസപ്രതിസന്ധികളെക്കുറിച്ചുമുള്ള അവബോധം സഭയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ പുതിയതലമുറകൾക്ക് കൊടുക്കാൻ കഴിയാതെ പോകുന്നു. രണ്ടാമതായി, സാമൂഹിക കാഴ്ചപ്പാടുകളിൽ വന്നുകഴിഞ്ഞിരിക്കുന്ന മാറ്റങ്ങളും വിവിധ മതേതര പ്രത്യയശാസ്ത്രങ്ങളുടെ തള്ളിക്കയറ്റവും. മൂന്നാമതായി, തങ്ങളുടെ സ്ഥാപിതതാൽപര്യങ്ങളെ വിദഗ്ധമായി മറച്ചുവച്ചുകൊണ്ട് കെണികളൊരുക്കി യുവതലമുറയെ വരുതിയിലാക്കാനുള്ള ഒരു വിഭാഗത്തിന്റെ പദ്ധതികൾ. ഇത് മൂന്നും കൂടിച്ചേരുന്നതാണ് ഇന്നത്തെ കേരളത്തിലെ കത്തോലിക്കാകുടുംബങ്ങൾ വിവാഹത്തിന്റെയും പ്രണയസങ്കല്പങ്ങളുടെയും തലങ്ങളിൽ നേരിടുന്ന വെല്ലുവിളികളുടെ ഏകദേശരൂപം. സോഷ്യൽ മീഡിയയുടെ വിവിധസാധ്യതകൾ ഉപയോഗിച്ചും സിനിമകളിലൂടെയും നമ്മുടെ സമൂഹത്തിൽ പ്രചരിക്കപ്പെടുന്ന ക്രൈസ്തവവിരുദ്ധ ആശയങ്ങൾ, കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾക്ക് എതിരായ പ്രചാരണങ്ങൾ തുടങ്ങിയവ ഈ വെല്ലുവിളിയുടെ ആക്കം കൂട്ടുന്നുണ്ട്.

കത്തോലിക്കാസഭയുടെ പരിശുദ്ധമായ വിവാഹവേദിയിലേയ്ക്ക് മറ്റു കാഴ്ചപ്പാടുകളും സ്ഥാപിത താൽപര്യങ്ങളും കടന്നുകയറ്റം നടത്തുന്നുണ്ട് എന്ന വാസ്തവത്തെ അംഗീകരിച്ചുകൊണ്ട് അതിനുള്ള പ്രതിവിധി തേടുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. 'എല്ലാം ലൗജിഹാദ് ആണ്' എന്ന നിഗമനങ്ങളും 'ലൗജിഹാദ് എന്നൊന്നില്ല' എന്ന വാദഗതികളും ഒരേപോലെ അർത്ഥശൂന്യമാണ്. ഈ കാലഘട്ടത്തിൽ നാം ഗൗരവമായ ഒരു വിശ്വാസ– സാമൂഹിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് പ്രാധാന്യമർഹിക്കുന്ന വസ്തുത. ഇവിടെ സാമൂഹികമായ മാറ്റങ്ങളും പ്രതിഭാസങ്ങളും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട് എന്ന് പറയുമ്പോൾതന്നെ, നമുക്കുള്ളിൽ – സഭയിലും കുടുംബത്തിലും – സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയും സംഭവിക്കേണ്ടതായുള്ള മാറ്റങ്ങളെയും വിശകലനവിധേയമാക്കേണ്ടതുണ്ട്. അനർഹരുടെ കടന്നുകയറ്റങ്ങൾ, അത് ബൗദ്ധിക– സാമൂഹിക– വിശ്വാസതലങ്ങളിൽ സംഭവിക്കുന്നത് പ്രതിരോധിക്കപ്പെടേണ്ടതാണ്. ഗാർഹിക സഭകളായ കുടുംബങ്ങളുടെ പരിശുദ്ധിയും വിവാഹമെന്ന കൂദാശയുടെ മഹത്ത്വവും കാത്തുസൂക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യത്തോടെയുള്ള കാൽവയ്പുകളാണ് ഇവിടെ ആവശ്യം. ■

# ലിംഗഭേദ സങ്കല്പങ്ങളും സംഘർഷങ്ങളും



നിഷ ജോസ്
*ഡയറക്ടർ, വാതിൽ ഫൗണ്ടേഷൻ ഫോർ മെന്റൽ വെൽനസ്*

**ലിംഗഭേദാടിസ്ഥാനത്തിൽ ജീവിതപങ്കാളികളുടെ ദൗത്യങ്ങളെക്കുറിച്ചും പങ്കിനെക്കുറിച്ചും ഓരോരുത്തർക്കും സങ്കല്പങ്ങളുണ്ടാകും. പ്രായോഗിക ജീവിതത്തിൽ അവ നടപ്പിലാകാതെവരുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതകളും പൊട്ടിത്തെറികളും ധാരാളമാണ്. ചുറ്റുപാടും ഇന്നു കാണുന്ന ഈ പ്രതിസന്ധിയെ വിശകലനം ചെയ്യുകയാണ് ലേഖിക.**

തോമസും ജെസിയും തമ്മിൽ സ്വരചേർച്ചയില്ലാതായിട്ട് വർഷങ്ങളായി. ക്രമേണ വലിയ വഴക്കുകളിലേക്കും പൊട്ടിത്തെറികളിലേക്കും അത് എത്തിച്ചേർന്നു. ഭർത്താവ് എന്ന നിലയ്ക്ക് തോമസ് ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ അയാൾ ശരിയായി നിർവഹിക്കുന്നില്ല എന്നതായിരുന്നു ജെസിയുടെ പരാതി. 'തനിക്കും മക്കൾക്കും കിട്ടേണ്ട പരിഗണനകൾ കിട്ടുന്നില്ല'. എന്നാൽ, നിസ്സാര കാര്യങ്ങൾക്കുപോലും ജെസി തന്നെ അമിതമായി ആശ്രയിക്കുന്നുവെന്നും അതു തന്നെ വല്ലാതെ ഭാരപ്പെടുത്തുന്നുവെന്നുമാണ് മൾട്ടിനാഷണൽ കമ്പനിയിലെ ഉദ്യോഗസ്ഥനായ തോമസിന്റെ പരിഭവം.

വിശദമായി സംസാരിച്ചു വന്നപ്പോൾ ജെസിയുടെ അമിതമായ ആശ്രയത്വവും പ്രതീക്ഷകളുമാണ് സംഘർഷങ്ങൾ സൃഷ്ടിക്കുന്നതെന്ന് മനസ്സിലായി. വളരെ നിസ്സാരമായ ഷോപ്പിംഗ്മുതൽ സർവകാര്യങ്ങളും തോമസുതന്നെ ചെയ്തുകൊടുക്കണമെന്ന് ജെസിക്ക് നിർബന്ധമായിരുന്നു. തൊട്ടടുത്ത ബന്ധുവീടുകൾ സന്ദർശിക്കണമെങ്കിൽപോലും തോമസ് കൊണ്ടുപോകണം. ചെറിയ വീഴ്ചകൾക്കുപോലും അവൾ പരാതി പറയും. തോമസിനെ കുറ്റപ്പെടുത്തും. 'അയാളൊരു നല്ല ഭർത്താവല്ല' എന്ന് പഴി പറയും. ഔദ്യോഗികമായ ഉത്തരവാദിത്വങ്ങൾക്കും



സമ്മർദ്ദങ്ങൾക്കും മീതെ, ഭാര്യയുടെയും മക്കളുടെയും അമിതമായ ആശ്രയത്വവും ആവശ്യങ്ങളും കൂടിയായപ്പോൾ തോമസ് ആകെ തളർന്നു. തുടർന്ന്, വീട്ടിലെ സായാഹ്നങ്ങൾ അസ്വസ്ഥതകളും വഴക്കുകളും നിറഞ്ഞതായി.

'തൊട്ടടുത്ത കടയിൽനിന്ന് ഒരു സാധനം വാങ്ങണമെങ്കിൽപോലും ഇവൾ ഞാൻ വരുന്നതുവരെ കാത്തിരിക്കും. കുറച്ചു കാര്യങ്ങളൊക്കെ അവൾക്കു കൂടി ചെയ്തുകൂടെ' എന്ന ചോദ്യത്തിന് 'അതൊക്കെ ഭർത്താക്കൻമാരുടെ ഉത്തരവാദിത്വമാണ്; എന്റേതല്ല' എന്നതായിരുന്നു ജെസിയുടെ മറുപടി.

പന്ത്രണ്ട് വർഷത്തെ ദമ്പതീജീവിതത്തിനൊടുവിൽ വേർപിരിയാൻ തയ്യാറെടുക്കുകയാണ് ജോണും ഡയാനയും. രണ്ടുപേരും വിദ്യാസമ്പന്നരും ഉദ്യോഗസ്ഥരും. രണ്ടുമക്കൾ. 'ഇനിയും ഇയാളുടെ കൂടെ കഴിഞ്ഞാൽ ഞാൻ ആത്മഹത്യ ചെയ്തുപോകും' എന്ന് ഡയാന. 'ഒരു ഭാര്യ ആയാൽ എങ്ങനെ പെരുമാറണമെന്ന് ഇവൾക്കറിയില്ല' എന്ന് ജോണും. വീട്ടിലെ ജോലികളും മക്കളുടെ കാര്യങ്ങളും എല്ലാം ഭാര്യതന്നെ ചെയ്യേണ്ടതാണെന്നാണ് ജോണിന്റെ കാഴ്ചപ്പാട്. അതും യാതൊരു കുറവുകളും വീഴ്ചകളും കൂടാതെ. ജോലിക്ക് പുറമെ വീട്ടിലെ കാര്യങ്ങൾ, ഭർത്താവിന്റെയും മക്കളുടെയും മുഴുവൻ കാര്യങ്ങൾ, പിന്നെ ധാരാളം അതിഥികളും. തന്റെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും ഇടയ്ക്കിടെ



വിരുന്നൊരുക്കുന്നതും സൽക്കരിക്കുന്നതും ജോണിന് ഏറെ പ്രിയമുള്ള കാര്യമായിരുന്നു. പക്ഷെ വിരുന്നിൽ തന്റെ ഭാര്യ പ്രത്യേക രീതിയിൽ അണിഞ്ഞൊരുങ്ങണമെന്നും ആളുകളോട് ഇടപഴകണമെന്നും ജോണിന് നിർബന്ധമായിരുന്നു. ആഭരണങ്ങളണിയുന്നതിനും മേക്കപ്പ് ഇടുന്നതിനുമൊന്നും താത്പര്യമില്ലാതിരുന്ന ഡയാനക്കാകട്ടെ ഇതൊക്കെ ഏറെ അരോചകമായി. സമ്മർദ്ദങ്ങൾ അവളുടെ ജോലിയെ ബാധിച്ചു. രണ്ടുപേരും തമ്മിൽ വഴക്കുകൾ പതിവായി. ഒടുവിൽ ഡയാനയോട് അവളുടെ ജോലി ഉപേക്ഷിക്കണം എന്ന് ജോൺ ആവശ്യപ്പെട്ടപ്പോഴാണ് വേർപിരിയുന്നതിനെക്കുറിച്ച് അവൾ ചിന്തിച്ചുതുടങ്ങിയത്.

മേൽപറഞ്ഞ രണ്ട് സംഭവകഥകളിലും ദമ്പതികൾ വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത് പങ്കാളികളെക്കുറിച്ചുള്ള പ്രത്യേക സങ്കല്പങ്ങളും പ്രതീക്ഷകളുമായാണ് എന്നു വ്യക്തം. അത് സ്വഭാവികമാണുതാനും. എന്നാൽ ആദ്യസംഭവത്തിലെ ഭാര്യ ജെസിയുടെയും രണ്ടാമത്തെ സംഭവത്തിലെ ഭർത്താവ് ജോണിന്റെയും സങ്കല്പങ്ങളിലെയും പ്രതീക്ഷകളിലെയും കാർക്കശ്യമാണ് (*rigidity*) പ്രശ്നങ്ങളിലേക്ക് നയിക്കുന്നതെന്ന് മനസ്സിലാക്കാം.

ലിംഗഭേദാടിസ്ഥാനത്തിൽ ജീവിതപങ്കാളിയുടെ ദൗത്യങ്ങളെക്കുറിച്ചും പങ്കിനെക്കുറിച്ചും (*gender role expectations*) ഓരോരുത്തർക്കും സങ്കല്പങ്ങളുണ്ടാകും. പക്ഷെ ആ സങ്കൽപ്പങ്ങൾക്ക് കാർക്കശ്യവും യാഥാർത്ഥ്യത്തിൽനിന്നുള്ള അകലവും വർധിക്കുന്തോറും പരസ്പരബന്ധം സമ്മർദ്ദങ്ങളും സംഘർഷങ്ങളും നിറഞ്ഞതാകുന്നു. അടിച്ചമർത്തലുകൾക്കും നിരാശയ്ക്കും വഴിതുറക്കുന്നു. ലിംഗഭേദാടിസ്ഥാനത്തിലുള്ള പരമ്പരാഗത സങ്കൽപ്പങ്ങളെ മുറുകെ പിടിക്കുന്നവർക്ക്, അത് പുരുഷനായാലും സ്ത്രീ ആയാലും ആകുലതയും സമ്മർദ്ദവും കൂടുതലായിരിക്കും എന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഭർത്താവ് അന്നദാതാവും ഭാര്യ വീട്ടമ്മയും എന്ന പരമ്പരാഗത സങ്കല്പത്തിന് ആധുനിക സമൂഹത്തിൽ പ്രസക്തിയില്ലായെങ്കിലും അത്തരം ധാരണകളിൽ കടിച്ച് തൂങ്ങിക്കിടക്കുന്നവർ ഇന്നും ഏറെയുണ്ട്. പുരുഷൻമാർക്കാണ് ഇത്തരം കാര്യങ്ങളിൽ കൂടുതൽ കാർക്കശ്യം എന്ന് പല പഠനങ്ങളും പറയുന്നുണ്ടെങ്കിലും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലത്തിൽ സ്ത്രീകളും ഇക്കാര്യത്തിൽ പുറകിലല്ല എന്നാണ് നേരനുഭവങ്ങൾ.

**എന്റെ ദൗത്യം, നിന്റെ ദൗത്യം എന്ന വേർതിരിവുകൾ മാറ്റി വച്ച്, നമ്മുടെ ദൗത്യങ്ങൾ എന്ന് ചിന്തിക്കാൻ കഴിയുന്ന, പരസ്പരം ആദരിക്കാനും പിന്തുണയ്ക്കാനും കഴിയുന്ന തലമുറകളെ വാർത്തെടുക്കുക എന്നത് ഇന്നത്തെ കുടുംബങ്ങളുടെ പ്രധാന ദൗത്യമായി മാറേണ്ടിയിരിക്കുന്നു.**

എവിടെനിന്നാണ് ഈ ലിംഗഭേദങ്ങളെ അടിസ്ഥാമാക്കിയുള്ള പ്രതീക്ഷകളും സങ്കല്പങ്ങളും ഒരു വ്യക്തിയിൽ കുടിയേറുന്നത്? ഏറ്റവും പ്രധാന ഉറവിടം സ്വന്തം കുടുംബംതന്നെയാണ്. മാതാപിതാക്കളുടെ മാതൃക. ആമുഖത്തിൽ പരിചയപ്പെടുത്തിയ രണ്ടു ദമ്പതികളിലും അവരുടെ പങ്കാളികളെക്കുറിച്ചുള്ള സങ്കൽപങ്ങൾ രൂപംകൊണ്ടത് സ്വന്തം മാതാപിതാക്കളിൽനിന്നാണ്. ഭാര്യയ്ക്കും മക്കൾക്കും നിസ്സാര കാര്യങ്ങൾവരെയും ചെയ്തുകൊടുത്തിരുന്ന, അമിത സംരക്ഷണവും വാത്സല്യവും നൽകിയിരുന്ന ഒരു പിതാവായിരുന്നു ജെസിയുടേത്. ഭാര്യയും മക്കളും എല്ലാകാര്യങ്ങളിലുംതന്നെ ആശ്രയിക്കുന്നതിൽ അദ്ദേഹം സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്തിരുന്നു. സ്വന്തം അപ്പന്റെ മാതൃകയിൽ നിന്നാണ് തന്റെ പുരുഷസങ്കല്പം ജെസി മനഞ്ഞെടുത്തത്. ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഇല്ലാതിരുന്ന തന്റെ പിതാവിനെപ്പോലെയല്ല ഭർത്താവ് എന്ന് മനസ്സിലാക്കുന്നതിൽ ജെസി പരാജയപ്പെട്ടു.

ജോണിന്റെ കുടുംബത്തിലാകട്ടെ അമ്മ അടിമയായിരുന്നു. എല്ലാ ജോലികളും നിശ്ശബ്ദമായി ചെയ്തിരുന്ന, അപ്പന്റെ സർവ്വ ആജ്ഞകളും ആവശ്യങ്ങളും താമസംവിനാ നിറവേറ്റുന്ന, സ്വന്തം സ്വപ്നങ്ങളോ ആഗ്രഹങ്ങളോ ഒരിക്കലും പിന്തുടരാത്ത ഒരു വ്യക്തി. അമ്മയിൽ നിന്ന് രൂപപ്പെട്ട സ്ത്രീ സങ്കല്പമായിരുന്നു ജോൺ ഡയാനയിൽനിന്ന് പ്രതീക്ഷിച്ചത്. മാത്രമല്ല തനിക്ക് കിട്ടാത്തത് മരുമകൾക്കും വേണ്ട എന്ന ചിന്തയിൽ നിന്നുമാകാം ജോണിന്റെ അമ്മയും അയാളുടെ മനോഭാവത്തെ പ്രോത്സാഹിപ്പിക്കുകയും ഡയാനയെ കൂടുതൽ ബുദ്ധിമുട്ടിക്കുകയും ചെയ്തത്.

ലിംഗഭേദ സങ്കൽപങ്ങൾ രൂപപ്പെടുത്തുന്ന മറ്റൊരു പ്രധാന കാര്യം കുടുംബത്തിൽ ആൺകുട്ടികളോടും പെൺകുട്ടികളോടും പെരുമാറുന്ന രീതിയാണ്. വിവേചനപരമായ പെരുമാറ്റങ്ങൾ അനുഭവിക്കേണ്ടി വരുന്ന കുഞ്ഞുങ്ങളിൽ വളർന്നുവരുമ്പോൾ വികലമായ സങ്കൽപങ്ങൾ രൂപപ്പെട്ടേക്കാം. ഇത്തരം കാർക്കശ്യം നിറഞ്ഞ ലിംഗഭേദ ചിന്തകളുടെ അനന്തര ഫലമെന്താണ്?

ഒന്നാമതായി, അത് വ്യക്തികളെ മാനസികമായും ശാരീരികമായും തകർക്കുന്നു. അടിച്ചമർത്തപ്പെട്ട്, സ്വന്തം ഇഷ്ടങ്ങൾക്ക് പരിഗണന ലഭിക്കാതെ, സ്വത്വത്തിൽ ജീവിക്കാനാകാതെ വ്യക്തികൾ സംഘർഷത്തിലകപ്പെടുന്നു. നിരാശയ്ക്കും വിഷാദത്തിനും അടിപ്പെടുന്നു. ഇത് സ്വാഭാവികമായും പങ്കാളിയോടും മറ്റ് കുടുംബാംഗങ്ങളോടുമുള്ള ബന്ധത്തെ ബാധിക്കുന്നു. ദാമ്പത്യത്തിന്റെ സംതൃപ്തിയും സന്തോഷവും ചോർന്ന് യാന്ത്രികമായ ജീവിതമായി പരിണമിക്കുന്നു.

കടുത്ത ലിംഗഭേദചിന്തകളും പ്രതീക്ഷകളും സ്ത്രീകളെ മാത്രമാണ് ബാധിക്കുക എന്ന ചിന്ത പലർക്കുമുണ്ട്. എന്നാൽ ഇത് പുരുഷന്മാരെയും സ്ത്രീകളെയും കുടുംബത്തെ മുഴുവനെയും നെഗറ്റീവായി സ്വാധീനിക്കുന്ന ഒരു കാര്യമാണ്.


ആധുനികസമൂഹത്തിൽ ഇത്തരം ചിന്തകൾക്ക് സ്ഥാനമില്ലെന്ന് കരുതുമ്പോഴും ഇന്നും ഇത്തരം ചിന്തകളിൽ മുറുകെ പിടിച്ച് കിടക്കുന്നവർ അനേകരാണ് എന്നതാണ് വാസ്തവം.

പരസ്പരം അംഗീകരിക്കാൻ കഴിയുന്ന, space നൽകാൻ കഴിയുന്ന ബന്ധങ്ങൾക്കാണ് എന്നും സന്തോഷത്തിൽ നിലനില്ക്കാൻ കഴിയുക. അമിതാശ്രയവും അടിച്ചമർത്തലുമല്ല പിന്തുണയും പരസ്പരസഹകരണവുമാണ് ആവശ്യം. ഇത്തരം companionshipകൾ കുട്ടികൾ കണ്ട് വളരേണ്ടത് അവരുടെ മാതാപിതാക്കളിൽ നിന്നുതന്നെയാവണം. പിതാക്കന്മാർ കൂടുതലായി കുട്ടികളുടെ പരിചരണത്തിൽ ശ്രദ്ധ ചെലുത്തുന്ന വീടുകളിലെ കുഞ്ഞുങ്ങളിൽ ലിംഗസമത്വ മനോഭാവം കൂടുതലായിരിക്കും.

എന്റെ ദൗത്യം, നിന്റെ ദൗത്യം എന്ന വേർതിരിവുകൾ മാറ്റി വച്ച്, നമ്മുടെ ദൗത്യങ്ങൾ എന്ന് ചിന്തിക്കാൻ കഴിയുന്ന, പരസ്പരം ആദരിക്കാനും പിന്തുണക്കാനും കഴിയുന്ന തലമുറകളെ വാർത്തെടുക്കുക എന്നത് ഇന്നത്തെ കുടുംബങ്ങളുടെ പ്രധാന ദൗത്യമായി മാറേണ്ടിയിരിക്കുന്നു. ■

# സ്നേഹത്തിന്റെ ആനന്ദഭൈരവി

ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്തുമാകട്ടെ വിവാഹമെന്നത് പവിത്രവും പാവനവുമായ ബന്ധത്തിന്റെ തുടക്കവും തുടർച്ചയുമാണ്. രണ്ടു വ്യക്തികളും രണ്ടു കുടുംബങ്ങളും ചേരുമ്പോഴുണ്ടാകുന്ന ഒരു സിംഫണിയാണ് കുടുംബം. ഇന്ന് ഇതിന്റെ രാഗ താള ഭാവ ലയങ്ങൾക്ക് ശ്രുതിഭംഗം നേരിട്ടിരിക്കുന്നു. സ്ത്രീ ഉപഭോഗവസ്തുവും ദാസിയുമാണെന്ന വികലധാരണകൾ പുലർത്തുന്ന പുരുഷന്മാരും മോഹവലയങ്ങളുടെ മായികലോകത്ത് ജീവിച്ച് അബദ്ധജടില സങ്കല്പങ്ങളുമായി മുന്നേറുന്ന സ്ത്രീകളും ദമ്പതീജീവിതമെന്ന ശുദ്ധസംഗീതത്തെ അപതാളങ്ങൾക്കൊണ്ട് അലോസരപ്പെടുത്തുന്ന പ്രവണത വർധിച്ചുവരുന്നു. സ്നേഹത്തിന്റെ ആനന്ദഭൈരവിയാകേണ്ട വിവാഹജീവിതത്തിന്റെ വികലകാഴ്ചപ്പാടുകളും അസ്വസ്ഥചിന്തകളും ഇഴപിരിച്ച് പരിശോധിക്കുകയാണ് സമൂഹത്തിന്റെ വിവിധരംഗത്തുള്ളവർ.





## മാറുന്ന സ്ത്രീ സങ്കല്പങ്ങൾ

**മുഹ്സിന നൂറുൽ അമീൻ, മലപ്പുറം**
*ഓൾ ഇന്ത്യാ റേഡിയോ , മഞ്ചേരി FM അവതാരക*

'കാര്യത്തിൽ മന്ത്രിയും കർമത്തിൽ ദാസിയും രൂപത്തിൽ ലക്ഷ്മിയും...' സ്ത്രീയെ നിർവചിക്കുന്ന മനോഹര ഗാനശകലമാണിത്! പക്ഷെ, ആധുനിക സമൂഹത്തിൽ സ്ത്രീകളുടെ പങ്കിനെക്കുറിച്ച് പറയുമ്പോൾ, മാറിയ ജീവിതസാഹചര്യങ്ങളിൽ, തിരുത്തപ്പെട്ട കുടുംബപശ്ചാത്തലങ്ങളിൽ, സാമ്പത്തിക വ്യവസ്ഥിതികളുടെ നവോത്ഥാന വെല്ലുവിളികളിൽ ഈ നിർവചനങ്ങളും മാറ്റിക്കുറിക്കപ്പെട്ടേ പറ്റൂ.

സൂര്യനുദിക്കും മുൻപേയുണർന്ന് അടുക്കളയിൽ കയറി, തൂപ്പും തുടപ്പും പാചകവും മാത്രമാണ് ജീവിതം എന്ന മിഥ്യാധാരണയിൽനിന്നും ഉണർന്നെഴുന്നേറ്റ്, സ്വന്തം അസ്തിത്വം തിരിച്ചറിഞ്ഞ്, സ്ത്രീയെന്ന മനുഷ്യ

ജന്മത്തെ സാർത്ഥകമാക്കുന്ന തലത്തിലേക്കെത്തിയിരിക്കുന്നു അല്ലെങ്കിൽ എത്തണമെന്ന ചിന്തയിലെങ്കിലുമായിരിക്കുന്നു ഇന്നത്തെ സ്ത്രീകൾ. സാമൂഹിക– വിദ്യാഭ്യാസ–സാംസ്കാരിക ഔന്നത്യങ്ങളിലെത്തിക്കൊണ്ടിരിക്കുന്നു സ്ത്രീകൾ ഇന്ന്. സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധവതികളായിരിക്കുകയാണിവർ. വ്യവസ്ഥാപിതമായ ചട്ടക്കൂടുകളിൽനിന്നും സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് പറക്കാൻ ചിറകുകൾക്ക് കരുത്തു കൂട്ടുന്ന സ്ത്രീകൾ അവരുടെ സ്വത്വത്തെക്കുറിച്ച് ബോധവതികളാണിന്ന്.

കുടുംബവും കുട്ടികളും സ്വന്തം ബാധ്യതകളാണെന്നായിരുന്നു മുൻതലമുറയിലെ അമ്മമാരും അമ്മൂമ്മമാരും കരുതിയിരുന്നത്. അതനുസരിച്ച് ജീവിച്ച് കാലഹരണപ്പെട്ട സ്വപ്നങ്ങൾ ഉള്ളിലിട്ട് നീറുന്നത് നെടുവീർപ്പുകളായി പുറത്തേക്ക് വമിപ്പിക്കുമായിരുന്നു അവർ. ഇന്നിന്റെ കുടുംബിനികൾ ധർമബോധമുള്ളവരാണെങ്കിലും കുടുംബം എന്നത് ഒരു കൂട്ടുത്തരവാദിത്തമാണെന്ന് തിരിച്ചറിവുള്ളവരാണ്. സ്വയംപര്യാപ്തരാവണമെന്ന് ആഗ്രഹമുള്ളവരാണ് നല്ലൊരു ശതമാനംപേരും.

എന്നിട്ടും ചിലരെങ്കിലും 'വിവാഹവ്യാപാര'ത്തിലും പ്രേമവികാരക്കുഴികളിലും വീണുപോവുന്നതു കാണാം. ഇത് മുഴുവൻ സ്ത്രീയുടെ കുറ്റമല്ല, അതിനവളെ ബലിയാടാക്കുന്നത് സമൂഹംതന്നെയാണെന്ന് തിരിച്ചറിയണം. പെണ്മക്കൾ ഭാരമാണെന്ന് പേടിക്കുന്ന ഒരു സമൂഹമാണിന്നുള്ളത്.

ജനിച്ചുവീഴുമ്പോൾമുതൽ പെൺകുട്ടികൾ കേട്ടുകൊണ്ടിരുന്നത് 'കെട്ടിച്ചയയ്ക്കാനുള്ളതാണ്' എന്ന ഓർമപ്പെടുത്തലുകളായിരുന്നു. അവളുടെ ഇഷ്ടങ്ങളിലും ആഗ്രഹങ്ങളിലും എല്ലാം ഈ ഒരോർമപ്പെടുത്തലിന്റെ സ്വാധീനം ശക്തമായിരുന്നു. ഒരു പെൺകുട്ടി അവളുടെ കുഞ്ഞുവാശിയോ, ദേഷ്യമോ പ്രകടിപ്പിച്ചാൽ 'പെൺകുട്ടിയാണ്' എന്ന താക്കീത് കേൾക്കേണ്ടി വരുമായിരുന്നു. എന്നാൽ ഇന്നു സ്ഥിതിഗതികൾ മാറിക്കൊണ്ടിരിക്കുകയാണ്. 'വിവാഹം' എന്ന സുന്ദരസ്വപ്നം മാത്രം ലക്ഷ്യം വച്ച് ഇന്നത്തെ പെൺകുട്ടികൾ വളരുന്നില്ല. പഠനം തുടർന്ന് ഒരു ജോലി നേടണം, സ്വയം പര്യാപ്തരാവണം എന്ന ലക്ഷ്യം അവർക്കു നൽകുന്നതിന് മാതാപിതാക്കൾ ഏറെ ശ്രദ്ധിക്കുന്നു. ഭർത്താവ് അധ്വാനിച്ചു കൊണ്ടുവരുന്ന പണം കൊണ്ട് ജീവിതം പുലർത്തുന്ന, വീടും കുട്ടികളും ബാക്കി ഉത്തരവാദിത്വങ്ങളും ഭംഗിയായി നിറവേറ്റുന്ന, തികഞ്ഞ ഒരു കുടുംബിനി എന്ന ഒരു ലക്ഷ്യം ഇന്നത്തെ തലമുറയിലെ പെൺകുട്ടികൾ തമസ്കരിച്ചു കഴിഞ്ഞു.

കുടുംബത്തിൽ മാത്രമല്ല, സമൂഹത്തിലും തന്റേതായ 'സ്പേസ്' അവൾ കണ്ടെത്തിയിരിക്കുന്നു. ഭർത്താവ് എന്നാൽ 'ഭരിക്കുന്നവൻ' എന്നും ഭാര്യ എന്നാൽ 'ഭരിക്കപ്പെടുന്നവൾ' എന്നുമുള്ള പഴയ തലമുറ പഠിപ്പിച്ചു വച്ചിരുന്ന അർത്ഥങ്ങളെ വർത്തമാനകാല പെൺകുട്ടികൾ ഇന്ന് ഇഷ്ടപ്പെടുന്നേയില്ല. എന്തും പറയാവുന്ന ഒരു നല്ല സുഹൃത്തിനെയാണ്, തന്റെ ഇഷ്ടങ്ങൾക്കും അഭിരുചികൾക്കും അഭിപ്രായങ്ങൾക്കും വില കല്പിക്കുന്ന കൂട്ടുകാരനെയാണ്, എന്തും പങ്കുവയ്ക്കാവുന്ന ഒരു പങ്കാളിയെയാണ് ഇവർ തന്റെ ഇണയായി കാണുന്നത്.

ജീവിതത്തിലെ സകലമേഖലകളിലും സ്ത്രീകൾ ആഗ്രഹിക്കുന്നത് സമത്വവും സ്വാതന്ത്ര്യവും സമാധാനവുമാണ്. ഒരു പടിപോലും മുകളിലും താഴെയുമല്ലാത്ത സുന്ദരസമത്വം. ■



# സോഷ്യൽമീഡിയയുടെ അതിപ്രസരം

**സീമ പ്രിയ, കണ്ണൂർ**
*സംരംഭക, ദാവൻഗെരെ, ബെംഗളുരു*

പരസ്പര വിശ്വാസത്തോടെയും സ്നേഹത്തോടെയും അന്യോന്യം വിട്ടുവീഴ്ചയും പൊരുത്തപ്പെടലും കൈമുതലാക്കി നല്ല കുടുംബജീവിതം നയിച്ചുവന്നിരുന്ന കേരളത്തിൽപോലും സോഷ്യൽ മീഡിയ അധീശസ്ഥാനത്തേക്ക് എത്തിയപ്പോൾ മലയാളികളുടെ സാമൂഹ്യസങ്കൽപങ്ങൾക്കും കുടുംബഭദ്രതയ്ക്കും വൻതോതിൽ അപചയവും വീഴ്ചയും സംഭവിച്ചിരിക്കുന്നു. ഇവിടെ ആത്മഹത്യാനിരക്കും അതിക്രമങ്ങളും വർധിച്ചിരിക്കുന്നു. ഈ ദുഃസ്ഥിതി ഓരോ ദിവസവും കൂടുകയാണ്. ദാമ്പത്യം എന്നതിന്റെ കെട്ടുറപ്പും അതിന്റെ സന്തോഷവും വികാരവും പര

സ്പരവിശ്വാസവുമെല്ലാം സോഷ്യൽ മീഡിയയുടെ അതിപ്രസരത്തിലൂടെ പാടെ മാറ്റപ്പെട്ടിരിക്കുകയാണ്.

കാണാത്ത കാമുകനൊപ്പം ജീവിക്കാൻ സ്വന്തം കുഞ്ഞിനെ കൊല്ലുക, ഭർത്താവിനെ ആക്രമിക്കുക, കാമുകിക്കൊപ്പം ജീവിക്കാൻ ഭാര്യയെയും കുഞ്ഞുങ്ങളെയും വകവരുത്തുക തുടങ്ങിയ നീചകൃത്യങ്ങൾക്ക് അടിമകളായി മാറുന്ന കാഴ്ചകളാണ് സാക്ഷരകേരളം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഒരുപരിധിവരെ സ്ത്രീധനമെന്ന മഹാവ്യാധി വ്യാപിപ്പിക്കാനും സോഷ്യൽ മീഡിയ വഴിയൊരുക്കുന്നുണ്ട്.

വിവാഹം എന്ന കർമത്തിൽ ആഡംബരം എന്ന വ്യാധികൂടി സോഷ്യൽ മീഡിയ എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുകയാണ്. മറ്റുള്ളവരെക്കാളും കൂടുതൽ ലൈക്കും കമന്റും കിട്ടാനും മറ്റുള്ളവരുടെ ശ്രദ്ധ തന്നിലേക്ക് കൂടുതൽ ഉണ്ടാകുന്നതിനുമായി ദാമ്പത്യ ജീവിതാരംഭം ഒരാഘോഷമാക്കി വരുംതലമുറയ്ക്ക് കാണിച്ചു കൊടുക്കുന്നതും സോഷ്യൽ മീഡിയയുടെ അതിപ്രസരംതന്നെയാണ്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബ വ്യവസ്ഥിതിയിലേക്ക് മാറിയ നമ്മൾ ഇന്ന് ഏറ്റവും കൂടുതൽ ചിലവഴിക്കുന്നത് ദിനചര്യകൾ മുഴുവൻ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു ലൈവാക്കിക്കൊണ്ടാണ്. പരസ്പരം സംസാരിച്ചും സന്തോഷിച്ചും മക്കൾക്കും കുടുംബത്തോടൊപ്പവും കഴിയാൻ ആർക്കും സമയമില്ല. ദിവസത്തിന്റെ സിംഹഭാഗവും ഫോണിൽ ചെലവഴിച്ചു തീർക്കാനാണ് ഭാര്യയ്ക്കും ഭർത്താവിനും താല്പര്യം. ഇത് കണ്ടുവളരുന്ന കുട്ടികളും ആ വഴിയേ തിരിയുന്നു. പരസ്പര വിശ്വാസങ്ങളും ബന്ധങ്ങളും കെട്ടുറപ്പും ഭാര്യാഭർത്താക്കന്മാരിൽനിന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. അറിയാതെ സോഷ്യൽ മീഡിയയ്ക്കു പിന്നാലെ പായുകയാണ് എല്ലാവരും.

'പാശ്ചാത്യാധിനിവേശത്തിന്റെ' സ്വാധീനമേഖലകൾ കേരളീയസമൂഹത്തിലും വാരിവിതറുന്നതിൽ സോഷ്യൽ മീഡിയയുടെ പങ്ക് നിസ്സാരമല്ല. സ്വയം ചെളി വാരിയെറിയാനും വ്യക്തിഹത്യയും കുപ്രചാരണവും നടത്താനും അപമാനിക്കാനുമെല്ലാം സോഷ്യൽ മീഡിയ ലൈസൻസായി മാറുന്നതാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ വൈരാഗ്യങ്ങളും ദാമ്പത്യജീവിത വൈകൃതങ്ങളും ലൈംഗിക അരാജകത്വവുമെല്ലാം സോഷ്യൽ മീഡിയവഴി കണ്ടെത്തുന്ന സൗഹൃദങ്ങളോട് പങ്കുവയ്ക്കുമ്പോൾ, കുടുംബപ്രശ്നങ്ങൾ മനസ്സിലാക്കി ഭർത്താക്കന്മാർക്കും ഭാര്യമാർക്കും അവിഹിതബന്ധങ്ങളുണ്ടെന്ന് വരുത്തിത്തീർക്കാനും സോഷ്യൽ മീഡിയ കാരണമാകുന്നു. പല സൗഹൃദങ്ങളും ബന്ധങ്ങളെ വഴിതെറ്റിച്ചു, തമ്മിലുള്ള പാരമ്പര്യത്തെ ഇല്ലാതാക്കി, ജീവിതം തകർക്കുന്നത് സോഷ്യൽ മീഡിയവഴിയാണ്. പരിധിവിട്ടുള്ള സൗഹൃദങ്ങൾ പ്രണയത്തിലേക്കും ഒളിച്ചോട്ടത്തിലേക്കും കൊലപാതകങ്ങളിലുംവരെ എത്തിനിൽക്കുന്നു ഇപ്പോൾ.

'റിയൽ സ്പേസിൽ' മുഖത്തോടുമുഖം നോക്കിയുള്ള ആശയവിനിമയമാണെങ്കിൽ 'വെർച്വൽ സ്പേസിൽ' മെസ്സേജുകളും റെക്കോർഡുകളും ഒക്കെയാണ് കൂടുതൽ. ഇതുവച്ച് വിലപേശിയും കുടുംബ ബന്ധങ്ങൾ തകർക്കുന്നതും തകരുന്നതും സോഷ്യൽ മീഡിയ ഉപയോഗത്തിന്റെ ചീത്ത വശങ്ങളാണ്. സ്വകാര്യത, ലൈംഗികത തുടങ്ങിയവ പുറത്തുപറയുന്നതും പ്രദർശിപ്പിക്കുന്നതും കുഴപ്പമില്ലായെന്നും ഇതൊക്കെ എല്ലാവരും ചെയ്യുന്നതാണെന്നുമുള്ള ആശയവിനിമയങ്ങൾ തെറ്റായ രീതിയിൽ മറുവശത്തു നിൽക്കുന്നവരെ പറഞ്ഞു തെറ്റുധരിപ്പിച്ചു സോഷ്യൽമീഡിയ സൗഹൃദങ്ങൾ വഴിതെറ്റിക്കുന്നു. ഏതു കള്ളവും സമൂഹത്തെ വിശ്വസിപ്പിക്കാൻ സോഷ്യൽ മീഡിയയിലൂടെ കഴിയുന്ന കാലഘട്ടമാണിത്. ഇതുവഴി സാമൂഹ്യപ്രതിബദ്ധതകളിലും കുടുംബബന്ധങ്ങളിലും പലപ്പോഴും ചരമഗീതം എഴുതപ്പെടുന്നുണ്ട്.

നമ്മുടെ സദാചാരത്തിനൊപ്പം ജീവിതക്രമങ്ങൾ ആപത്കരമാംവിധം അപഥസഞ്ചാരം നടത്തിക്കൊണ്ടിരിക്കുന്നു എന്ന സത്യം നാം വിസ്മരിച്ചുകൂടാ. സോഷ്യൽ മീഡിയയുടെ വരവോടെ ലോകം മറ്റൊരു ദിശയിലേക്ക് നീങ്ങിയിരിക്കുകയാണ്. സോഷ്യൽ മീഡിയ ഉപയോഗിക്കുന്നില്ലായെന്നു പറയുന്നത് സ്റ്റാറ്റസിനു കുറവാണെന്ന് ചിന്തിക്കുന്ന അവസ്ഥയിലേക്കാണ് നമ്മുടെ സമൂഹം മാറിയിരിക്കുന്നത്. സോഷ്യൽ മീഡിയയിലൂടെ സുഹൃദ്ബന്ധങ്ങൾ തേടി, തിരഞ്ഞുപിടിക്കുമ്പോൾ തൊട്ടടുത്തുള്ള സുഹൃത്തിനെയും എന്നും കൂടെയുണ്ടാവുമെന്നുറപ്പുള്ള അല്ലെങ്കിൽ കൂടെയുള്ള പല ബന്ധങ്ങളും വിസ്മരിക്കപ്പെട്ടുപോകുന്നു. എന്നിട്ട് പൊള്ളയായ സുഹൃത്തുക്കളെയും തിരഞ്ഞു അന്യോന്യം ഓടുന്ന അവസ്ഥയാണ് ഇന്ന് കാണുന്നത്. ജീവിത മൂല്യങ്ങൾ ഉയർത്തിക്കാട്ടി വരുംതലമുറയ്ക്കും തന്റെ കുടുംബത്തിനും നേർവഴി കാട്ടികൊടുക്കേണ്ട ദാമ്പത്യബന്ധങ്ങൾ സോഷ്യൽമീഡിയയുടെ ചതിക്കുഴിയിൽ കീഴടങ്ങി താളപ്പിഴയിലൂടെ പോയിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ കുടുംബബന്ധങ്ങൾ തകരുന്നത് നേർക്കുനേർ കാണേണ്ടിവരുന്നത് ഖേദപൂർവമായ കാഴ്ചയാണ്.

■



# സ്ത്രീധന പീഡനം ജീവനെതിരേയുള്ള വെല്ലുവിളി

**തോമസ് കെ. സ്റ്റീഫൻ, നെയ്യാറ്റിൻകര**
*അധ്യാപകൻ, ഗവ. ഹയർസെക്കറി സ്കൂൾ, ഞാറക്കൽ*

വർത്തമാനകാലം ഏറെ സജീവമായി ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് സ്ത്രീധന പീഡനവും തുടർന്നുള്ള ഹത്യകളും. സ്ത്രീധനം എന്നത് കേരളത്തിന്റെ ശാപമായി വളർന്നിട്ട് കാലം കുറെയായി. ഇന്ന് അത് പൂർണമായും മനുഷ്യജീവന് എതിരെയുള്ള ഭീഷണിയായും വളർന്നിരിക്കുന്നു.

ഈ പ്രശ്നത്തിന്റെ ഉത്തരവാദികൾ സ്ത്രീകളാണോ പുരുഷന്മാരാണോ എന്നത് ഒരു തർക്കവിഷയമായി തുടരുന്നുവെങ്കിലും ഇര ആരാണ് എന്ന ചോദ്യത്തിന് ഉത്തരം സ്ത്രീ എന്നത് മാത്രമാണ്.

പ്രപഞ്ചസ്രഷ്ടാവ് കല്പിച്ചനുവദിച്ച ഇണയെ, തുണയെ തെരഞ്ഞെടുക്കാനുള്ള മനുഷ്യന്റെ മാനം ധനം മാത്രമായി മാറിയിരിക്കുന്നു. ധനത്തോടുള്ള ആഭിമുഖ്യം മനുഷ്യബന്ധങ്ങളെ ഊഷ്മളമാക്കാൻ പോന്ന എല്ലാ മൂല്യങ്ങളെയും അവഗണിക്കാൻ അവന് പ്രേരണയാകുന്നു. സ്നേഹം, ദയ, കരുണ, അനുകമ്പ തുടങ്ങി എല്ലാ സനാതനമൂല്യങ്ങളും അന്യമായിരിക്കുന്നു. കഷ്ടപ്പെട്ട് വളർത്തി വലുതാക്കിയ മക്കൾക്ക് വില നിശ്ചയിച്ച് വിവാഹകമ്പോളത്തിൽ പ്രദർശിപ്പിക്കാനും ക്രയവിക്രയം ചെയ്യാനും ഇന്ന് മാതാപിതാക്കൾക്ക് മടിയില്ല. തങ്ങളുടെ കുലമഹിമയും ആഡംബരവും കാണിക്കാനുള്ള അവസരമായാണ് പല രക്ഷിതാക്കളും മക്കളുടെ ജീവിതത്തെ സമീപിക്കുന്നത്.

ശക്തമായ നിയമങ്ങൾ ഉണ്ടാകണമെന്നാണ് പ്രശ്നപരിഹാരമായി പറയപ്പെടുന്ന പ്രധാന നിർദ്ദേശം. വാസ്തവത്തിൽ, ഇവിടെ ഏതെങ്കിലും നിയമത്തിന്റെ കുറവുണ്ടോ എന്നത് പ്രസക്തമായ ചോദ്യമാണ്. ഇനി ഉണ്ടെങ്കിൽതന്നെ നിയമംകൊണ്ടുമാത്രം എന്തെങ്കിലും നിഷേധിക്കാൻ കഴിയുമോ എന്ന ചോദ്യവും പ്രസക്തമാകുന്നു. ഓരോ പുതിയനിയമങ്ങൾ ഉണ്ടാകുമ്പോഴും ആ നിയമങ്ങൾ ലംഘിക്കാനുള്ള മാർഗങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളും ശക്തമാകുന്നുവെന്നു കാണാം. ശക്തമായ ബോധവൽക്കരണവും അതിലൂടെ പൊതുബോധത്തിൽ ഉണ്ടാകുന്ന മാറ്റവുമാണ് ഏറ്റവും കരണീയമായ മാർഗം. കഴിഞ്ഞ ആറ് പതിറ്റാണ്ടായി ഇതിനുള്ള ശ്രമങ്ങൾ കേരളത്തിൽ നടന്നുവരുന്നുണ്ട്. താളംതെറ്റിയ സ്ത്രീധന വിരുദ്ധ ബോധവല്ക്കരണങ്ങളുടെ കാര്യകാരണങ്ങളും വിലയിരുത്തപ്പെടേണ്ടതുതന്നെയാണ്.

സ്ത്രീധന വിരുദ്ധ പ്രയോക്താക്കളിൽ നല്ലൊരു ശതമാനംപേരും പ്രണയവിവാഹങ്ങളുടെ പ്രയോക്താക്കൾ കൂടിയായിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീധനവിരുദ്ധത എന്നത് കേവലം പ്രണയവിവാഹത്തെ സാധൂകരിക്കാനുള്ള മാർഗം മാത്രമായി സമൂഹം വിലയിരുത്തുന്ന സാഹചര്യം ഉടലെടുത്തു. മിശ്രവിവാഹങ്ങളുടെ ന്യായീകരണവിഷയമായും സ്ത്രീധനവിരുദ്ധത അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. മതമൂല്യങ്ങൾക്ക് വലിയ വില കല്പിക്കുന്ന കേരള സമൂഹത്തിൽ വിശ്വാസമൂല്യങ്ങൾക്ക് എതിരായ സമീപനങ്ങൾക്കും നീക്കങ്ങൾക്കും വലിയ പ്രാമുഖ്യം ലഭിക്കാൻ സാധ്യതയില്ല എന്ന സത്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു.

രണ്ടാമതായി, സ്ത്രീധന വിരുദ്ധ പ്രയോക്താക്കളിൽ ചിലരെങ്കിലും തീവ്ര ഫെമിനിസ്റ്റുവാദികൾ ആയിരുന്നെന്നുകാണാം. സ്ത്രീധനം എന്നത് ഒരു പുരുഷകേന്ദ്രീകൃതവിഷയമായി കണ്ട് പുരുഷന്മാർക്ക് നേരെയുള്ള കടന്നാക്രമണത്തിനും അതുവഴി കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിനും ഇക്കൂട്ടർ വഴിവച്ചു. കുടുംബജീവിതത്തിന് വലിയ പ്രാധാന്യം കല്പിക്കുന്ന കേരള സമൂഹത്തിൽ ഒരു ഫെമിനിസ്റ്റ് സമീപനത്തിലൂടെ സ്ത്രീധന വിരുദ്ധ പോരാട്ടത്തിനും പ്രാമുഖ്യം ലഭിക്കാൻ സാധ്യതയില്ലതന്നെ.

മൂന്നാമതായി, സ്ത്രീധന വിരുദ്ധപോരാട്ടങ്ങളുടെ ഭാഗമായി ചിലർ നിർധനരായ പെൺകുട്ടികളെ വിവാഹം കഴിച്ച് ആദർശത്തിന്റെ ആൾരൂപങ്ങളായി അവതരിക്കുന്നു. നിർധനയെ വിവാഹം കഴിക്കാമെന്ന് പറഞ്ഞതിലൂടെ വിവാഹത്തിന്റെ മാനം സമ്പത്തുതന്നെയാണ് എന്ന് ഒരിക്കൽകൂടി ഉറപ്പിക്കാൻ ഈ ബോധവൽക്കരണ പരിപാടികൾക്ക് കഴിഞ്ഞു എന്നതാണ് സത്യം. എന്തോ വലിയ ഔദാര്യം ചെയ്തു എന്ന തരത്തിലുള്ള ഇത്തരം വിവാഹങ്ങളെയും പൊതുസമൂഹം നിരാകരിക്കുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിഞ്ഞത്.

ഈ സാഹചര്യത്തിൽ സമൂഹത്തിന്റെ പൊതുബോ

ധവും മനഃസാക്ഷിയും ഉണർത്തുന്നതിന് ആവശ്യമായ സനാതനമൂല്യങ്ങൾ അതിന്റെ ആഴത്തിലും പരപ്പിലും പഠിപ്പിക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവനെ ഹനിക്കുന്ന എല്ലാ പ്രവണതകളോടും അരുത് എന്നു പറയാൻ തക്കരീതിയിൽ മനഃസാക്ഷിരൂപീകരണം നടക്കണം. ജീവസംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്ന ചിന്തകൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉപേക്ഷകൊണ്ടോ സഹജീവികളെ വേദനിപ്പിക്കുന്നതിന്റെ അനൗചിത്യം കുട്ടികളുടെ ബാലപാഠമാകണം. ഓരോ മനുഷ്യജീവനും ഇവിടെ സംരക്ഷിക്കപ്പെടണമെന്ന പൊതുബോധത്തിൽ നിന്ന് മാത്രമേ എല്ലാ ഹത്യകൾക്കും അറുതി വരുകയുള്ളൂ. ഭ്രൂണഹത്യയും ആത്മഹത്യയും ദയാവധവും എല്ലാം ഹത്യകളാണെന്ന് പറയാനും പഠിപ്പിക്കാനും അതിനെതിരെ നിലപാട് എടുക്കാനും അധികാരികൾക്കും പൊതുസമൂഹത്തിനും കഴിയണം. ■

# വ്യവസ്ഥകൾ തകരുമ്പോൾ

**പി. വി. ആൽബി, പാലക്കാട്**
*മാധ്യമപ്രവർത്തകൻ, ഗ്രന്ഥകർത്താവ്*



ഒരു വ്യാഴവട്ടക്കാലം മുൻപ്, അമേരിക്കൻ മലയാളികൾക്കിടയിൽ പ്രചരിച്ച ഒരു വാരികയുടെ ചുമതല ഏറ്റെടുത്ത സമയം. അവിടെ അവർ നേരിടുന്ന പ്രശ്നങ്ങൾ അടുത്തറിയാനും പ്രസിദ്ധീകരണത്തിലൂടെ പരിഹാരം തേടാനും ഒരു ശ്രമം തുടങ്ങി. നിരവധി വായനക്കാരുമായി സംവദിച്ചപ്പോൾ മനസ്സിലായ ഒരു കാര്യം, യു.എസ്സിൽ എത്തിയതിനുശേഷം പിറന്ന പുതുതലമുറ വലിയൊരളവോളം വഴിതെറ്റിപ്പോകുന്നു. പുറത്തുപറയാനും വയ്യ, പറയാതിരിക്കാനും വയ്യ. ഈ വഴിതെറ്റലിന്റെ നല്ലൊരുപങ്കും അന്നത്തെ എന്റെ കണക്കുകൂട്ടൽപ്രകാരം 60 ശതമാനവും ചെന്നുചേരുന്ന ഇടം വ്യവസ്ഥാപിതമായ കുടുംബബന്ധങ്ങൾക്കു പുറത്തുള്ള സഹജീവനം എന്ന യാഥാർത്ഥ്യത്തിലായിരുന്നു.

കേരളത്തിലെ പ്രശസ്തമായൊരു സർവകലാശാലയിൽ എന്റെ സീനിയറായി പഠിച്ച ഒരു ശാസ്ത്രകാരൻ യു.എസ്സിലെ സ്ഥിരവാസം മതിയാക്കി മക്കളോടൊപ്പം ഇന്ത്യയിലേക്കു മടങ്ങി. മടങ്ങാനാകാതെ പെട്ടുപോയവരാണ് മഹാഭൂരിപക്ഷവും. ആത്മഹത്യയുടെ വക്കിലെത്തിയവർ കുറച്ചൊന്നുമായിരുന്നില്ല. അടുത്തപടിയായി യുവതലമുറയോടു സംവദിച്ചപ്പോൾ മനസ്സിലാക്കാനായത്, വിലക്കുകളില്ലാത്ത സ്വാതന്ത്ര്യത്തിലേക്കുള്ള വിളി അവർക്ക് ലഭിച്ചു എന്നതാണ്. അറിവും പണവും അധികമായി ലഭിച്ചപ്പോൾ അടുത്തതായി വേണ്ടിയിരുന്നത് അതിരുകളില്ലാത്ത സ്വാതന്ത്ര്യമായിരുന്നു. അവരത് തേടുകയായിരുന്നു.

മനുഷ്യൻ ആദിമകാലത്ത് പൂർണസ്വതന്ത്രനായിട്ടാണ് ജീവിച്ചതെന്ന് നരവംശശാസ്ത്രജ്ഞർ സിദ്ധാന്തിക്കുന്നുണ്ട്. സ്വകാര്യസ്വത്തിന്റെ ആവിർഭാവം, സ്ഥിരമായ കൃഷിയുടെ തുടക്കം; അതോടെയായിരിക്കണം ഒരു സ്ത്രീയും പുരുഷനും അവരുടെ സന്തതികളും ഒന്നിച്ചുജീവിക്കുക എന്ന വ്യവസ്ഥ വന്നത്. മറ്റു ജന്തുജാലങ്ങളിൽനിന്നും വ്യത്യസ്തമായി ഒരു മനുഷ്യശിശു സ്വയം ഇരതേടി ജീവിതം കരുപിടിപ്പിക്കണമെങ്കിൽ ഏതാനും വർഷങ്ങളുടെ കാലദൈർഘ്യം വേണ്ടിവരും. ഇത് മാതാപിതാക്കൾ ഒരുമിച്ചു ജീവിക്കേണ്ടതിന്റെ വംശോദ്ധാരണപരമായൊരു അനിവാര്യതയാണ്. മനുഷ്യസംസ്കാരത്തിന്റെ വളർച്ചയുടെ സുപ്രധാന നാഴികക്കല്ലുകളായ മതങ്ങളുടെ ആവിർഭാവം ഈ വ്യവസ്ഥയെ ആധ്യാത്മികമായി അരക്കിട്ടുറപ്പിക്കുകയും ചെയ്തു.

കേവലമായ സ്വാതന്ത്ര്യം എന്നൊന്നില്ല എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു വാസ്തവംമാത്രമാണ്. ജീവിതത്തിന്റെ ഉന്നതമായ ഉദ്ദേശങ്ങൾക്കുവേണ്ടി (High purpose of life) മനുഷ്യൻ ഈ സ്വാതന്ത്ര്യത്തിന് ചില പരിധികൾ വയ്ക്കുന്നു. ചിരപരിചിതയായ/ചിരപരിചതനായ ഇണയെ മറികടന്ന് പുതുമകൾ തേടാനുള്ള, സുഖലോലുപതയിൽ അധിഷ്ഠിതമായ കേവലം മൃഗീയമായ ത്വരയാണ് സഹജീവിതത്തിന്റെ അടിസ്ഥാനം. ഇവിടെ മാരകമായ മുറിവേൽക്കുന്ന ഒരു കൂട്ടരുണ്ട്– മക്കൾ. അനിശ്ചിതത്വങ്ങൾക്കും വിഷാദങ്ങൾക്കും ഇടയിൽ വളരാൻ വിധിക്കപ്പെട്ടവർ. 'മക്കൾ വേണ്ട' എന്ന കുറുക്കുവഴിയിലൂടെയാണ് ചില 'സ്വതന്ത്ര ഇണകൾ' ഇതിനെ മറികടക്കാൻ ശ്രമിക്കുന്നത്. പ്ര

ത്യുല്പാദനരഹിതമായ ഒരു ജീവിവർഗം അധികകാലം നിലനിൽക്കുകയില്ല എന്നേ അവരോട് പറയാനുള്ളൂ.

കുടുംബങ്ങളെ, പാശ്ചാത്യലോകത്ത് ബഹുഭൂരിപക്ഷമായ ക്രൈസ്തവ കുടുംബങ്ങളെ തകർക്കാനുള്ള അതിനിഗൂഢമായ ചില അജണ്ടകളും ഇതിനു പിന്നിലുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആധ്യാത്മികമായി പറഞ്ഞാൽ, ദൈവത്തിന്റെ ഉത്കൃഷ്ടസൃഷ്ടിയായ മനുഷ്യനെ തകർത്ത് സ്രഷ്ടാവിനെ വെല്ലുവിളിക്കാനുള്ള പൈശാചികമായൊരു പദ്ധതി. സാത്താനികസംഘങ്ങളുടെ- സെക്ടുകളുടെ ആവിർഭാവവുമായി ഇതിനെ നിയമപാലകർപോലും ബന്ധപ്പെടുത്തുന്നുണ്ട്.

ഇന്റർനെറ്റിലൂടെ, ദൃശ്യമാധ്യമങ്ങളിലൂടെ, ആഗോള കച്ചവടശൃംഖലകളിലൂടെ സംജാതമാകുന്ന രാജ്യാന്തര സംസ്കാരത്തിന്റെ ഭാഗമായി നമ്മുടെ കേരളത്തിലും ലിവിംഗ് ടുഗെതർ ജീവിതരീതി പടർന്നുവരുന്നുണ്ട്. തൊണ്ണൂറുകളുടെ തുടക്കത്തിൽ കൊച്ചി നഗരത്തിൽ കണ്ടുമുട്ടിയ ചില 'കൂട്ടായ്മ' കളാണ് ഇതിലേക്ക് ആദ്യമായി വെളിച്ചംവീശിയത്. ഏതാനും വർഷങ്ങൾക്കുമുൻപ് അവരിൽ ചിലരെ ഒന്നു കണ്ടുപിടിക്കാൻ ശ്രമം നടത്തി. കണ്ടുമുട്ടിയവരിൽ മഹാഭൂരിപക്ഷവും കടുത്ത വിഷാദത്തിന്റെ പിടിയിലായിരുന്നു, മയക്കുമരുന്നിന്റെ അടിമകളായിരുന്നു. കാണാനാകാതിരുന്ന ചിലർ ആത്മഹത്യയിലാണ് ചെന്നെത്തിയതെന്ന് കൂടുതൽ അന്വേഷണത്തിൽ മനസ്സിലായി.

ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാത്ത, ത്യാഗങ്ങൾക്ക് തീരെ തയ്യാറല്ലാത്ത ജീവിതത്തെ ഭൗതികമായി ഒരു ആഘോഷമായി മാത്രം കാണുന്ന ഒരു സമൂഹം. അതുമാത്രമാണ് കേവലമായ സഹജീവിതത്തിന്റെ ആദർശമുഖംമൂടി അണിഞ്ഞ് അഴിഞ്ഞാടുന്നവർ. അത്തരക്കാർക്കുവേണ്ടി പ്രാർത്ഥിക്കാനേ കഴിയൂ എന്നുതോന്നുന്നു. ■



# പെരുകുന്ന വിവാഹമോചനങ്ങൾ

**ഡോ. വിനിത കെ.എൽ, ആലപ്പുഴ**

*ഷിഫ്റ്റ് സൂപ്പർവൈസർ, കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, പാതിരാപ്പള്ളി*

വിവാഹം, പ്രണയം ഇതിവൃത്തമായ കഥയുടെ സ്വാഭാവിക പരിണാമമാകുമ്പോഴാണ് ജീവിതം വർണാഭമായൊരു ക്യാൻവാസാകുന്നതും അതിൽ ജീവനകലയുടെ അനവദ്യത, 'കുടുംബ'മെന്ന സങ്കല്പക്ഷേത്രത്തിൽ അനന്യസുന്ദരചിത്രങ്ങളായി ആസ്വാദ്യകരമാകുന്നതും. പരസ്പരപൊരുത്തം, പരസ്പരാകർഷണത്തിലുപരി, ബുദ്ധിപൂർവകമായ തിരഞ്ഞെടുപ്പുകളിലൂടെ ഭാവിഭദ്രതയിൽ ജീവിതമെത്തിക്കുന്നതിനുള്ള സൂത്രവഴികളായതോടെയാണ്, കാളവണ്ടിയുഗത്തിലെ ദുർഘടസഞ്ചാരികളായ മനുഷ്യർ, റോക്കറ്റുവേഗത്തിനടിമപ്പെടുന്നതും സ്വത്വം മറന്ന വെറും ജീവശരീരങ്ങൾ മാത്രമായി അധഃപതിക്കുന്നതും.

സ്വന്തമെന്ന വാക്കിനുപകരം 'സ്വർണം' എന്ന് എപ്പോൾ വായിച്ചുതുടങ്ങിയോ അന്നുമുതലിന്നോളം വിവാഹം കച്ചവടവും ഭാര്യാഭർത്താക്കന്മാർ കമ്പോളവസ്തുക്കളുമായിത്തീർന്നു. പെരുകുന്ന വിവാഹമോചനക്കണക്കുകൾ കൂട്ടിയും കുറച്ചും നഷ്ടം കണ്ടെത്തുന്നത് സ്ത്രീധനം എന്ന മഹാവിപത്തിലും ഒന്നിലും സംതൃപ്തി കാണാൻ കഴിയാത്ത പുതിയ ലോകവ്യവസ്ഥിതിയിലുമാണ്.

പ്ലസ്ടുവിലും കോളജിലും പഠിക്കുന്ന സമയത്തോളം കൂടെയുള്ള പെൺകുട്ടികളെ തനിക്കു തുല്യരായോ, അതിനും മുകളിൽ നിലവാരമുള്ളവരായോ കണ്ട് സമഹൃദയവികാരത്തിൽ ജീവിച്ച ആൺകുട്ടികൾ, പക്ഷേ വിവാഹമെന്ന നടുമുറ്റത്തെത്തുമ്പോൾ, യാഥാസ്ഥിതികചിന്തകളിലേക്ക് പിന്തിരിഞ്ഞോടുന്ന വിശേഷസ്ഥിതി, ചുറ്റും പടർന്നുപന്തലിച്ച പിന്തിരിപ്പൻ സാമൂഹ്യാവസ്ഥയോടു സമരസപ്പെടുന്ന അത്ഭുതകാഴ്ചയാണ് ഇന്ന് കാണാനാകുന്നത്. അല്ലെങ്കിൽ, ഹൃദയപാതിയായി സ്വീകരിച്ച ഒരുവളെ, എന്തിന്റെ പേരിലായാലും പീഡനങ്ങൾക്കു വിധേയയാക്കാൻ ഒരുവനു കൂട്ടുനിൽക്കാനാകുന്നതെങ്ങനെയാണ്?

വിവാഹമോചനങ്ങൾ, ഇന്നിന്റെ തലമുറദോഷമായി പുരികം ചുളിക്കുന്നവർ, സ്വന്തം മകനോട്, സ്ത്രീയെന്ന

തിലുപരി ഒരു ധനവും ആഗ്രഹിക്കരുതെന്ന് പറയാൻ ധൈര്യപ്പെടുമോ? സ്വന്തം ഗൃഹവും പ്രിയപ്പെട്ടവരെയും വേർപിരിഞ്ഞ് മറ്റൊരു വീട്ടിലേക്ക് വന്നുകയറുന്നവളെ കൂടുതൽ കരുതലോടെയും കരുണയോടെയും പരിഗണിക്കുമോ? അനുഭവക്കുറവുകളുള്ള പുതുതലമുറയുടെ തെറ്റുകളും കുറ്റങ്ങളും ഊതിപ്പെരുപ്പിച്ച് ഒറ്റപുത്രന്മാരുടെ സൈ്വരജീവിതത്തിൽ ഇത്തിൾക്കണ്ണികളാകാതെ, അവർക്കൊരു ധൈര്യമായും സാന്ത്വനമായും ചേർന്നുനിൽക്കുമോ? മരുമകളായി വന്നവളുടെ സ്വത്വവും ഗുണവും സംസ്കാരത്തിന്റെ തുലാസിലളക്കാതെ സ്വന്തം മകളുടെ ഗുണദോഷങ്ങളെ കാണുന്നയളവുകളിൽ ചേർത്തുകാണുമോ?

എത്ര സംസ്കാരസമ്പന്നരുടെയും സ്ത്രീസമത്വവാദികളുടെയും കുടുംബാന്തരീക്ഷം മേൽപ്പറഞ്ഞ ചിന്തകളുടെ പശ്ചാത്തലവിശകലനത്തിൽ എത്ര താഴ്ന്നനിലവാരത്തിലാണ് എന്ന തിരിച്ചറിവിൽ 'വിവാഹമോചനം' എന്തുകൊണ്ടിത്ര അധികരിക്കുന്നു എന്നത് മനസ്സിലാക്കാം. 'എനിക്കിവിടെ പറ്റുന്നില്ല' എന്ന് പെൺമക്കൾ തുറന്നുപറയാൻ ധൈര്യപ്പെടുന്നതിൽ തീർച്ചയായും ഉത്തരാധുനികയുഗത്തിന്റെ അടയാളങ്ങൾതന്നെയാണെങ്കിലും എന്തുകൊണ്ടവൾക്കു പറ്റുന്ന സാഹചര്യങ്ങൾ ദാമ്പത്യത്തിലുരുവാകുന്നില്ല എന്ന ചോദ്യത്തിനും പ്രസക്തിയുണ്ട്.

സന്തോഷകരമായ കുടുംബാന്തരീക്ഷം ഉദ്യോഗസ്ഥലത്തെ വിഷമതകൾക്കു ശമനം വരുത്തുമെന്നത് സത്യമാണെന്നിരിക്കെ, അസുഖകരമായ ദാമ്പത്യം, ജോലിസാഹചര്യങ്ങളിലെ സമാശ്വാസത്തിലേക്ക് ചേക്കേറാൻ ഇന്നത്തെ കുട്ടികളെ ചോദിപ്പിക്കുകയാണ്. ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്തുന്നതിൽ, ജീവിതം ആസ്വദിക്കുന്നതിന്റെ തലങ്ങൾ രൂപപ്പെടുത്തുന്നതിൽ എവിടെയൊക്കെയോ നമ്മുടെ കുട്ടികൾക്കു പിഴവുപറ്റുന്നുണ്ട്. ശരിയായ വഴികളിൽ മുന്നേറാൻ അവരെ നയിക്കുന്നതിനൊപ്പം പ്രയാസഘട്ടങ്ങളിൽ കരുത്തുപകരുന്നൊരു തണലായി ചേർന്നുനിൽക്കാൻ അച്ഛനമ്മമാർക്കായാൽ, വീണ്ടും വിവാഹങ്ങൾ സ്വർഗത്തിൽ വച്ചു നടക്കുകയും ജീവിതവഴിയിലാകെ, പ്രണയമുന്തിരികൾ പൂത്തുതളിർക്കുകയും ചെയ്യും. ശലമോന്റെ ഉത്തമഗീതം പ്രപഞ്ചസംഗീതമാകുന്ന നാൾവഴിയിൽ 'കുടുംബം' സങ്കല്പത്തിനപ്പുറത്തെ യാഥാർത്ഥ്യവും സൗന്ദര്യം തികഞ്ഞ ജീവസങ്കേതവുമാകും. ■

# കാലം മാറിയോ? കാലഘട്ടം മാറിയോ?



**ജോർജ് എഫ് സേവ്യർ വലിയവീട്, കൊല്ലം**
*സംസ്ഥാന ആനിമേറ്റർ, KCBC പ്രോലൈഫ് സമിതി*

വിക്കിപീഡിയയിൽ കുടുംബത്തെക്കുറിച്ചുള്ള ഒരു വിവരണം ഇപ്രകാരമാണ്: പരസ്പരം ചുമതലകൾ പങ്കുവച്ച്, ഒരു സ്ത്രീയും പുരുഷനും അവരുടെ കുട്ടികളോ അല്ലെങ്കിൽ കുട്ടികൾ ഇല്ലാതെയോ ഒന്നിച്ചു ജീവിക്കുന്നതിനെ കുടുംബം എന്ന് പറയുന്നു. അടുത്തവരി ഇങ്ങനെയാണ്: ട്രാൻസ്ജെൻഡർ ആളുകളും ഇന്ന് കുടുംബമായി ജീവിക്കുന്നു.

ആദ്യത്തെ വരിയും രണ്ടാമത്തെ വരിയും വഴക്കടിച്ചു പിരിയുന്ന മനോഹരകാഴ്ച. ഇതുതന്നെയാണ് കാലഘട്ടത്തിൽ ഉണ്ടായ മാറ്റവും.

## കുടുംബം

കുടുംബത്തെ കത്തോലിക്കാസഭ 'ഗാർഹികസഭ' എന്നാണ് വിളിക്കുന്നത്. അത്രയധികം പ്രാധാന്യം കുടുംബങ്ങൾക്ക് സഭ നൽകുന്നുണ്ട്. വിവാഹമെന്നത് സ്ത്രീയും പുരുഷനും സമൂഹത്തിന്റെ അംഗീകാരത്തോടെ ഒരുമിക്കുമ്പോൾ സംഭവിക്കുന്നതാണ്. ഇവിടെ ക്രിസ്തുസാന്നിധ്യം ഉണ്ടാകുമ്പോൾ ഒരു ഉടമ്പടിയെന്നതിലധികം അതൊരു കൂദാശയായി മാറുന്നു. ഇവിടെയാണ് ക്രിസ്തീയ കുടുംബത്തിന്റെ ആരംഭം. ദൈവത്തിൽ നിന്നാരംഭിച്ച് ദൈവത്തിൽതന്നെ അവസാനിക്കുന്നതുകൊണ്ടാണ് കുടുംബം ശ്രേഷ്ഠമായി മാറുന്നത്. പറുദീസായുടെ പരിശുദ്ധിയിൽ ദൈവം കുടുംബത്തെ സൃഷ്ടിക്കുന്നത് വളരെ മനോഹരമായി ഉത്പത്തി പുസ്തകം പ്രതിപാദിക്കുന്നുണ്ട്: "ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരി

ക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും (3:18)." സൃഷ്ടിയുടെ ആരംഭത്തിൽ ദൈവത്തിന്റെ ഭാവനയിലുള്ള കുടുംബത്തിൽ സ്ത്രീയും പുരുഷനും ചേർന്ന കൂട്ടായ്മയുടെ സൗന്ദര്യമുണ്ടായിരുന്നു. ആദിമ മനുഷ്യന്റെ ആദ്യ നൊമ്പരം ഏകാന്തതയായിരുന്നു. ദൈവം അവനിണങ്ങിയ തുണയെ നൽകി അവന്റെ ഏകാന്തതയ്ക്ക് ഉത്തരം നൽകി. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു.

## കുഞ്ഞുങ്ങൾ

കുടുംബങ്ങളുടെ നിലനിൽപ്പിനും മുന്നോട്ടുള്ള പ്രയാണത്തിനും കുഞ്ഞുങ്ങൾ ജനിക്കേണ്ടത് ആവശ്യകതയായി മാറി. കുടുംബങ്ങളുടെ വലിയ കൂട്ടായ്മകൾ രാജ്യങ്ങളായി, രാജ്യങ്ങളുടെ കൂട്ടായ്മ ലോകവും. ലോകത്തിന്റെ അടിസ്ഥാനമാകട്ടെ, കുടുംബവും.

## ലൈംഗികതയുടെ ലക്ഷ്യം

സ്നേഹമില്ലാതെ പുരുഷനും സ്ത്രീയും കുഞ്ഞിന് ജന്മം നൽകുമ്പോൾ അതിന് പൂർണതയില്ലെന്നുള്ള തിരിച്ചറിവിൽ ഭാര്യയുടെയും ഭർത്താവിന്റെയും സ്നേഹം പങ്കുവയ്ക്കപ്പെടണമെന്നും അതിന്റെ പൂർണതയിലാണ് കുഞ്ഞുങ്ങൾക്ക് ജന്മം നൽകേണ്ടതെന്നും സഭ പഠിപ്പിച്ചു. രതിയുടെ ലക്ഷ്യം സ്നേഹത്തിന്റെ പങ്കുവയ്ക്കലും പ്രത്യുല്പാദനവുമാണെന്ന് വ്യക്തമായി. അതുകൊണ്ടുതന്നെ ലൈംഗികതയിൽ സുഖമുണ്ടെന്നും പക്ഷെ സുഖം അതിൽത്തന്നെയുള്ള അവസ്ഥയാണെന്നും ലക്ഷ്യമല്ലെന്നുമുള്ള സത്യം ധാർമികതയുടെ ഭാഗമായി. ഇവിടെയാണ് സ്വവർഗവിവാഹവും സ്വവർഗരതിയും ധാർമികതലത്തിൽ ചോദ്യചിഹ്നമായി മാറുന്നത്.

## സ്വവർഗരതി

സ്വവർഗലൈംഗികതയ്ക്ക് ഇംഗ്ലീഷിൽ ഹോമോ (Homo) എന്ന ഗ്രീക്ക് വാക്കും സെക്സ് (sex) എന്ന ലാറ്റിൻ പദത്തിൽ നിന്നുണ്ടായ സെക്ഷ്വാലിറ്റി (sexuality) എന്ന വാക്കും കൂട്ടിച്ചേർത്ത് ഹോമോസെക്ഷ്വാലിറ്റി (Homosexuality) എന്ന് ഉപയോഗിക്കപ്പെടുന്നു. സ്വവർഗലൈംഗികതയുള്ള പുരുഷനെ ഗേ (Gay) അല്ലെങ്കിൽ സ്വവർഗപ്രണയി എന്നും സ്വവർഗലൈംഗികതയുള്ള സ്ത്രീയെ ലെസ്ബിയൻ (Lesbian) അല്ലെങ്കിൽ സ്വവർഗപ്രണയിനി എന്നും വിളിക്കുന്നു. ഇത്തരക്കാരെ പിന്തുണക്കുകയും അവരിൽ ഒരുമ കണ്ടെത്തുന്നവരെയും ഹോമോഫിൽ (Homophile) എന്ന് അറിയപ്പെട്ടിരുന്നു, ഇപ്പോൾ ആലായി (Ally) എന്ന വാക്കും നിലവിലുണ്ട്. സ്വവർഗാനുരാഗികൾക്ക് എതിരായുള്ള കാഴ്ചപ്പാടിനെ ഹോമോഫോബിയ (Homophobia) എന്ന് വിളിക്കുന്നു.

ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ (Transgender) (ഭിന്നലിംഗർ) എന്നീ സമൂഹങ്ങളെ മൊത്തമായി സംബോധന ചെയ്യുന്നതിനു പയോഗിക്കുന്ന ചുരുക്കപ്പേരാണ് എൽ.ജി.ബി.റ്റി. (LGBT). ലൈംഗികന്യൂനപക്ഷം എന്ന വാക്കും നിലവിലുണ്ട്. ലൈംഗികത ചില ചട്ടക്കൂടുകൾക്കുള്ളിൽപെടുത്തേണ്ട ഒന്നല്ല എന്ന് വിശ്വസിക്കുന്നവർ ലെസ്ബിയൻ, ഗേ എന്നിവയ്ക്കുപകരം എതിർവർഗ ലൈംഗികതയിൽനിന്ന് വ്യത്യസ്തർ എന്നു സൂചിപ്പിക്കാൻ ക്വിയർ (Queer) എന്ന പദം ഉപയോഗിക്കുന്നു. മധ്യലിംഗർ എന്നർത്ഥം വരുന്ന ഇന്റർസെക്സ്(Intersexual) എന്ന പദവും നിർലൈംഗികർ എന്നർഥം വരുന്ന എസെക്ഷ്വൽ (Asexual) എന്ന പദവും ചേർത്ത് ബദൽലൈംഗികതകളുടെ വൈവിധ്യത്തെ സൂചിപ്പിക്കാൻ എൽ.ജി.ബി.റ്റി.ക്യു.ഐ.എ (LGBTQIA) എന്ന ചുരുക്കപേരും പ്രചാരത്തിലുണ്ട്.

സ്വവർഗത്തിലുള്ളവർ വിവാഹം കഴിച്ചാൽ അത് കുടുംബമാകുമോ? സ്ത്രീയുടെയും പുരുഷന്റെയും സ്നേഹം പങ്കുവയ്ക്കേണ്ടിടത്ത് മാനസിക അവസ്ഥകളിൽ നിന്നുടലെടുക്കുന്ന വികാരം മാത്രമാണോ പങ്കുവയ്ക്കപ്പെടേണ്ടത്? ഇതിലെവിടെയാണ് പ്രത്യുല്പാദനത്തിനുള്ള തുറവുള്ളത്? ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നമ്മുടെ മനഃസാക്ഷിയിൽ മനനം ചെയ്യപ്പെട്ട് ധാർമികതയാൽ പ്രകാശം പരത്തട്ടെ. സ്വവർഗാനുരാഗികളെ തള്ളിക്കളയരുത്. അവർ എല്ലാവരെയുംപോലെ ഈ സമൂഹത്തിന്റെ ഭാഗമാണ്. അവരെ മാറ്റിനിർത്താതെ, ഉപദ്രവിക്കാതെ, പുച്ഛിക്കാതെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നാം തയ്യാറാവണം.

## നവമാധ്യമങ്ങളും കാഴ്ചപ്പാടുകളും

കത്തോലിക്കാവിശ്വാസികൾപോലും സ്വവർഗവിവാഹത്തെ ന്യായീകരിക്കുകയും അവരുടെ മാനസിക വ്യാപാരങ്ങൾക്കനുസരിച്ചു വ്യാഖ്യാനിക്കുകയും സ്വന്തം ബോധ്യങ്ങളെ എടുത്തുയർത്തി ക്രിസ്തീയ ധാർമികതയെ തള്ളിക്കളയുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഇതിനായി പാപ്പായുടെ വാക്കുകളെ തെറ്റായി വ്യാഖ്യാനിക്കാനും അവർക്ക് മടിയില്ല എന്നുള്ളതും വേദനാജനകമാണ്.

ക്രിസ്തുവിന്റെ സഭയിലാണെന്ന് പറയുകയും ധാർമികതയും കത്തോലിക്കാവിശ്വാസവും മറ്റുള്ളവരുടെ കൈയടിക്കായി തള്ളിക്കളയുകയും ചെയ്യുന്ന ഈ ലോകത്തിൽ സത്യം ക്രൂശിക്കപ്പെടുകതന്നെ ചെയ്യും, ഇതിന്റെ മറവിൽ അശുദ്ധി രാജാവായി സ്ഥാനമുറപ്പിക്കാതിരിക്കട്ടെ. ■



# സുരക്ഷിതഭവനം പീഡനകേന്ദ്രമോ?

**അഡ്വ. രെഞ്ചു സെബാസ്റ്റ്യൻ, തൃശ്ശൂർ**
*അഭിഭാഷിക, കേരള ഹൈക്കോടതി*

സംരക്ഷിക്കപ്പെടേണ്ട ഇടങ്ങളിൽനിന്നും പീഡനങ്ങൾ ഏൽക്കേണ്ടിവരിക എന്നത് ഖേദകരമാണ്. ഈ അതിക്രമങ്ങളെ നേരിടാനും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനുംവേണ്ടിയാണ് 2005-ൽ കേന്ദ്രസർക്കാർ 'ഗാർഹികപീഡന നിരോധനനിയമം' നടപ്പിലാക്കിയത്. കുറ്റം ചെയ്ത ഒരാളെ ശിക്ഷിക്കുക എന്നതിനേക്കാൾ പീഡനത്തിനിരയായ സ്ത്രീക്ക് സംരക്ഷണം ഏർപ്പെടുത്തലാണ് ഈ നിയമത്തിന്റെ ഉദ്ദേശം. ശാരീരികമോ മാനസികമോ ആയി അവരെ പീഡിപ്പിക്കരുതെന്നും ഭക്ഷണം, വസ്ത്രം, താമസസൗകര്യം എന്നിവ നൽകി സംരക്ഷിക്കണമെന്ന തരത്തിലുള്ള ഉത്തരവുകളുമാണ് സാധാരണ കോടതികൾ പുറപ്പെടുവിക്കാറുള്ളത്.

ഒരു കൂരയ്ക്കുകീഴിൽ അവരോടൊപ്പം പങ്കുപറ്റി താമസിക്കുന്ന ആൾക്കാരിൽനിന്നും ഏൽക്കേണ്ടി വരുന്ന പീഡനങ്ങളാണ് ഈ ഗണത്തിൽപ്പെടുന്നത്. ഗാർഹികപീഡനങ്ങൾ സർവസാധാരണമാണെങ്കിലും അതിനെതിരെ നിയമസഹായം സ്വീകരിക്കാൻ പലരും ശ്രമിക്കാറില്ല. എന്തുകൊണ്ടാണിത്? കേസ് കൊടുത്താൽ എല്ലാവരും അറിയില്ലേ? വക്കീലും കോടതിയുമായി ഇനി കുറെക്കാലം കഴിയേണ്ടിവരില്ലേ? കേസ് കൊടുത്ത് തിരിച്ചുവീട്ടിലെത്തിയാൽ ഇതിന്റെ പേരിൽ ഇനിയും ഉപദ്രവം ഉണ്ടാകുമോ? വീട്ടിൽനിന്നും ഇറക്കിവിട്ടാൽ എവിടെ പോകും? ഇങ്ങനെയുള്ള വിഷയങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് 2005-ൽ ഗാർഹികപീഡന നിരോധനനിയമം നിലവിൽ വന്നത്. രക്ഷിതാക്കളിൽനിന്നോ, ഭർത്താവിൽനിന്നോ, കൂടെ താമസിക്കുന്ന വ്യക്തിയിൽ (living together) നിന്നോ, വീട്ടിലെ മറ്റ് അംഗങ്ങളിൽനിന്നോ നേരിടുന്ന പീഡനങ്ങളിൽനിന്നും സ്ത്രീകളെയും 18 വയസിന് താഴെയുള്ള കുട്ടികളെയും 18 വയസ് പൂർത്തിയായ വിവാഹം കഴിക്കാത്ത സ്ത്രീകളുടെയും സംരക്ഷണവും ഇതിൽ ഉൾപ്പെടുന്നു.

ഗാർഹികപീഡന നിരോധനിയമം പരിശോധിച്ചാൽ മാനസികമായും സാമ്പത്തികമായുമുള്ള പീഡനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതായി കാണാം. ശാരീരികമായി വേദനിപ്പിക്കുന്ന ഏതുപ്രവർത്തിയും തല്ലാനോ ശാരീരികമായി അക്രമിക്കാനോ, ഓങ്ങുന്നതുപോലും ശാരീരിക പീഡനത്തിന്റെ പരിധിയിൽവരുന്നതാണ്. ഏറ്റവും വ്യാപകമായി ഉണ്ടാകുന്ന പീഡനമാണ് മാനസികവും വൈകാരികവുമായ പീഡനം. മോശം വാക്കുകൾ ഉപയോഗിക്കുക, മറ്റ് വ്യക്തികളുടെ മുന്നിൽവച്ച് അധിക്ഷേപിക്കുക, സ്വതന്ത്രമായി തീരുമാനം എടുക്കാൻ സമ്മതിക്കാതിരിക്കുക, സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥലത്തുപോയി അവരെ ശല്യപ്പെടുത്തുക, സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുക എന്നിവ. ഇവയെല്ലാംതന്നെ നമ്മുടെ ചുറ്റും നടക്കുന്ന കാര്യങ്ങളല്ലേ? നൽകിയ സ്ത്രീധനം കുറവാണെന്നും നിന്നെക്കാൾ നല്ല പെണ്ണിനെ എനിക്ക് കിട്ടും എന്നൊക്കെയുള്ള വീരവാദങ്ങൾ ഭർത്താവിൽനിന്നും ഒരിക്കലെങ്കിലും കേൾക്കാത്ത സ്ത്രീകൾ വിരളമായിരിക്കും.

വിവാഹം കഴിഞ്ഞു എന്നതുകൊണ്ട്, സ്ത്രീയുടെ താൽപര്യത്തിനു വിരുദ്ധമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാനുള്ള ലൈസൻസായി അതിനെ കാണരുത്. ഗാർഹികപീഡനനിരോധന നിയമപ്രകാരം ഇതും കുറ്റകരമാണ്. ഒരു വ്യക്തി ഒരു കുടുംബത്തിന്റെ ഭാഗമായി താമസിക്കുമ്പോൾ വീടിന്റെമേലും വീട്ടുസാധനങ്ങളുടെമേലും ചില അവകാശങ്ങൾ ഉണ്ട്. അതുകൊണ്ടുതന്നെ ഇത് എന്റെ വീടാണ്, ഞാനുണ്ടാക്കിയ വീടാണ്, നിനക്കിവിടെ താമസിക്കാൻ പറ്റില്ല എന്നൊന്നും പറയാൻ ഭർത്താവിനോ രക്ഷിതാക്കൾക്കോ അവകാശമില്ല. വീടിനുള്ളിലെ സൗകര്യങ്ങൾ ഉപയോഗിക്കാൻ സമ്മതിക്കാതിരിക്കുന്നതും കുറ്റകരമാണ്.

ഒരുമിച്ചോ, സ്ത്രീയുടെപേരിലോ, വീടിന്റെ വാടക കൊടുക്കാൻ സഹായിക്കാതിരിക്കൽ, അവശ്യസാധനങ്ങൾ വാങ്ങാൻ സഹായിക്കാതിരിക്കൽ തുടങ്ങിയവയും സാമ്പത്തിക ചൂഷണമാണ്. വിവാഹശേഷം ഭാര്യ ജോലിക്ക് പോകുന്നത് ഭർത്താവിനും കുടുംബത്തിനും നാണക്കേടാണെന്ന് കരുതുന്നവർ നമ്മുടെ നാട്ടിൽ ഇപ്പോഴുമുണ്ട്. വ്യാപകമായി കണ്ടുവരുന്ന മറ്റൊരു പ്രവണതയാണ്

സ്ത്രീകളെ അവരുടെ സ്വന്തം വരുമാനം ഉപയോഗിക്കാൻ സമ്മതിക്കാതിരിക്കൽ. ഇവയ്ക്കെല്ലാം പുറമേ സ്ത്രീകൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

സ്ത്രീസുരക്ഷക്കാവശ്യമായ നിയമങ്ങളെല്ലാം ഉണ്ട്. എങ്കിലും നിയമങ്ങളുടെ അഭാവംകൊണ്ടല്ല ഇവിടെ പീഡനങ്ങൾ നിർബാധം തുടരുന്നത്. സ്ത്രീസുരക്ഷക്കാവശ്യമായ ഈ നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നതിനാലാണ്. ഈ രീതിയിലുള്ള ദുരുപയോഗം തങ്ങൾക്കുതന്നെ ദോഷമാണെന്ന തിരിച്ചറിവ് ഓരോ സ്ത്രീക്കും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള പീഡനങ്ങൾ ഏൽക്കേണ്ടിവരുമ്പോൾ അതിനെതിരെ ശബ്ദമുയർത്തിയാൽ സമൂഹം അവളെ ഒറ്റപ്പെടുത്തുമെന്ന ചിന്തയില്ലാതെ പ്രവർത്തിക്കാൻ സ്ത്രീകളെയും സമൂഹത്തെയും ബോധവൽക്കരിക്കണം. എങ്കിൽമാത്രമേ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യത ഉറപ്പുവരുകയുള്ളൂ. ■



# 'ശ്രീ'യും 'നിധി'യും സ്ത്രീധനമാകുമ്പോൾ

**ജോൺസൺ ഫെർണാണ്ടസ്, എറണാകുളം**
*ലീഡർ, മൗണ്ട് കാർമൽ പാരിഷ് കുടുംബയോഗ കേന്ദ്രസമിതി, ചാത്യാത്ത്*

മനുഷ്യന്റെ ധനസമ്പാദനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അമിതാർത്തി വൈവാഹിക ജീവിതങ്ങളിൽ വരുത്തിവയ്ക്കുന്ന വലിയ ദുരന്തങ്ങൾ ഇപ്പോൾ നിത്യസംഭവങ്ങളായിത്തീർന്നിരിക്കുകയാണ്. കാണാമറയത്ത് അപ്രതീക്ഷിതമായി സംഭവിക്കുന്ന ദുരന്തങ്ങളല്ല, മറിച്ച് കൺവെട്ടത്ത് നടക്കുന്ന ദാരുണ ദുരന്തങ്ങളായി ഇവ മാറിക്കൊണ്ടിരിക്കുകയാണ് എന്ന് മനസ്സിലാക്കുമ്പോഴാണ് ഏറെ മനോവിഷമം ഉണ്ടാക്കുന്നത്.

ഒരു പെൺകുഞ്ഞ് പിറന്നുവീഴുന്ന നിമിഷംമുതൽ മാതാപിതാക്കൾ അവളുടെ സ്വാഭാവികമായ വളർച്ചയ്ക്കും വിദ്യാഭ്യാസത്തിനുമൊക്കെ ഉപരിയായി അവളുടെ വിവാഹത്തിനും വിവാഹാനന്തര ജീവിതത്തിനുമായി പദ്ധതികൾ വിഭാവനം ചെയ്യുകയും അതിനായുള്ള പരിശ്രമങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്യും. ആൺകുട്ടികളുടെ മാതാപിതാക്കളാകട്ടെ, വിവാഹക്കമ്പോളത്തിൽ മകന് ഉയർന്ന റേറ്റിങ്ങ് ലഭിക്കുന്നതിനുതകുംവിധം പരിശീലനങ്ങൾ ആസൂത്രണം ചെയ്യും.

ആൺകുട്ടികൾ വിവാഹപ്രായമെത്തുമ്പോൾ, മാതാപിതാക്കളുടെ അമിതമായ ആഗ്രഹങ്ങളെ സാക്ഷാത്ക്കരിക്കാനുള്ള ആലോചനകൾ ആരംഭിക്കുമ്പോൾ, വിവാഹധന സമ്പാദനത്തിനായുള്ള ആർത്തിയുടെ വിത്ത് വിതയ്ക്കപ്പെടുന്നു എന്ന് അനുമാനിക്കാം.

വിവാഹത്തിന് പറഞ്ഞുവച്ചിരുന്ന സ്ത്രീധനമായി കൈമാറേണ്ടിയിരുന്ന വകകളിൽ എന്തെങ്കിലും കുറവ് സംഭവിച്ചാലോ, സമയത്ത് കൈമാറ്റം ചെയ്യാൻ കഴിയാതിരുന്നാലോ അലോസരങ്ങൾ ആരംഭിക്കുകയായി. വധുവിനെ 'ശ്രീ' യായും 'നിധി' യായും കണ്ടിരുന്ന കാലം പിന്നിട്ട് ഇപ്പോൾ വധുവിന്റെപേരിൽ സ്ത്രീധനമെന്നത് വലിയ സാമ്പത്തിക സ്രോതസ്സ് മാത്രമായി അധഃപതിച്ചിരിക്കുന്നു. പരിശുദ്ധവും പരിപാവനവുമായി ദൈവസമക്ഷം പരികർമ്മം ചെയ്യപ്പെടുന്ന വിവാഹമെന്ന കൂദാശയിൽ പരസ്പരം എടുക്കുന്ന പ്രതിജ്ഞ ജലരേഖപോലെയാവുകയാണ്.

വിവാഹത്തിലൂടെ ഒന്നായിത്തീരുന്ന മക്കളെ സ്വന്തം മകളും മകനുമായി കാണാൻ കഴിയാത്ത മനസ്സുകളിലാണ് പീഡനങ്ങളുടെ തിരക്കഥയൊരുങ്ങുന്നത്. സമ്പത്തിനോടുള്ള ആർത്തിമൂത്ത് അവിടെ മനുഷ്യത്വം നശിച്ചവർ വേഷംകെട്ടിയാടുന്നു. അത് സ്വന്തം ഭർത്താവ് ഉൾപ്പടെ ബന്ധുമിത്രാദികൾ ആരുമാകാം. കഥാന്ത്യത്തിൽ എന്ത് സംഭവിക്കുമെന്നറിഞ്ഞോ, അറിയാതെയോ വില്ലൻവേഷധാരികൾ തിമിർത്താടുകയാണ്. തുടർന്ന് മനസ്സ് മരവിക്കുന്ന, കരളലിയിക്കുന്ന ദൃശ്യങ്ങൾ അരങ്ങേറുകയായി.

നിരന്തരം പീഡനങ്ങൾക്ക് വിധേയരായി ചെറുത്തുനിൽപ്പിന്റെയും രക്ഷപെടലിന്റെയും മാർഗങ്ങൾ കണ്ടെത്താനാവാതെ ജീവിതം ഹോമിക്കപ്പെടുന്ന ബലഹീനരായ നിരവധി യുവതികൾ, വർധിച്ചുവരുന്ന വിവാഹമോചനങ്ങൾ, ഇതൊക്കെ ഈ കാലഘട്ടത്തിലെ ശാപമായി ഭവിച്ചുകൊണ്ടിരിക്കുന്നു.

ആൺമക്കളുടെ വിവാഹങ്ങൾ സാമ്പത്തികത്തിന്റെ

ഒറ്റത്തവണ വരുമാനമാർഗമായി കണക്കാക്കുന്ന ആർത്തിപൂണ്ട മനുഷ്യർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾമൂലം ഭയവിഹ്വലരായി ഉറക്കമൊഴിഞ്ഞ രാത്രികൾ ഭീതിയോടെ തള്ളിനീക്കുന്ന, സ്വയരക്ഷക്ക് ആയുധം തലയിണയ്ക്കിടയിൽവച്ചു മയങ്ങുന്ന പെൺകുട്ടികളുടെ എണ്ണം വർധിച്ചുവരുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്നും നമുക്കൊഴിഞ്ഞു മാറാനാവുമോ?

വിവാഹധനസമ്പാദനാർത്തി വരുത്തിവയ്ക്കുന്ന സംഭവങ്ങൾ കണ്ടും കേട്ടും അസ്വസ്ഥരായി വൈവാഹിക ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കാൻ ഭയപ്പെടുന്ന യുവതലമുറ രൂപപ്പെട്ടുവരുന്നു എന്നുള്ളതും, അവർ സ്ത്രീപുരുഷ ബന്ധങ്ങളുടെ മറ്റുതലങ്ങൾ തേടിപ്പോകുന്നു എന്നുള്ളതും വളരെ ഗൗരവത്തോടെ നോക്കിക്കാണേണ്ട വസ്തുതകളാണ്. ഇത് വിദ്യാഭ്യാസനിലവാരത്തിന്റെ അളവുകോലുകൊണ്ട് രേഖപ്പെടുത്തി മാറ്റിനിർത്തേണ്ട ഒരു വിഭാഗത്തിൽ മാത്രം സംഭവിക്കുന്ന കാര്യങ്ങളല്ല. സ്ത്രീധനത്തിന് വിവാഹജീവിതത്തിൽ പ്രഥമപരിഗണന നൽകാത്ത ഒരു സംസ്കാരം രൂപപ്പെട്ടുവരണം.

ദൈവതിരുമുൻപാകെ വിവാഹമെന്ന ഉടമ്പടിയിലൂടെ ഒന്നാകുന്നത് വധുവും വരനും മാത്രമല്ല, അവരോടൊപ്പം ഇരുകുടുംബങ്ങളും സമൂഹം മുഴുവനും ഒപ്പമുണ്ടെന്നുള്ള ബോധ്യം അവർക്ക് നൽകണം. നിസ്സാരമെന്ന് കരുതി നാം ശ്രദ്ധിക്കാതെപോകുന്ന ചില കാര്യങ്ങളായിരിക്കാം, ഒരുപക്ഷേ വലിയ പ്രത്യാഘാതങ്ങളായി രൂപാന്തരം പ്രാപിക്കുന്നത്.

മറ്റൊരു കുടുംബത്തിലേക്ക് കടന്നുചെല്ലുമ്പോൾ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പുതിയ സാഹചര്യങ്ങളെ ഉൾക്കൊള്ളാനും പ്രതിബന്ധങ്ങളെ തരണം ചെയ്യാനും അതിജീവിക്കുന്നതിനുമുള്ള മനോബലം കുട്ടികൾക്ക് പകർന്നുകൊടുക്കണം. എല്ലാറ്റിലുമുപരി നിരന്തരപ്രാർത്ഥനയുടെ പിൻബലം അവർക്ക് അനുഭവവേദ്യമാകുമാറ് നാം അവരോട് ചേർന്നുനിൽക്കുകയും വേണം. ■

# ദൃശ്യമാധ്യമങ്ങളിലെ വികലസങ്കൽപങ്ങൾ

**കൃഷ്ണമ്മ കെ.ബി, ചേർത്തല**
*റിട്ട. ഇ.ഡി പോസ്റ്റുമിസ്ട്രസ്*



എല്ലാവരുടെയും സമാധാനത്തിനും സന്തോഷത്തിനും ഉതകുന്ന ഒരു തനതായ സംസ്കാരം ഭാരതത്തിനുണ്ട്. ജന്മംനൽകി വളർത്തി വലുതാക്കിയ ഒരു കുട്ടിക്ക് സമാധാനപരമായ ഒരു കുടുംബജീവിതം മാതാപിതാക്കളുടെ സ്വപ്നമാണ്. ദേശകാലങ്ങളനുസരിച്ച് ആചാരങ്ങൾക്ക് വൈരുധ്യമുണ്ടെങ്കിലും മാതാപിതാക്കളുടെ മാനസികാവസ്ഥ ഏതാണ്ട് ഒന്നുതന്നെ. പുരോഹിതന്റെയും സമൂഹത്തിന്റെയും സാക്ഷിയിൽ ഈശ്വരാർപ്പിതരായി ചെയ്യുന്ന വിവാഹകർമത്തെ ഒരു ചടങ്ങായിമാത്രം കാണുമ്പോൾ അവിടെ തുടങ്ങുന്നു താളപ്പിഴകൾ. പവിത്രമായ ഒരു കർമമായി വിവാഹത്തെ കാണണം. വ്യത്യസ്തമായ ചുറ്റുപാടിലും സംസ്കാരത്തിലും ജീവിച്ച രണ്ടു വ്യക്തികൾ ഒന്നുചേർന്ന് അടുത്തതലമുറ കെട്ടിപ്പടുക്കുന്നതിനുള്ള അടിത്തറയാണ് ഓരോ വിവാഹവും. വിവാഹത്തിന്റെ ലക്ഷ്യം എന്തായിരിക്കണം എന്നതിന് നിരവധി മഹത്വചനങ്ങൾ നമുക്കു മുന്നിലുണ്ട്. ഒരുവൾ ഗർഭിണിയാകുമ്പോൾതന്നെ മാനസികമായി ഒരു സത്സന്താനത്തിനുവേണ്ടി ത്യാഗമനുഷ്ഠിക്കണം. കുഞ്ഞിനു ചോറുകൊടുക്കുമ്പോൾ ചൊല്ലും കൊടുത്തുവളർത്തണം. അതിലൂടെ ഉത്തമന്മാരായ പൗരന്മാരെ വാർത്തെടുക്കാൻ കഴിയും.

വിവാഹം കഴിഞ്ഞ് ഭാര്യാഭർതൃബന്ധത്തിൽ ആരാണ് വലുത് എന്ന ചിന്തയേ ഉദിക്കരുത്. അതുവരെ ഞാനായിരുന്നവർ തുടർന്ന് നമ്മളാകുകയാണ്. അതുവരെ ഒരച്ഛനും ഒരമ്മയുമായിരുന്നെങ്കിൽ വിവാഹശേഷം രണ്ട് അച്ഛനും രണ്ട് അമ്മയും ഉണ്ടാകുന്നു. അവരെ അമ്മായിയമ്മയും അമ്മായിയപ്പനുമായി കാണാതിരിക്കണം. ശരീരംകൊണ്ട് എനിക്ക് അവൾ കടപ്പെട്ടിരിക്കുന്നു എന്നു കരുതരുത്. കുടുംബസങ്കല്പംതന്നെ കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാകണം.

സുഖമെന്ന മരുപ്പച്ചക്ക് പിന്നാലെ മനുഷ്യൻ ഓടാൻ തുടങ്ങിയപ്പോൾ എല്ലാം നഷ്ടമായി. ഒരു കുട്ടി ആഹാരം കഴിക്കണമെങ്കിൽ ടിവിയുടെ മുൻപിൽ

*..... ശേഷം പേജ് 57-ൽ*

# ക്രൈസ്തവം

**കാരുണികനായ
ക്രിസ്തുവിന്റെ പാതയിൽ
കർമനിരതരാകുന്ന
അജപാലകർക്കും
അജഗണങ്ങൾക്കുമുള്ള
നേർവഴിവെട്ടം.**



# ആന്റണിയുടെ സ്വർഗരാജ്യം

- ക്രിസ്തുവിൽ സ്നേഹസാഫല്യം
- നിയമവിധേയമായതൊക്കെ ശരിയോ?

ജോസ് ക്ലെമന്റ്
ഫാ. ജെയിംസ് വയലിൽ CST
ഫാ. വർഗീസ് വള്ളിക്കാട്ട്

# ആന്റണിയുടെ സ്വർഗരാജ്യം

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*

**സ്വൈര്യജീവിതത്തിന് ന്യൂക്ലിയർ കുടുംബമായി കഴിയുന്നതാണ് അത്യുത്തമമെന്ന് ചിന്തിക്കുന്ന മഹാഭൂരിപക്ഷത്തിനിടയിൽ ഒറ്റപ്പെട്ട തുരുത്തുകൾപോലെ മക്കൾ മാഹാത്മ്യത്തിൽ ആനന്ദം കണ്ടെത്തുകയും ദാമ്പത്യം സ്നേഹത്തിന്റെ ആനന്ദമായി കാണുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് ഇന്നും അന്യംസംഭവിച്ചിട്ടില്ല. ദാരിദ്ര്യത്തിന്റെ വരിഞ്ഞു മുറുക്കലുകൾക്കിടയിലും അഷ്ടസന്താനസൗഭാഗ്യത്തോടെ സന്തോഷഭരിതരായി ജീവിതം പ്രസാദാത്മകമാക്കുകയാണ് ചൊവ്വൂക്കാരൻ ആന്റണി പോൾ– വിജി ദമ്പതികൾ. ഇനിയും അച്ഛനുമമ്മയുമാകാൻ ആഗ്രഹിച്ചുകഴിയുന്ന വലിയ കുടുംബത്തിന്റെ മഹിമപേറുന്ന ഇവരുടെ ദമ്പതീജീവിതകാഴ്ചകൾ.**

സന്തോഷത്തിലും സന്താപത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും പരസ്പരം സ്നേഹിച്ചും ആദരിച്ചും വിശ്വസ്തതയോടെ ഒന്നിച്ചു ജീവിച്ചുകൊള്ളാമെന്ന് കരങ്ങൾ ചേർത്ത് 17 വർഷങ്ങൾക്കുമുമ്പ് ബലിവേദിയിൽവച്ച് പ്രതിജ്ഞചെയ്ത 31 കാരൻ ആന്റണിയും 19 കാരി വിജിയും ഇന്നോളം ആ പ്രതിജ്ഞയ്ക്ക് അണുവിട ഭംഗംവരുത്താതെ ദാമ്പത്യജീവിതത്തെ പുഷ്കലമാക്കിയപ്പോൾ ആ ദാമ്പത്യവല്ലരിയിൽ പൂത്തുവിടർന്നത് അഷ്ടപുഷ്പങ്ങൾ. അതിൽ ഇരട്ട പുഷ്പങ്ങൾ കൊഴിഞ്ഞെങ്കിലും സൗരഭ്യംപരത്തുന്ന ആറു പൂക്കളുമായി സൗഭാഗ്യജീവിതം നയിക്കുന്ന ആന്റണി– വിജിമാർ പറയുന്നു: 'ഞങ്ങളുടെ വീടൊരു സ്വർഗമാണെ'ന്ന്. ഇവരുടെ ജീവിതത്തിൽ ഭൗതിക അഭിവൃദ്ധിയുടെ സമൃദ്ധമായ വിളവെടുപ്പുകളൊന്നുമുണ്ടായിട്ടില്ലെന്നുമാത്രമല്ല വൈവാഹിക ജീവിതത്തിന്റെ പതിനേഴാണ്ടുകൾ ദാരിദ്ര്യത്തിന്റെയും അനാരോഗ്യത്തിന്റെയും കുരിശിന്റെ വഴികളായിരുന്നു. എന്നിട്ടും പിറുപിറുക്കലുകളൊന്നുമില്ലാതെ വിജി, ആന്റണിമാർ സ്നേഹിച്ചുമുന്നേറുന്നു.





## വെല്ലുവിളികളെ അതിജീവിക്കുന്നവർ

ഉത്തരാധുനികമായ ഈ കാലഘട്ടത്തിൽ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. ഈ പശ്ചാത്തലത്തിലാണ് ഇല്ലായ്മകൾക്കും വല്ലായ്മകൾക്കുമിടയിൽ മൂല്യങ്ങളിലൂന്നിയ ഒരു കുടുംബജീവിതത്തിന് ആന്റണി-വിജി ദമ്പതികൾ തയ്യാറായത്. ആധുനിക കുടുംബങ്ങളിൽ നിലവിലിരിക്കുന്ന നിഷേധാത്മക പ്രവണതകൾക്കുള്ള മറുകുറിപ്പാണ് ഈ ദമ്പതിമാരുടെ കുടുംബജീവിതം. വിവാഹജീവിതത്തിലെ വികലമായ കാഴ്ചപ്പാടും മൂല്യകൈമാറ്റങ്ങളിലെ ശിഥിലതയും വർധിച്ചുവരുന്ന വിവാഹമോചനങ്ങളും വന്ധ്യംകരണ പ്രവണതകളും സ്വാർത്ഥജന്യങ്ങളായ ഗർഭഛിദ്രവും നടമാടുന്ന ഒരു സമൂഹത്തിൽ മക്കൾ ഒരനുഗ്രഹമായിക്കണ്ട് ജീവിതത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്ത് പിറുപിറുക്കലുകളും ശാപവാക്കുകളും ഉതിർക്കാതെ മുന്നേറുന്നൊരു കുടുംബജീവിതം.

ജീവിതത്തിൽ ഇരുൾനിറഞ്ഞ നാളുകൾ തുടർച്ചയായി പിന്തുടർന്നപ്പോഴും ദുരിതപൂർണമായ അനാരോഗ്യാവസ്ഥകളിലൂടെ കടന്നുപോയപ്പോഴും വിവാഹജീവിതാന്തസിന്റെ ബോധ്യങ്ങളോടെ മുന്നേറിയ ദമ്പതികളാണിവർ. എറണാകുളം ജില്ലയിലെ കൂനമ്മാവ് കൊങ്ങോർപ്പിള്ളിയിൽ താമസക്കാരായ ഇവരുടെ കുടുംബം ഒരു ഭൗമിക പറുദീസതന്നെയാണ്.

സമ്പത്ത് എത്രമാത്രം ഉണ്ടായാലും സ്നേഹവും സമാധാനവുമില്ലെങ്കിൽ കുടുംബം എന്നത് നരകതുല്യമാകും. തങ്ങൾക്കില്ലാത്തത് സമ്പത്താണെങ്കിലും സ്നേഹവും സമാധാനവും ഒട്ടും കുറവില്ലാതെ ചൊവ്വൂക്കാരൻ വീട്ടിലുണ്ട്. മക്കൾക്കും ഭാര്യക്കുമായി ഭൗതീകനേട്ടങ്ങളുണ്ടാക്കികൊടുക്കുക എന്നതിലുപരിയായി ആധ്യാത്മിക, സദാചാര, സാമൂഹ്യമര്യാദകളിലേക്കും കാലഘട്ടത്തിന്റെ വെല്ലുവിളികളിലേക്കും കൈപിടിച്ചു നടത്തുക എന്ന ഉത്തരവാദിത്വപൂർണമായ ദൗത്യമാണ് ഈ കുടുംബത്തിലെ ഗൃഹനാഥൻ ആന്റണി നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് സ്വന്തക്കാരും ബന്ധക്കാരുമൊക്കെ കൈവെടിഞ്ഞിട്ടും ഈ കുടുംബം പറുദീസ സമാനം സന്തോഷത്തോടും ഒരുമയോടും കൂടെ വാഴുന്നു.

ദാനം ചെയ്ത് ബലിയാവുക എന്ന ദാമ്പത്യത്തിന്റെ പൂർണ അർത്ഥത്തെ തികവോടെ കൈക്കൊണ്ടവരാണ് ആന്റണിയും വിജിയും. 17 വർഷത്തെ ദാമ്പത്യജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഇവർ കൂട്ടായി നേരിട്ടു. ദുഃഖദുരിതങ്ങൾക്കും പട്ടിണിദാരിദ്ര്യങ്ങൾക്കുമിടയിൽ ദൈവത്തെ മറക്കാതെ ജീവിച്ചപ്പോൾ വറുതിയുടെ നാളുകളും രോഗത്തിന്റെ അവസ്ഥകളിലും ഇവർ നിറവും സമൃദ്ധിയും ദർശിച്ചു. ഒന്നിച്ചുചിരിക്കാനും ഒന്നിച്ചുകരയാനുമായി ദൈവം ചേർത്ത ജീവിതാന്തസാണ് വിവാഹമെന്ന ബോധ്യം ഇവർക്കിരുവർക്കുമുണ്ട്. നല്ല ദാമ്പത്യം യാന്ത്രികമായി സംഭവിക്കേണ്ടതല്ലെന്നും പരിത്യജിച്ചും പരിശീലിച്ചും സ്വന്തമാക്കേണ്ടതാണെന്നും ജീവിതംകൊണ്ട് തെളിയിച്ചവരാണിവർ.

## വിളിയും വിധിയും

കോയമ്പത്തൂർ കുനിയമുത്തൂർ സെന്റ് മാർക്ക് ഇടവകയിൽ ചൊവ്വൂക്കരൻ പോൾ-മേഴ്സി ദമ്പതികളുടെ മകനായി പിറന്ന ആന്റണി കാർമൽ ഗാർഡൻ സ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും നെഹ്റു കോളജിൽനിന്ന് ഇലക്ട്രോണിക്സിൽ ഡിപ്ലോമയും കരസ്ഥമാക്കിക്കൊണ്ട് പിതാവിനോടൊപ്പം ഇലക്ട്രോണിക്സ് ബിസിനസിൽ പങ്കാളിയായിരിക്കേയാണ് ഇരിങ്ങാലക്കുട രൂപത കുഴിക്കാട്ടുകോണം വിമലമാതാ ഇടവക കൂവപറമ്പിൽ വർഗീസ്- ജയ ദമ്പതികളുടെ മകൾ മറിയത്തെ (വിജി) 2004 ആഗസ്റ്റ് 22-ന് ആന്റണി ജീവിതസഖിയായി സ്വീകരിക്കുന്നത്.

മാപ്രാണം ഹോളിക്രോസ് ഹൈസ്കൂളിൽനിന്ന് പത്താംതരം പാസ്സായയുടൻ വിജി വീട്ടുകാരുടെ അവഗണനകളെ മറികടന്ന് കൊന്നക്കുഴി ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺവന്റ് അർത്ഥിനിയായി ചേർന്നെങ്കിലും ഒരു സന്ന്യാസിനിയാകുകയെന്ന ജീവിതാഭിലാഷം പൂർത്തിയാക്കുന്നതിനായി വിജിക്ക് സാധിച്ചില്ല. കാരണം, 11 മാസങ്ങൾ പിന്നിട്ടപ്പോൾതന്നെ ഏകമകളായ വിജിയെ പിതാവ് തന്റെ തീരുമാനം നടപ്പിലാക്കാൻ കോൺവന്റിൽനിന്നും തിരികെ കൊണ്ടുപോന്നു.

മാനസികമായ ഒരുക്കം ഇല്ലാതെയും വിവാഹജീവിതാന്തസിനോട് ഒട്ടും പ്രതിപത്തിയില്ലാതെയുമാണ് വിജി തന്റെ ജീവിതവിളിയെ വിധിയായി സ്വീകരിക്കാൻ തയ്യാറായത്. എന്നാൽ കുഴിക്കാട്ടുകോണം വിമല മാതാ പള്ളിയുടെ മദ്ബഹയ്ക്കുമുന്നിൽവച്ച് വിവാഹാശീർവാദം നിർവഹിച്ച ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ നൽകിയ സന്ദേശം ഈ മണവാട്ടിയുടെ മനസിൽ ചലനങ്ങളുണ്ടാക്കി. "സ്വപ്നം കാണുന്നതല്ല ജീവിതം. ജീവിതത്തിലേക്ക് കടന്നുവരുന്ന യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ആ ജീവിതത്തിൽ സ്വപ്നങ്ങൾ നെയ്യുന്നതാണ് ഉത്തമയായ ഒരു വ്യക്തിയുടെ കടമ'' യെന്ന അച്ചന്റെ സദ്ചിന്തകൾ വിജിയുടെ മനസ്സിൽ മാറ്റങ്ങൾ ഉണ്ടാക്കി.

യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ജീവിതമാരംഭിച്ച ആന്റണി-വിജി ദാമ്പത്യവല്ലരിയിൽ രണ്ടുകൺമണികൾ വിരിഞ്ഞു. ആദ്യസൂനം ആണും തുടർന്ന് പെണ്ണും. ഇതോടെ 2006-ൽ കോയമ്പത്തൂരിൽ നിന്നും ഈ ദമ്പതികൾ കേരളത്തിലേക്ക് പലായനം ചെയ്തു. ഏലൂർ പാതാളത്തുവന്നു താമസമാരംഭിക്കുകയും എടയാർ സീജീ ലുബ്രിക്കന്റ്സിൽ പ്ലാന്റ് സൂപ്പർവൈസറായി ആന്റണി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് വിജി അഞ്ചുപ്രസവങ്ങളിലായി 6 കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. അതിൽ ഇരട്ടക്കുഞ്ഞുങ്ങൾ ഈ ഭൂമിയുടെ വർണകാഴ്ചകൾ കാണാതെ നിത്യതപൂകി.

## അവഗണനകളെ പൂമെത്തയാക്കിയവർ

ആദ്യരണ്ടു പ്രസവങ്ങൾ കഴിഞ്ഞതോടുകൂടി വൈദ്യശാസ്ത്രം വിജിയുടെ ഗർഭപാത്രം നീക്കം ചെയ്യാൻ വിധിയെഴുതി. ഗർഭാശയസംബന്ധമായ നിരവധി പ്രശ്നങ്ങൾ വിജിയെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. പക്ഷെ വിജിയും ആന്റണിയും ഗർഭപാത്രം നീക്കംചെയ്യുന്നതിന് ഒരുക്കമല്ലായിരുന്നു. പ്രോലൈഫ് പ്രവർത്തകരുടെ ഇടപെടലും ഇവരുടെ അചഞ്ചലമായ പ്രാർത്ഥനയും വിശ്വാസവും ഇവരെ ശക്തരാക്കി. ഇതിനിടയിൽ ഇരുവരുടെയും വീട്ടുകാരും സ്വന്തക്കാരുമൊക്കെ ഇവരിൽനിന്നും അകലുകയും ഇവരെ ഒറ്റപ്പെട്ട തുരുത്താക്കി മാറ്റുകയും ചെയ്തു. വീട്ടുകാരുടെ അവഗണനകളും പരിഹാസങ്ങളും മാനുഷികമായി ഇവരെ തളർത്തിയെങ്കിലും ദൈവാശ്രയബോധത്തിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന ഇവർ എല്ലാ അവഗണനകളെയും പൂമെത്തയിൽ പതിച്ച പുഷ്പങ്ങളായിക്കണ്ടു.

സ്വന്തമായി ഒരു കിടപ്പാടംപോലുമില്ലാത്തവർ തുടർച്ചയായി കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നതിനെ അധിക്ഷേപിച്ചു സംസാരിച്ച് വിജിയെ പരിഹസിച്ചപ്പോഴും, ആന്റണിക്ക് കൂട്ടുകാരിൽനിന്നും സഹപ്രവർത്തകരിൽനിന്നും പഴികേൾക്കേണ്ടിവന്നപ്പോഴും അതെല്ലാം പുഞ്ചിരിയോടെ നേരിടാനായത് ആന്റണി വിജിക്കും വിജി ആന്റണിക്കും നൽകിയ പിന്തുണയും സ്നേഹവുമായിരുന്നുവെന്ന് ഇവർ പങ്കുവയ്ക്കുന്നു.

ദാരിദ്ര്യത്തിന്റെയും അവഗണനയുടെയും അനാരോഗ്യത്തിന്റെയും പ്രതിസന്ധികൾക്കിടയിലും കൂടുതൽ മക്കൾ എന്ന ചിന്തയ്ക്ക് കാരണമെന്തെന്ന ചോദ്യത്തിന് ഈ ഗൃഹനാഥയ്ക്ക് വ്യക്തമായ ഉത്തരമുണ്ട്. സന്ന്യാസജീവിതം തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി വിജി സംബന്ധിച്ച ദൈവവിളിക്യാമ്പിൽവച്ച് ശ്രവിച്ച കാര്യങ്ങൾ വിവാഹജീവിതത്തിലായപ്പോഴും മറന്നിരുന്നില്ല. അന്ന് ശ്രവിച്ചിരുന്ന ഒരു വാചകം വിജിയിൽ രൂഢമൂലമായിരുന്നു. ഒരു യുവതി വിവാഹിതയായാൽ രണ്ടുമൂന്നുകുട്ടികളുടെ അമ്മയാകുമായിരിക്കും. എന്നാൽ ഒരു സന്ന്യാസിനി എണ്ണമറ്റവരുടെ അമ്മയാണ്. തന്റെ വിവാഹജീവിതത്തിൽ ദൈവം തിരുമനസ്സാകുന്നതുവരെ കുഞ്ഞുങ്ങളെ പ്രസവിച്ച് കൂടുതൽ മക്കളുടെ അമ്മയാകണമെന്ന അദമ്യമായ ആഗ്രഹം ഇപ്പോഴും വിജിയിൽ അന്തർലീനമാണ്.

## മക്കൾനാമങ്ങളിലെ വ്യതിരിക്തത

നവകാലത്തെ ഫാൻസിപേരുകൾ നൽകാതെ, വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ പേരുകൾ നൽകി വ്യതിരിക്തത പുലർത്തുന്നതിലും ഈ മാതൃകാദമ്പതികൾ ശ്രദ്ധിച്ചു. 2005 ആഗസ്റ്റ് എട്ടിനാണ് ആന്റണി-വിജിമാർക്ക് ആദ്യപുത്രൻ പിറക്കുന്നത്. പഴയനിയമഗ്രന്ഥത്തിലെ ആദ്യപുരോഹിതനായ അഹറോനെ അനുസ്മരിച്ചുകൊണ്ട് ആദ്യപുത്രന് ഏറോൺ (Aaron) എന്ന് നാമകരണം ചെയ്തു. പാനായിക്കുളം ലിറ്റിൽഫ്ളവർ വിദ്യാലയത്തിലെ പത്താംക്ലാസ് വിദ്യാർത്ഥിയാണിവൻ.

2007 ഫെബ്രുവരി ഏഴിന് ഭൂജാതയായ മകൾക്ക് സമാധാനം എന്നർത്ഥമുള്ള ഐറിൻ (Irine) എന്ന് പേരിട്ടു. കൊങ്ങോർപ്പിള്ളി ഗവ. ഹൈസ്കൂളിലെ 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. 2012 ഡിസംബർ 12-ന് പിറന്ന മൂന്നാമത്തെ കുഞ്ഞ് നിരവധി ആരോഗ്യപ്രശ്നങ്ങൾക്കും വിലക്കുകൾക്കുംശേഷം പിറന്നതായതിനാൽ ചുവരുകളാൽ സംരക്ഷിക്കപ്പെട്ടവൻ എന്നർത്ഥമുള്ള ഹെസ്രോൺ (Hezrone) എന്ന പേരുനൽകി. കൂനമ്മാവ് സെന്റ്ജോസഫ് കോൺവന്റ് ഹൈസ്കൂളിലെ മൂന്നാം സ്റ്റാൻഡേർഡ് വിദ്യാർത്ഥി

യാണ്. 2014 ഒക്ടോബർ 11-ന് ജന്മം നൽകിയ കുട്ടിക്ക് കരുണയാൽ ഏറ്റവും സ്നേഹിക്കപ്പെട്ടതെന്നർത്ഥമുള്ള ഹെബ്രോൺ (Hebrone) എന്ന നാമം നൽകി. കൂനമ്മാവ് സെന്റ് ജോസഫ് കോൺവന്റ് സ്കൂളിലെ ഒന്നാം ക്ലാസുകാരനാണവൻ. 2017 ഒക്ടോബർ 24-ന് ഭൂജാതനായ കുഞ്ഞിന് ഏദൻതോട്ടത്തിലെ കാവൽമാലാഖമാരായിരുന്ന കെരൂബുകളെ അനുസ്മരിച്ചുകൊണ്ട് കെറുബിം (Kerubim) എന്ന് നാമകരണം നൽകി. മൂന്നരവയസ് പ്രായമാണിപ്പോൾ. 2019 ഫെബ്രുവരി 17-ന് പിറന്ന എട്ടാമത്തെ പുത്രന് സ്വർഗത്തിന്റെ വാതിൽക്കൽ നിൽക്കുന്ന മാലാഖയുടെ പേരിനെ ധ്വനിപ്പിച്ചുകൊണ്ട് ഏഡ്രിയൽ (Adriel) എന്നു പേരിട്ടു. ഇവനിപ്പോൾ ഒന്നരവയസ്സ്. ഇതിനിടയിൽ പിറന്ന ഇരട്ട പെൺകുട്ടികളാണ് ആന്റണി-വിജിമാരുടെ പറുദീസാ സൗഭാഗ്യം നുകരാനാകാതെ മിഴികടളടച്ചത്.

## അനാരോഗ്യത്തിലും പതറാതെ

വിജിയുടെ രണ്ടാമത്തെ പ്രസവം കഴിഞ്ഞതോടെയാണ് വിദഗ്ധരായ നാല് ഗൈനക്കോളജിസ്റ്റുമാർ ഗർഭപാത്രം നീക്കംചെയ്യാൻ ആവശ്യപ്പെട്ടത്. ഒട്ടും പതറാതെ ഭർത്താവിന്റെ പൂർണപിന്തുണയോടെ വീണ്ടുമൊരു അഭിപ്രായംതേടിക്കൊണ്ട് ലൂർദ്ആശുപത്രിയിലെ ഡോ. നീന തോമസിനെ സമീപിച്ചു. ആശ്വാസത്തിന്റെ കുളിർതെന്നലാണ് ഈ ഭിഷഗ്വരയിൽ നിന്നുലഭിച്ചത്. ഗർഭപാത്രം നീക്കം ചെയ്താൽ കൈയിലെ തള്ളവിരൽ നീക്കം ചെയ്യുന്നപോലെയായിരിക്കുമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് ഈ ദമ്പതിമാരുടെ സംശയത്തെ ദുരീകരിച്ചത്. ബുദ്ധിമുട്ടുകളൊക്കെ പരിഹരിക്കാമെന്ന നിർദ്ദേശത്തോടെ മരുന്നുകൾ ആരംഭിച്ചു. എന്നാൽ തുടർച്ചയായ മൂന്നുവർഷത്തെ ചികിത്സകൾക്കിടയിൽ അനുബന്ധരോഗങ്ങൾ ഒന്നൊന്നായി വിജിയെ കാർന്നുതിന്നുകൊണ്ടിരുന്നു. ഇനി കുഞ്ഞുങ്ങൾ തനിക്കുണ്ടാകില്ലെന്ന ബോധ്യത്തിലേക്കെത്തിക്കുന്ന ശാരീരിക അവസ്ഥയായപ്പോൾ മാനസികമായും വിജി തളരാൻ തുടങ്ങി. ഉറക്കമില്ലായ്മയും അലർജിയുമൊക്കെ പിടികൂടിയതോടെ താളംതെറ്റിയ താരാട്ടുപോലെയായി ജീവിതം. പക്ഷെ ഡോക്ടറുടെ ആത്മധൈര്യവും ഭർത്താവിന്റെ സാന്ത്വനപരിചരണവും വിജിക്ക് പുനർജന്മം നൽകി. തുടർന്നാണ് അഞ്ചു പ്രസവങ്ങൾക്കുകൂടി വിജി വിധേയയായതും ആറുമക്കൾക്കുകൂടി ജന്മമേകിയതും. ദൈവം നൽകിയ അനുഗ്രഹമായി ഇവർ ഇരുവരും ഈ സന്താനലബ്ധിയെ കാണുകയും ഉൾക്കൊള്ളുകയും ചെയ്യുകയാണ്.

## ആന്റണിയുടെ മനംമാറ്റം

രണ്ടു കുഞ്ഞുങ്ങൾ മതിയെന്ന് തീരുമാനിച്ചിരുന്ന ആന്റണിയുടെ മനം മാറുന്നത് തന്റെ ഭാര്യയുടെ ഗർഭപാത്രം മാറ്റണമെന്ന തീരുമാനമുണ്ടായപ്പോഴാണ്. സാമ്പത്തികമായി അധഃപതിച്ചിരുന്ന ഒരു സമയത്ത് മറ്റൊന്നും ചിന്തിക്കാൻ നിർവാഹമുണ്ടാകാതിരുന്നിട്ടും ഒഴുക്കിനെതിരെ നീന്താനാണ് ആന്റണി ശ്രമിച്ചത്. അത് ഭാര്യയുടെ ജീവൻവച്ചുള്ള കളിയായിരുന്നില്ല. മറിച്ച് അപേക്ഷിച്ചാൽ ഉപേക്ഷിക്കില്ലെന്നുറപ്പുള്ള ഒരു ഉടയോനിലുള്ള അടിയുറച്ച വിശ്വാസമായിരുന്നു. അത്തരത്തിലുള്ള ഒരു തീരുമാനത്തിൽ ചഞ്ചലപ്പെടാതിരുന്നതിനാൽ ഇന്ന് വീടൊരു സ്വർഗമാണ് ആന്റണിക്ക് - ആന്റണിയുടെ സ്വർഗരാജ്യം! ഏതെല്ലാം അസ്വസ്ഥതകൾ ജോലിസ്ഥലത്തുണ്ടായാലും വീട്ടിലെത്തിയാൽ ഈ എട്ടംഗകുടുംബത്തിന്റെ സന്തോഷം അനുഭൂതി പകരുന്നതാണെന്ന് ഉള്ളുതുറന്നുപറയുന്നു.

കളമശ്ശേരി ടൊയോട്ടാ വാഹന ഷോറൂമിലെ സർവീസിംഗ് സെക്ഷനിലെ ജീവനക്കാരനായ ആന്റണിയുടെയും ആലുവ രാജഗിരി ആശുപത്രിയിലെ ബെഡ്സൈഡ് അസിസ്റ്റന്റ് (BSA) ആയ വിജിയുടെയും പരിമിതമായ വരുമാനംകൊണ്ട് അഷ്ടകുടുംബം സ്നേഹത്തിന്റെ സമ്പന്നതയിൽ ആമഗ്നരാണ്. അജ്ഞതയും അഹങ്കാരവും അലസതയും അവിശ്വസ്തതയും ആഡംബരഭ്രമവും മദ്യപാനവും സംശയവും നിർബന്ധബുദ്ധിയും ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടവുമൊക്കെയാണ് ഒരു കുടുംബത്തിന്റെ അസ്വസ്ഥതകൾക്കും അപസ്വരങ്ങൾക്കും ഇടയാക്കുന്നതെന്ന പൂർണഅവബോധം ഇവർക്കുണ്ട്. അതുകൊണ്ടുതന്നെ ഇതിനൊന്നും ഈ സന്തുഷ്ടകുടുംബത്തിൽ സ്ഥാനമില്ല. ഉത്പത്തി ഗ്രന്ഥത്തിലെ 'ഏകശരീരമായിത്തീരും' എന്ന വചനം ദാമ്പത്യജീവിതത്തിലെ ലൈംഗികതയുടെ ആഴമുള്ള ഉൾക്കാഴ്ച ഇവർക്കു നൽകുന്നതിനാൽ പരസ്പരമുള്ള സ്വയംദാനത്തിനും ഒരുമയ്ക്കും ഇവർ പാത്രീഭൂതരായിത്തീരുന്നു. ഫലമോ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ ഇവർ പങ്കാളിയായിക്കൊണ്ടിരിക്കുന്നു. അതിൽ അഭിമാനവും ചാരിതാർത്ഥ്യവും മാത്രമാണ് ഈ മാതാപിതാക്കൾക്കും ഇവരുടെ ആറു പൊന്നോമനകൾക്കും. ഇവർ ഒരുമിച്ച് ദൈവത്തെ തേടുന്നതിനാൽ ദാരിദ്ര്യത്തിലും അനാരോഗ്യത്തിലും കലഹിക്കുകയോ സന്തോഷത്തിലും സന്താപത്തിലും അഹങ്കരിക്കുകയോ പരിതപിക്കുകയോ ചെയ്യുന്നില്ല. ■

# ക്രിസ്തുവിൽ സ്നേഹസാഫല്യം

## ഷാക് മാരിറ്റൻ (1909 - 1943) | റൈസാ മാരിറ്റൻ (1883-1960)

**ജീവിതത്തിന്റെ പൊരുൾതേടി യാനം ചെയ്ത സുഹൃത്തുക്കൾ ഈശോയിലും കത്തോലിക്കാസഭയിലും സത്യം കണ്ടെത്തി, കത്തോലിക്കാവിശ്വാസം സ്വീകരിച്ച് ധന്യജീവിതം നയിച്ചു. ഷാക് മാരിറ്റന്റെയും റൈസയുടെയും ധന്യജീവിത പ്രയാണപാതകൾ.**



ഫാ. ജെയിംസ് വയലിൽ CST
*ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ*

പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിലെ ബുദ്ധിശാലിയായ യുവാവ് ഷാക്കിനെയും സാഹിത്യവും തത്വചിന്തയും ഇഷ്ടപ്പെട്ടിരുന്ന റൈസ എന്ന യുവതിയെയും സുഹൃത്തുക്കളാക്കി മാറ്റിയത് ജീവിതത്തിന്റെ അർത്ഥമെന്തെന്ന അന്വേഷണമായിരുന്നു. ഒരുമിച്ചു ജീവിതമാരംഭിച്ചപ്പോൾ അവർ വിചിത്രമായൊരു തീരുമാനവുമെടുത്തു: ഇരുവരെയും ഒരുപോലെ ഗ്രസിച്ചിരുന്ന, ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ദാർശനികപ്രശ്നത്തിനു ഉത്തരം കണ്ടെത്താൻ സാധിക്കുന്നില്ലെങ്കിൽ ഒരു വർഷത്തിനുശേഷം ഒന്നിച്ചു ആത്മഹത്യ ചെയ്യുക. പ്രസിദ്ധ സാഹിത്യകാരനായ ലെയോൺ ബ്ലോയുടെ സ്വാധീനത്തിൽ ഈശോയിലും കത്തോലിക്കാസഭയിലും സത്യം കണ്ടെത്തി തങ്ങളുടെ തീരുമാനത്തിൽ നിന്ന് പിൻതിരിഞ്ഞ ഈ ദമ്പതികൾ- ഷാക് മാരിറ്റനും (1882-1973) റൈസ മാരിറ്റണും (1883-1960) തുടർന്നുള്ള ജീവിതത്തിലൂടെ കത്തോലിക്കാ ബൗദ്ധിക മണ്ഡലത്തിലും പൊതുസമൂഹത്തിനും വിലപ്പെട്ട സംഭാവനകൾ നൽകി. ലിബറൽ പ്രൊട്ടസ്റ്റന്റ് പശ്ചാത്തലമുള്ള സമ്പന്ന കുടുംബത്തിലായിരുന്നു ഷാക്കിന്റെ ജനനം. രാഷ്ട്രീയസ്വാധീനവും ധിഷണാ പ്രവർത്തനവുമെല്ലാം മാതൃവഴിയിലും പിതൃവഴിയിലും സമൃദ്ധമായുണ്ടായിരുന്നു. കുടിയേറ്റക്കാരായ യഹൂദ മാതാപിതാക്കളുടെ മകളായ റൈസയുടേത് തികച്ചും സാധാരണ കുടുംബവും. ഉന്നതമായ ബൗദ്ധിക അഭിമുഖ്യങ്ങൾ അവരെ അടുപ്പിക്കുകയും ഒരുമിപ്പിക്കുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്തു.

ഹെൻറി ബെർഗ്സന്റെ തത്വദർശനത്തെ പിഞ്ചെന്ന് ബൗദ്ധിക ജീവിതമാരംഭിച്ച ഷാക്കിനു റൈസയാണ് വിശുദ്ധ തോമസ് അക്വീനാസിന്റെ രചനകൾ പരിചയപ്പെടുത്തിയത്. തോമിസം അദ്ദേഹത്തിന്റെ ചിന്തയിലും കർമത്തിലും ആത്മീയതയിലുമെല്ലാം നവോന്മേഷം പകർന്നു. ആധുനിക തോമിസ്റ്റുകളിൽ അഗ്രഗണ്യനായ മാരിറ്റൻ വിശുദ്ധ തോമസിനെ വായിക്കുന്നതിനു മുൻപുതന്നെ തോമിസ്റ്റായിരുന്നു എന്ന് പറയത്തക്ക വിധം വിശുദ്ധന്റെ ചിന്തകളോട് യോജിച്ചിരുന്നു. ഗഹനമായ ദാർശനിക-സാമൂഹിക വിഷയങ്ങളടങ്ങുന്ന അറുപതോളം ഗ്രന്ഥങ്ങൾ ഷാക് മാരിറ്റൻ രചിച്ചു. കവിത, കല, വിശുദ്ധരുടെ ജീവചരിത്രം, പ്രാർത്ഥന ഇവയെല്ലാമായിരുന്നു റൈസയുടെ പുസ്തകങ്ങളുടെ ഉള്ളടക്കം. തങ്ങളുടെ വിവാഹജീവിതത്തെക്കുറിച്ചുള്ള 'We have been Freinds Together' എന്ന പുസ്തകത്തിലും റൈസയുടെ മരണശേഷം ഷാക് പ്രസിദ്ധീകരിച്ച ഓർമക്കുറിപ്പുകളിലും ഇവരുടെ പരസ്പര സ്നേഹത്തിന്റെയും ആത്മീയതയുടെയും ശോഭ നിറഞ്ഞ മുഖം കാണാം. ഫ്രാൻസിലും ലുവെൻ, ഓക്സ്ഫോർഡ്, ആൻജെലിക്കും (റോം) അടക്കം യൂറോപ്പിലെ മറ്റു യൂണിവേഴ്സിറ്റികളിലും അമേരിക്കയിലെ പ്രിൻസ്ടൺ, ഷിക്കാഗോ, കൊളംബിയ യൂണിവേഴ്സിറ്റികളിലും വിവിധ കാലങ്ങളിൽ അധ്യാപനം നിർവഹിച്ച ഷാക് മാരിറ്റൻ 1945 മുതൽ 1948 വരെ വത്തിക്കാനിലെ ഫ്രഞ്ച് അംബാസിഡറുമായിരുന്നു.





അക്കാദമിക മികവ്, ആഴമേറിയ പ്രാർത്ഥനാ ജീവിതം, വിശുദ്ധമായ ദമ്പതീസ്നേഹം ഇങ്ങനെ മാരിറ്റൻ ദമ്പതികളുടെ ജീവിതത്ത അടയാളപ്പെടുത്തിയ ഈ ധന്യതകളോട് എന്നും യോജിച്ചുപോന്ന മറ്റൊരു സവിശേഷത സാമൂഹ്യ നീതിയെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടും ഇടപെടലുകളുമായിരുന്നു. 1948-ൽ ഐക്യരാഷ്ട്രസഭയുടെ അംഗീകാരം നേടിയ സാർവലൗകിക മനുഷ്യാവകാശ പ്രഖ്യാപന (Universal Declaration of Human Rights) ത്തിന്റെ രചയിതാക്കളിൽ പ്രമുഖനുമാണ് മാരിറ്റൻ. പയസ് XI, പയസ് XII, ജോൺ XXII, പോൾ VI എന്നീ പാപ്പാമാർ സാമൂഹികവും ദാർശനികവുമായ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശം തേടിയിരുന്നു. 'എന്റെ ഗുരുനാഥൻ' എന്ന് മാരിറ്റനെ വിശേഷിപ്പിക്കുന്ന പോൾ ആറാമൻ പാപ്പാ 'ജനതകളുടെ പുരോഗതി' (*Populorum Progressio*) എന്ന ചാക്രികലേഖനത്തിൽ അദ്ദേഹത്തിന്റെ പേരെടുത്തു പരാമർശിക്കുന്നുമുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സമാപനത്തിൽ പാപ്പ, 'ചിന്തിക്കുന്നവർക്കും ശാസ്ത്രമനോഭാവമുള്ളവർക്കും വേണ്ടിയുള്ള' തന്റെ സന്ദേശം കൈമാറിയത് മാരിറ്റന് ആയിരുന്നു. തിരുസ്സഭക്കും ലോകത്തിനും മാരിറ്റൻ നൽകിയ സംഭാവനകൾ പരിഗണിച്ചു ഒരു അല്മായ കർദ്ദിനാളിന്റെ പദവിയിലേക്ക് ഉയർത്താനുള്ള പരിശുദ്ധ പിതാവിന്റെ താല്പര്യം അദ്ദേഹം വിനയപൂർവം നിരസിച്ചു.

1904-ൽ വിവാഹിതരായ ഷാക്കും റൈസയും എട്ടു വർഷത്തിനുശേഷം അവരുടെ ആത്മീയപിതാവിന്റെ അനുവാദത്തോടെ, അതിസ്വാഭാവികമായ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും മേഖലയിലേക്ക് പ്രവേശിച്ചു. റൈസയുടെ സഹോദരി വേരയോടൊപ്പം അവർ ബ്രഹ്മചര്യവ്രതം സ്വീകരിച്ചു. ചിന്തകരെയും ആത്മീയ ശുശ്രൂഷകരെയും സദാ സ്വാഗതം ചെയ്ത അവരുടെ ഭവനത്തിൽ അനാരോഗ്യംമൂലം ക്ലേശിച്ചിരുന്ന റൈസക്കു ബഥാനിയായിലെ മറിയത്തെപ്പോലെ പ്രശാന്തമായ ധ്യാനജീവിതം നയിക്കാൻ സഹോദരി വേര വീട്ടുജോലികൾ സന്തോഷപൂർവം ഏറ്റെടുത്തു. ഇതിനോടകംതന്നെ പെൺമക്കളുടെ വിശുദ്ധ ജീവിതത്തിന്റെ സാക്ഷ്യത്തിൽ ആകൃഷ്ടരായി അവരുടെ മാതാപിതാക്കൾ കത്തോലിക്കാവിശ്വാസം സ്വീകരിച്ചിരുന്നു. 1960-ൽ റൈസയും 1969 -ൽ വേരയും തങ്ങളുടെ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു. അവരുടെ മരണത്തോടെ 'കുറെ ശാഖകൾ സ്വർഗ്ഗത്തിലേക്ക് കാറ്റെടുത്തുപോയെങ്കിലും ചില ദൗത്യങ്ങൾ തീർക്കാൻ ഭൂമിയിൽ കുറെ വേരുകൾ അവശേഷിക്കുന്ന വൃദ്ധവൃക്ഷംപോലെയാണ്' താൻ എന്ന് നിരീക്ഷിച്ച ഷാക് 1961-ൽ ടുളൂസിലുള്ള ഈശോയുടെ ചെറുസഹോദരന്മാരുടെ ആശ്രമത്തിൽ പ്രവേശിക്കുകയും 1970-ൽ അവരിലൊരാളായിത്തീരുകയും ചെയ്തു.

1973-ൽ നിത്യതയിലേക്കു ചേർക്കപ്പെട്ട അദ്ദേഹം എഴുതി: ആരാണ് ഞാൻ? അദ്ധ്യാപകൻ ? ആവശ്യമായത് കൊണ്ടുപഠിപ്പിക്കേണ്ടിവന്നു. ദാർശനികൻ? അതെ; എന്നാൽ അതിനുമപ്പുറം, കാല്പനികമായ ആവേശത്തോടെ നീതിയും സത്യവും പുലരുന്ന നാളുകൾക്കുവേണ്ടി കൊതിക്കുകയും ഈ ഭൂമിയിൽ ചെവിചേർത്തു നിഗൂഢമായ ഉറവകൾക്കും അദൃശ്യമായ മുളപൊട്ടലുകൾക്കുംവേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന ഒരുവൻ. എന്റെ പ്രിയപ്പെട്ട റൈസ എന്റെ ജീവിതത്തെയും കർമത്തെയും പ്രചോദിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്തു. ഞാൻ ചെയ്തതിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ, ദൈവം കഴിഞ്ഞാൽ ഞാൻ കടപ്പെട്ടിരിക്കുക അവളോടാണ്. ചിന്തയുടെ അഗ്നിയോടു കർമത്തിന്റെ ചൂടും സ്നേഹത്തിന്റെ പ്രകാശവും ചേർത്ത ഷാക്- റൈസ ദമ്പതികളുടെ ജീവിതം ഇന്നും അനേകരെ ആകർഷിക്കുന്നു. ഷാക് മാരിറ്റന്റെ നാമകരണത്തിനായുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നുവെന്ന വാർത്തയും ഈ ധന്യജീവിതത്തിനു തിരുസ്സഭ നൽകുന്ന വലിയ അംഗീകാരത്തിന്റെ സൂചനയാണ്. ■

# നിയമവിധേയമായതൊക്കെ ശരിയോ?

**'ജാഗ്രത' എന്ന പദത്തിന് ഏറെ ശ്രദ്ധ കൊടുക്കേണ്ടുന്ന ഒരു കാലമാണിത്. മക്കളെത്തരുന്ന ദൈവത്തെ ചോദ്യം ചെയ്യുകയും ജീവൻ സമൃദ്ധമായി വിളയേണ്ട കുടുംബ ങ്ങളുടെ അടിത്തറ ഇളകുകയും ജീവനെ ഹനിക്കുന്ന ലൗകായികത വളരുകയും ചെയ്യുമ്പോൾ, പ്രബോധനാ ധിഷ്ഠിതമായ പരിശീലനത്തിൽ സഭയ്ക്കും അത് സ്വീക രിക്കുന്നതിൽ കുടുംബങ്ങൾക്കും നേരിട്ട ജാഗ്രതക്കു റവിനെ സൂക്ഷ്മനിരീക്ഷണം ചെയ്യുകയാണ് ലേഖകൻ.**



ഫാ. വർഗീസ് വള്ളിക്കാട്ട്
*vallikkatt@gmail.com*

വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ, കുടും ബത്തെ സംബന്ധിച്ച് സഭ വ്യക്തമായ മാർഗ ദർശനം നൽകുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസി ലിന്റെ പശ്ചാത്തലത്തിൽ, പാപ്പമാർ കുടുംബത്തെ സംബന്ധിക്കുന്ന പ്രബോധനങ്ങൾ കാലാകാലങ്ങ ളിൽ നല്കിവരുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പ 'മനുഷ്യ ജീവൻ' എന്ന ചാക്രിക ലേഖനത്തിൽ (ജൂലൈ 25, 1968) മനുഷ്യ ജീവന്റെ മഹത്ത്വം ഊന്നിപ്പറയുക യും മനുഷ്യ ജീവനെതിരെയുള്ള എല്ലാവിധ കടന്നു കയറ്റങ്ങളെയും വിശിഷ്യാ, ഗർഭഛിദ്രത്തെയും പ്രകൃ തി വിരുദ്ധ (കൃത്രിമ) ഗർഭനിരോധന മാർഗങ്ങളെ യും ശക്തമായി അപലപിക്കുകയും ചെയ്യുന്നുണ്ട്. ആധുനിക സഭയുടെ ചരിത്രത്തിൽ ഈ പ്രബോ ധനരേഖക്ക് അതുല്യമായ സ്ഥാനമാണുള്ളത്. കേരളത്തിലെ കത്തോലിക്കാസഭാസമൂഹങ്ങൾ ഈ പ്രബോധനത്തിൽ ഇനിയും ഏറെ ഉൾക്കൊള്ളേണ്ടി യിരിക്കുന്നു. എഴുപതുകൾമുതൽ സർക്കാർ നടപ്പാ ക്കിയ കുടുംബാസൂത്രണ പരിപാടികളിൽ വർധിച്ച ആവേശത്തോടെ പങ്കെടുത്ത ചരിത്രമാണ് കേരള ത്തിലെ ക്രൈസ്തവർക്കുള്ളത്. കേരളത്തിലെ ക്രൈസ്തവ ജനസംഖ്യ കുത്തനെ കുറഞ്ഞുവരു ന്നതിനുള്ള ഒരു പ്രധാന കാരണം സഭാപ്രബോ ധനങ്ങളിൽ വിശ്വാസികളെ പരിശീലിപ്പിച്ചു വളർത്തു ന്നതിനു സഭാനേതൃത്വം വേണ്ടത്ര ജാഗ്രത കാട്ടിയിരു ന്നില്ല എന്നതുതന്നെയല്ലേ?

## വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ കുടുംബ ദൈവശാസ്ത്രം

കുടുംബത്തെ സംബന്ധിക്കുന്ന പ്രബോധനങ്ങൾ നൽകുന്നതിൽ അതീവ ജാഗ്രത പുലർത്തിയ പാപ്പ യാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ. സ്നേഹ ത്തിൽ ഒന്നാകുന്ന സ്ത്രീപുരുഷ കൂട്ടായ്മയാണ് കുടുംബജീവിതത്തിന്റെ അടിത്തറ. ലൈംഗികമായ വ്യതിരിക്തതയും അതിൽനിന്നുളവാകുന്ന പരസ്പര ആകർഷണവും സ്നേഹവും സമർപ്പണവുമാണ് സ്ത്രീ പുരുഷന്മാരെ ഗാഢമായ സൗഹൃദത്തിലേക്കും സ്നേ ഹത്തിന്റെ കൂട്ടായ്മയിൽ ശരീരങ്ങളുടെ ഒന്നാക ലിലേക്കും പുതിയജീവന്റെ സൃഷ്ടിയിലൂടെ, സഹസ്രഷ്ടാ ക്കളുടെ സ്ഥാനത്തേക്കും ഉയർത്തുന്നത്. സ്നേഹം പങ്കുവയ്ക്കുകയും ജീവൻ പകരുകയും ചെയ്യുന്ന ഭാര്യാഭർതൃ കൂട്ടായ്മ, ദൈവിക സ്നേഹകൂട്ടായ്മ യായ പരിശുദ്ധത്രിത്വത്തെ ഈ ലോകത്തിൽ പ്രതിഫലി പ്പിക്കുന്ന ഏറ്റവും മനോഹരമായ ഐക്കൺ ആണെ ന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ വ്യക്തമാക്കിയി ട്ടുണ്ട്.

മനുഷ്യനെന്ന നിലയിൽ തന്റെ ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും തലത്തിൽ മാത്രമല്ല മനുഷ്യൻ ദൈവത്തിന്റെ ഛായയും സാദൃശ്യവുമായിരിക്കുന്നത്, പിന്നെയോ സൃഷ്ടിയുടെ ആരംഭംമുതൽ പുരുഷനും സ്ത്രീയും എന്ന നിലയിൽ അവർ രൂപംകൊടുക്കുന്ന കുടുംബം എന്ന കൂട്ടായ്മയിലൂടെയുമാണ് എന്നാണ് പാപ്പ പഠിപ്പിച്ചത്. ക്രിസ്തീയ കുടുംബത്തെ സംബ ന്ധിക്കുന്ന തുടർന്നുള്ള സഭയുടെ ദൈവശാസ്ത്ര പ്രബോധനങ്ങളിൽ, അദ്ദേഹത്തിന്റെ ഈ ദർശനം ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കുടുംബ ജീവിതത്തിലെ 'വ്യക്തികളുടെ കൂട്ടായ്മ' എന്നത് കേവലം, വ്യത്യസ്ത വ്യക്തികളുടെ കൂടി വരവോ കൂടിച്ചേരലോ അല്ല, അത് ഭാര്യാഭർത്താക്കന്മാരുടെ സ്വതന്ത്ര മനസ്സോടെയുള്ള സ്വയം സമർപ്പണത്തിൽനി ന്നും ഉരുവാകുന്ന ജീവന്റെയും സ്നേഹത്തിന്റെയും

കൂട്ടായ്മയാണ്. സ്ത്രീപുരുഷ സൃഷ്ടിയിൽ, 'പുരുഷൻ ഏകനായിരിക്കുന്നതു നന്നല്ല' (ഉത്പ 2:18 ) എന്ന ദൈവിക ജ്ഞാനം പ്രകടമാകുന്നുണ്ട്. ആദത്തിന്റെ 'ആദിമമായ ഏകാന്തതയും' അവന്റെ 'ശരീരത്തിന്റെ ഭാഷയും' അവനിണങ്ങുന്ന ഒരു ഇണയെ ആവശ്യപ്പെടുന്നുണ്ട്. അതിനാലാണ് തന്റെതന്നെ അസ്തിത്വത്തിന്റെ ഭാഗമായ ഹവ്വയുടെ ആദ്യദർശനത്തിൽ ആദം മതിമറന്നു സന്തോഷിക്കുന്നതായി ബൈബിൾ സാക്ഷ്യപ്പെടുത്തുന്നത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ 'ശരീരത്തിന്റെ ദൈവശാസ്ത്രം' എന്ന അദ്ദേഹത്തിന്റെ പ്രബോധന പരമ്പരയിൽ ഇക്കാര്യം അടിവരയിട്ടു പറയുന്നുണ്ട്.

മനുഷ്യന്റെ മഹത്ത്വം കുടികൊള്ളുന്നത് വ്യക്തി എന്ന നിലയിലും കൂട്ടായ്മ എന്ന നിലയിലും മനുഷ്യൻ ദൈവത്തെ പ്രതിബിംബിപ്പിക്കുന്നു എന്നതിലാണ്. അതിനാൽത്തന്നെ, ദൈവഛായയായ മനുഷ്യൻ ആദരവും സ്നേഹവും അർഹിക്കുന്നു. ഒരു വ്യക്തിയെയും ഒരു വസ്തുവായോ, മറ്റു വ്യക്തികളുടെ അഭിലാഷപൂർത്തിക്കായുള്ള ഉപകരണമായോ കാണാൻ ഈശോ അനുവദിക്കുന്നില്ല. ദമ്പതീജീവിതത്തിന്റെ പരിശുദ്ധിയും വിവാഹജീവിതത്തിന്റെ അനന്യതയും കുടികൊള്ളുന്നത് മനുഷ്യന്റെ ദൈവദത്തമായ മഹത്ത്വത്തിലാണെന്നു വിശുദ്ധഗ്രന്ഥവും സഭയുടെ പ്രബോധനങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

ഓരോ സ്ത്രീയും പുരുഷനും തുല്യ മഹത്ത്വമുള്ള മനുഷ്യ വ്യക്തികളാണ്. ഒരാൾ മറ്റൊരാളുടെ അടിമയോ, ജംഗമ വസ്തുവോ ഉപഭോഗത്തിനുള്ള ഉപാധിയോ അല്ല. സ്വീകരിച്ചുകൊണ്ട് സ്വയം നൽകുകയും സ്വയം നൽകിക്കൊണ്ട് സ്വീകരിക്കുകയും ചെയ്യുന്ന സ്വയംദാനത്തിന്റെയും സ്വീകരണത്തിന്റെയും അരൂപിയിലാണ് ഭാര്യാഭർതൃബന്ധം ദൈവികകൂട്ടായ്മയുടെ കൂദാശയായി മാറുന്നത്. അവിടെ ആധിപത്യമില്ല, സമർപ്പണമേയുള്ളു. കവർന്നെടുക്കലില്ല, കൃതജ്ഞതയോടെയുള്ള സ്വീകരണമേയുള്ളു. ഇത്തരം ഒരു സ്നേഹകൂട്ടായ്മക്ക് മാത്രമേ ജീവനിലേക്കു തുറവുള്ള ഒരു ബന്ധത്തിന് രൂപം കൊടുക്കാൻ കഴിയൂ.

## ഭാര്യാഭർതൃ ബന്ധം ജീവനിലേക്കു തുറവുള്ളതാകണം

മനുഷ്യ ജീവന്റെ വിളനിലവും, മൂല്യങ്ങളുടെ ആരാമവുമായ കുടുംബത്തിലാണ് കുഞ്ഞുങ്ങൾ ജനിക്കുന്നതും വളരുന്നതും. മനുഷ്യശിശു ജനിച്ചു പക്വത പ്രാപിക്കുന്നത്, മറ്റു ജന്തു വർഗങ്ങളേക്കാൾ സുദീർഘവും കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതുമായ ഒരു കാലഘട്ടത്തിലൂടെയാണ്. മാതാപിതാക്കളുടെ സ്നേഹ പരിലാളനങ്ങളിലൂടെയും ത്യാഗപൂർണ്ണമായ സമർപ്പണത്തിലൂടെയും മാത്രം സാധ്യമാകുന്ന ഒന്നാണ് കുട്ടികളുടെ സ്വഭാവരൂപീകരണവും വിദ്യാഭ്യാസവും. കുടുംബത്തിന്റെ അന്തരീക്ഷം ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്.

## അജപാലനപരമായ വെല്ലുവിളികൾ

കുടുംബങ്ങളുടെ അജപാലനം സഭയുടെ ദൗത്യത്തിന്റെ മുഖ്യ ശ്രദ്ധാകേന്ദ്രമായി മാറിക്കഴിഞ്ഞു. ഫ്രാൻസിസ് പാപ്പായുടെ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ആഹ്വാനം കുടുംബങ്ങളുടെ അജപാലനത്തിൽ ഊന്നിയുള്ള സഭയുടെ സുവിശേഷവത്ക്കരണ ദൗത്യ ത്തിന് ഒരു മാർഗദർശിയാണ്. ഈ മാർഗരേഖ, ദൈവവചനത്തിന്റെ വെളിച്ചത്തിൽ കുടുംബത്തെ നിർവചിക്കുകയും അതിന്റെ ദൗത്യത്തെ സ്പഷ്ടമാക്കുകയും സഭയുടെ അജപാലന ശൈലിയിലും അഭിമുഖങ്ങളിലും ഉണ്ടാകേണ്ട മാറ്റങ്ങളെ വരച്ചുകാട്ടുകയും ചെയ്യുന്നു.

യേശുവിലൂടെ വെളിപ്പെടുന്ന പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയുടെ അരൂപിയിൽ രൂപപ്പെടുന്ന ക്രിസ്തീയ കുടുംബജീവിതം, ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ കൗദാശികമായി അടയാളപ്പെടുത്തുന്നു എന്ന പൗലോസ് അപ്പസ്തോലന്റെ പ്രബോധനവും പാപ്പാ വിശദമാക്കുന്നുണ്ട്. സ്വയംദാനം ചെയ്യുന്ന സ്നേഹത്തിലുള്ള ദമ്പതികളുടെ വളർച്ചയാണ് കുടുംബത്തിന്റെ ഭദ്രതക്ക് അടിസ്ഥാനം. ദമ്പതികളുടെ ഫലസംലബ്ധിയുള്ള സ്നേഹം ജീവൻ പ്രദാനം ചെയ്യുന്നതും ബന്ധങ്ങളെ ഊട്ടി വളർത്തുന്നതുമാണ്.

കുടുംബങ്ങളുടെ അജപാലനത്തിൽ പുലർത്തേണ്ട ചില നൂതന അഭിമുഖ്യങ്ങളും സമീപനങ്ങളും പങ്കുവയ്ക്കുന്ന പാപ്പാ, സാഹചര്യങ്ങളെ വിവേചിച്ചറിയാനും കുടുംബങ്ങളോടൊപ്പം സഹഗമനം ചെയ്യാനും സ്നേഹാനുഭവത്തിൽ മുറിപ്പെട്ടവരോട് ചേർന്നുനിന്ന് അവർക്കു ക്രിസ്തുചൈതന്യം പകരാനും അജപാലകരെ ആഹ്വനം ചെയ്യുന്നു. പ്രശ്നസങ്കീർണ്ണമായ ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിനോട് ചേർന്ന് നിന്നുകൊണ്ടും ക്രിസ്തുവിന്റെ മനോഭാവത്തോടെയും കുടുംബങ്ങളെ സഹഗമിക്കാൻ പാപ്പാ ഈ അപ്പസ്തോലിക ആഹ്വാനത്തിലൂടെ സഭയെ, പ്രത്യേകിച്ച് അജപാലകരെയും കുടുംബപ്രേഷിതരെയും ഉദ്ബോധിപ്പിക്കുന്നു.

## കുടുംബവർഷം

സ്നേഹത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക

ആഹ്വാനത്തിന്റെ അഞ്ചാം വാർഷികമായ 2021 മാർച്ച് 19 മുതൽ ഒരു വർഷം ദീർഘിക്കുന്ന കുടുംബവർഷം സഭയിൽ പ്രഖ്യാപിച്ചിരിക്കെയാണ് പാപ്പ. തിരുകുടുംബത്തിന്റെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന 2021 ലെ, വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിലാണ് കുടുംബ വർഷാചരണത്തിന് പാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത് എന്നത് ശ്രദ്ധാർഹമാണ്. തിരുകുടുംബത്തെ മാതൃകയാക്കുന്ന ഓരോ ക്രൈസ്തവ കുടുംബവും ദൈവത്തിന്റെ പദ്ധതികളോട് സമ്പൂർണ്ണമായി സഹകരിക്കുന്നതിനും വിശുദ്ധ യൗസേപ്പിതാവിന്റെയും മാതാവിന്റെയും മാതൃക പിൻപറ്റുന്നതിനും പ്രത്യേകം ശ്രദ്ധയുള്ളവരാകണം എന്ന ഓർമപ്പെടുത്തൽ കൂടി നടത്തിയിരിക്കുന്നു.

കുടുംബജീവിതം ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. വ്യക്തിയുടെ ലിംഗവും ലൈംഗികാഭിമുഖ്യങ്ങളും തീരുമാനിക്കുന്നതിൽപോലും കമ്പോളം അതിന്റെ സ്വാധീനം ഉറപ്പിക്കുന്ന കാലമാണിത്. ലൈംഗിക വ്യതിരിക്തതയും പാരസ്പര്യവും സ്രഷ്ടാവിന്റെ പദ്ധതിയാണെന്നു അംഗീകരിക്കാൻ വിസമ്മതിക്കുന്നവരുടെ എണ്ണം വർധിച്ചുവരുന്നു. കുടുംബം എന്ന ദൈവികസ്ഥാപനത്തെ അംഗീകരിക്കാനും സ്വീകരിക്കാനും മടിക്കുന്നവരും വർധിച്ചുകൊണ്ടിരിക്കുന്നു. വിവാഹമോചനവും വിവാഹേതര ലൈംഗികതയും സ്വവർഗലൈംഗികതയും ക്രൈസ്തവ സമൂഹങ്ങളിൽ കൂടിവരികയാണ്. ഭ്രൂണഹത്യയും ഗർഭച്ഛിദ്രവും മിക്കവാറും എല്ലാ രാജ്യങ്ങളും നിയമവിധേയമാക്കിക്കഴിഞ്ഞു. ദയാവധം എന്ന പേരിൽ നടക്കുന്ന മനുഷ്യത്വരഹിതമായ കൊലപാതകങ്ങൾക്ക് ആധുനിക വൈദ്യശാസ്ത്രം കുടപിടിക്കുകയാണ്. ഇന്ത്യയിലും സ്ഥിതി മെച്ചമാണെന്നു പറഞ്ഞുകൂടാ. നിയമവിധേയമായതെല്ലാം ശരിയാണ് എന്ന കാഴ്ചപ്പാടും പരക്കെ പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. ■

..... പേജ് 47-ൽ നിന്ന് തുടർച്ച

പോകണം എന്ന ഗതികേടായി. ഊണുസമയത്തു കാണാൻപാടില്ലാത്തതൊക്കെ കണ്ടാണ് കുഞ്ഞ് ആഹാരം കഴിച്ചുവളരുന്നത്. അസന്മാർഗിക മാർഗങ്ങളൊക്കെ കുഞ്ഞിന്റെ മനസ്സിൽ രൂഢമൂലമാകും. ആ വാസന കുഞ്ഞിൽ ഉറങ്ങിക്കിടക്കും. അവസരം കിട്ടുമ്പോൾ അത് തലപൊക്കും.

കുറച്ചുകൂടെക്കഴിയുമ്പോൾ ടി.വി, മൊബൈൽ കളി എല്ലാം അവർക്ക് ആനന്ദസുഖം നൽകും. ആ സുഖത്തിനെതിരേ നിൽക്കുന്നവർ തീർച്ചയായും ശത്രുക്കളാവും. കുറേക്കൂടി വലുതാവുമ്പോൾ സിനിമ സ്വാധീനിക്കാൻ തുടങ്ങും. സിനിമയും ജീവിതവും രണ്ടു തലങ്ങളാകുന്നുവെന്ന് പറഞ്ഞാൽ, അതിൽ ആസക്തിതോന്നിയാൽപിന്നെ വിശ്വസിക്കാനായി ബുദ്ധിമുട്ടാണ്. ജീവിതത്തിൽ സംഭവിക്കാത്തത് സിനിമയിൽ സംഭവ്യമാണ്. പക്ഷെ ജീവിതത്തിൽ സംഭവ്യമായത് സിനിമയിൽ കാണണമെന്നില്ല. ഒന്ന് സാങ്കൽപികം; മറ്റത് യാഥാർത്ഥ്യം. അതിനാൽ ജീവിതം കുറേക്കൂടി ഗൗരവതരമായിക്കാണണം. പാശ്ചാത്യസംസ്കാരം ഇക്കാര്യത്തിൽ നമ്മെ വളരെ സ്വാധീനിച്ചിട്ടുണ്ട്. നമുക്ക് ഒരു ഭാര്യയും ബാക്കി സ്ത്രീകൾ അമ്മമാരും സഹോദരിമാരുമാണെന്ന സങ്കല്പമാണ്.

ആകാംക്ഷ കൂട്ടാനും തുടർന്നുകാണാനും വേണ്ടി സിനിമയിൽ പല ആകർഷണങ്ങളും ചേർത്തെന്നിരിക്കും. ഇത് മറ്റുള്ളവർക്കുവേണ്ടി നിർമിക്കുന്നതാണ്. പക്ഷെ ജീവിതം അവനവനുവേണ്ടിയുള്ളതാണെന്ന ബോധം കൈവെടിയരുത്. ചില സിനിമ കണ്ട് "ഇത്ര സുന്ദരമാണോ വിവാഹജീവിത" മെന്നും ചിലതുകണ്ടാൽ "ഇത്ര കഷ്ടമാണോ വിവാഹാനന്തരജീവിത"മെന്നും തോന്നുന്നു. ഇത് ജീവിതമെന്നു കരുതിയാൽ പല പാളിച്ചകളും വന്നുപറ്റുന്നു. സ്വന്തം മാതാപിതാക്കളെയും സഹോദരങ്ങളെയും സ്നേഹിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിച്ചാൽ ആ ഹൃദയത്തിന് മറ്റൊരു സ്ത്രീയെയോ പുരുഷനെയോ ഉൾക്കൊള്ളാൻപറ്റും. മറ്റൊരാളുടെ മനസ്സിനെ വേദനിപ്പിക്കരുത്; മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടുപോലും. അതാണ് 'അഹിംസ' എന്ന വാക്കിന്റെ അർത്ഥം. നമ്മുടെ രാഷ്ട്രപിതാവ് കൈയിലെ വടിപോലെ ഊന്നിപ്പിടിച്ച് ജീവിതത്തിൽ വിജയിച്ചതും അഹിംസകൊണ്ടുതന്നെ. ഇത് കുട്ടികളുടെയും വലിയവരുടെയും മനസ്സിൽ എഴുതിയൊട്ടിക്കേണ്ട വാക്കാണ്. അപ്പോൾത്തന്നെ കുടുംബജീവിതം ഭദ്രമാകും. അന്നക്കുമ്പാരത്തിനടുത്തിരുന്ന് നാം 'വിശക്കുന്നേ' എന്ന് മുറവിളി കൂട്ടിക്കൂടാ. നമ്മുടേതായ സ്നേഹത്തിന്റെ, സമാധാനത്തിന്റെ ഒരു സംസ്കാരം നമുക്കുണ്ട്. അതു കണ്ടെത്തുക. പടിഞ്ഞാറുവശത്തോട്ടുതന്നെ പോകാതെ കിഴക്കോട്ടു തിരിഞ്ഞു നടക്കൂ-ഉദയസൂര്യനെ നോക്കൂ. പരസ്പരസ്നേഹവും പങ്കുവയ്ക്കലും പ്രകൃതിയിൽ നിന്നു പഠിക്കൂ. കുടുംബജീവിതം സുഭദ്രം. ■



# സാമൂഹികം

വേരുകൾ ആഴപ്പെടുമ്പോഴേ
ശാഖകൾ ബലവത്താകൂ.
മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യ
ങ്ങൾ, ആനുകാലിക കഥകൾ
കവിതകൾ, സിനിമകൾ
പുസ്തകങ്ങൾ എന്നിവ
പരിചയപ്പെടുത്തിക്കൊണ്ട്
സമൂഹജീവിതത്തിന്റെ
സമഗ്രതയിലേക്കും
സുസ്ഥിതിയിലേക്കും
പറന്നുയരാൻ...

## കവിതയിലെ ഹരണം

- കാലം എന്ന എന്യുമറേറ്റർ
- ഹോം

ഫാ. സുനിൽ ofm cap.
റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
ജെ.സി. ബുക്ക്മാൻ

# കാലം എന്ന എന്യുമറേറ്റർ



ഫാ. സുനിൽ ofm cap.
ഡയറക്ടർ, അസ്സീസി ആർട്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കൊല്ലം

വി. ആർ സുധീഷിന്റെ 'മുനവർ എന്ന തടവുകാരൻ' കഥ വിശകലനം ചെയ്യുന്നു.
*(സമകാലിക മലയാളം,* ഓണപ്പതിപ്പ് – 2021)

ധാർമികഭാരവും വൈകാരിക സംഘർഷവും അതിന്റെ പതിവ് അളവിൽ കവിഞ്ഞ് കാലത്തെ മൂടിനിൽക്കുന്നതാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. മനസ്സാക്ഷിയുടെ അറകളിലൊതുക്കിയ ഹൃദയഹാരിയായ ചില വൈകാരികഭാവങ്ങളുണ്ട്. ഹൃദയവും മനസ്സുമൊക്കെ മൊട്ടക്കുന്നുകളായി പരിണാമപ്പെട്ടതിനെയോർത്ത് സന്ദേഹിക്കുന്നവരുടെ കാലമാണിത്. ഇത്തരം ഒരു കാലത്തിൽ ഒരാളുടെ ശാരീരികവ്യഥയുടെ ആഴങ്ങൾ കണ്ടെത്താൻ ജീവചരിത്രകാരന്മാരേക്കാൾ വേഗത്തിൽ സാന്ദ്രഭംഗിയാർന്ന ഭാവനയാത്ര നടത്താൻ ചില കഥാകാരന്മാർ മുന്നോട്ടായാറുണ്ട്. കോവിഡ്കാലം എല്ലാ മനുഷ്യരുടെയും പ്രതീക്ഷയെ കടപുഴക്കുമ്പോൾ ചരിത്രപരമായ ഈ കാലം ഒരു തടവുകാരനെ എങ്ങനെയാണ് തരംതിരിവുകൾക്കും ധ്രുവീകരണങ്ങൾക്കും ഏൽപ്പിച്ചുകൊടുക്കുന്നതെന്ന അന്വേഷണം അത്ര കണ്ട് ചെറുതല്ല. മനുഷ്യർക്കിടയിൽ വർധിച്ചുവരുന്ന വിടവിനെക്കുറിച്ച് ചില അടയാളരേഖകൾ സമ്മാനിക്കാൻവേണ്ടിത്തന്നെയാണ് വി. ആർ സുധീഷ് 'മുനവർ എന്ന തടവുകാരനെ' നമുക്ക് പരിചിതമാക്കുന്നത്. പ്രപഞ്ചനിയന്ത്രണ ശക്തിയിൽ പങ്കുചേരാനുള്ള മനുഷ്യന്റെ ആവേശം കുറഞ്ഞുവരുന്ന ഒരു കാലത്ത് സ്വത്വനഷ്ടമനുഭവിക്കുന്ന ഒരുയർന്ന വൈകാരിക മിന്നലാട്ടത്തെ ഒരു തടവുകാരന്റെ മനോഭാവങ്ങളിലൂടെ വരച്ചിടാനാണ് സുധീഷ് ശ്രമിക്കുന്നത്. കോവിഡ് എന്ന ഹൃദയശൂന്യമായൊരു (കാലത്തിന്റെ) വ്യവസ്ഥിതിയുടെ അഴിയാക്കുരുക്കുകളിൽ ചെന്നുപെട്ട് മോചനമാർഗമറിയാതെ മനംനൊന്തു കഴിയുന്ന മുനവർ എന്ന തടവുകാരന്റെ ജയിൽച്ചാട്ടത്തെയാണ് ആവിഷ്കരിക്കുന്നതെങ്കിലും ഭിഷഗ്വരന്മാർക്ക് ഇനിയും തുന്നിശരിയാക്കാൻപറ്റാത്ത ആരോഗ്യസംഹിതകളെ കൂടി അനാവരണപ്പെടുത്തുന്നു്. 'അടച്ചിടൽ' എന്ന ക്രിയയിൽനിന്നും ഓരോ നിമിഷവും പുറത്തുകടക്കാൻ ശ്രമിക്കുന്ന ഈ കാലത്തിലെ ഓരോ മനുഷ്യരെയും ഓരോ ആംഗിൾ വായനയിലൂടെയും മുനവർ പ്രതിനിധാനപ്പെടുത്തുന്നുണ്ട്. മുനവർ എന്ന ദുർബലാത്മാവായ കഥാപാത്രം ഭോഷത്തരം കലർന്ന ഒരു കുറ്റകൃത്യത്തിനാണ് തടവിലാക്കപ്പെടുന്നത്. എല്ലാവരും വീട് എന്ന തടങ്കലിലാക്കപ്പെട്ട ഒരു കാലത്തിൽ ഒരാൾ മാത്രം ഉള്ളുചുട്ടവിധത്തിൽ മോചനം ആഗ്രഹിച്ച് ശിക്ഷയുടെ കൂടുപൊളിച്ച് പുറത്തുകടക്കുന്നതിനെ ഒരു പ്രതീകാത്മക കൂട്ടിവായനയ്ക്ക് വിധേയമാക്കിയാലേ ഈ കഥയുടെ സമകാലിക ദർശനം നമുക്ക് ബോധ്യമാകുകയുള്ളൂ.

കണക്കിൽ കവിഞ്ഞ ആർദ്രമായ സഹാനുഭൂതി പകർത്തിക്കാട്ടുന്ന ജയിലധികൃതരോട് വിശ്വാസവഞ്ചന കാട്ടുന്ന മുനവറിനെയാണ് കഥയിൽ നാം കണ്ടുമുട്ടുന്നത്. തടവിലകപ്പെടുന്നവരുമായി ബന്ധപ്പെടുത്തി വായിക്കേന്ന രണ്ടു പദങ്ങളുണ്ട്.

1. ശിക്ഷ
2. ശിക്ഷണം

ശിക്ഷ നിയമവുമായി ബന്ധപ്പെട്ട അടുക്കും യുക്തിഭദ്രതയുമുള്ള ഒരു വ്യവസ്ഥയാണ്. അത് ചരിത്രവും സാമൂഹ്യസാഹചര്യങ്ങളും ചേർന്നു നിർമിക്കുന്ന മർത്ത്യദുരിതങ്ങളെക്കുറിച്ചുള്ള ഒരു പൊതുപരിഗണനയാണ്. അവിടെ സ്വാന്ത്ര്യം



എന്നത് തെണ്ടിക്കഴിച്ചുകൂട്ടിയ/കൂട്ടുന്ന ഒരു ബാല്യകാലജീവിതത്തിനു സദൃശമാണ്. ശിക്ഷണം സ്നേഹവുമായി ബന്ധപ്പെട്ട ഒരു വ്യവസ്ഥയാണ്. അത് മുമ്പറിയാത്ത ഒരു വികാരത്തെ ഓരോ നിമിഷവും പുതുക്കി സൃഷ്ടിക്കുന്നു. അത്തരം ഒരു തടവറഭാഗമാണ് കോവിഡുകാലത്ത് ഓരോ മനുഷ്യരും അനുഭവിച്ചുകൊണ്ടിരിക്കുന്ന ലോക്ഡൗൺ എന്ന ശിക്ഷണമുറ. അവിടെ സ്നേഹമാണ് നിയമം. കോവിഡ് കാലമായതുകൊണ്ട് വൃദ്ധയെ പീഡിപ്പിച്ച കേസിൽ തടവുകാരനാക്കപ്പെട്ട മുനവറിന് ശിക്ഷണത്തിന്റെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്. ഈ കഥയുടെ കാലവും സാമൂഹ്യപശ്ചാത്തലവും ഒരു നിമിഷത്തേക്ക് ഒന്നു വിസ്മരിച്ചാൽ കഥ മുന്നോട്ടുവയ്ക്കുന്നത് അസ്വതന്ത്രനായ മനുഷ്യന്റെ ആണിപ്പുണ്ണുള്ള മാനസിക നിലയാണെന്നു കാണാൻ കഴിയും. അടച്ചിടലിന്റെ അസ്വസ്ഥതകൾ പേറി നടക്കുന്ന ഒരാൾ കൊതിക്കുന്നത് മോചനമാണ്.

മനുഷ്യൻ പരസ്പരം തണലാകേണ്ടുന്ന ഒരു കാലത്തെക്കുറിച്ചുതന്നെയാണ് മുനവർ എന്ന തടവുകാരനിലൂടെ സുധീഷ് പറഞ്ഞുവയ്ക്കുന്നത്. മുനവറിന് ജയിലിൽനിന്ന് ലഭിക്കുന്നത് മുഴുവൻ ഈ തണലിന്റെ ഭാഗ്യങ്ങളാണ്. കഥയിലെ സ്ഥൂലാംശത്തിലുള്ള സ്വാതന്ത്ര്യത്തിന്റെ വ്യത്യാസം ഒഴിച്ചുനിർത്തിയാൽ അതിൽ തുടിച്ചുനിൽക്കുന്നത് മനുഷ്യന്റെ ഏകാന്തതയെക്കുറിച്ചുള്ള തീക്ഷ്ണമായ അവബോധമാണെന്നു കാണാൻ കഴിയും. ഈ അന്യവല്ക്കരണം അപരിഹാര്യമായൊരു ദാർശനികപ്രശ്നമായി കഥയിൽ നിറഞ്ഞുനിൽക്കുന്നു. ഇതിനെ 'വൈകാരികഭാഷ' യുടെ പരാജയംകൂടിയായി വേണം മനസ്സിലാക്കാൻ.

എല്ലാ തടവുകാരും കാണെക്കാണെ അപരിചിതമായി തീരുന്ന സ്വതന്ത്ര്യമാണെന്നെഴുതിയത് *ബെൻ ഓക്രി*യാണ്. അത് നിത്യമായ മനുഷ്യാവസ്ഥയുടെ രേഖീകരണമായി നമുക്കനുഭവപ്പെടുന്നത് അപ്പോഴാണ്. മനുഷ്യൻ എന്ന സത്തയ്ക്കുള്ളിലെ നാച്വറലിസ്റ്റിന്റെ സ്വാതന്ത്ര്യക്കൊതിയെയാണ് മുനവറിന്റെ തടവുചാട്ടത്തിലൂടെ അവതരിപ്പിക്കുന്നത്. ഒരു ജയിലും പെരുവഴിക്കൂട്ടമല്ല. അവിടുത്തെ ജയിൽ അധികൃതർ ഒഴികെ ബാക്കിയെല്ലാവരുടെയും മനസ്സുകൾ ഭീതിയുടെയും ആശങ്കകളുടെയും സന്ദേഹങ്ങളുടെ അഴികൾക്കുള്ളിലാണ്. ലോക്ഡൗൺ എന്ന നമ്മുടെ ജയിൽസദൃശവാസത്തിന്റെ മാനസികഭാരങ്ങളെ വിശദീകരിക്കാൻ മുനവറിനെ മനഃശാസ്ത്രപരമായി ട്രീറ്റ് ചെയ്യുകയാണ് കഥാകൃത്തിന്റെ ലക്ഷ്യം. വൃദ്ധയെ പീഡിപ്പിച്ചതിന്റെ പേരിൽ തടവുപുള്ളിയാകുന്ന മുനവറിന് ആത്മനശീകരണക്ഷമമായ നോവും കയ്പും ഉണ്ടാകരുതെന്ന് ജയിൽ അധികൃതർ ആഗ്രഹിക്കുന്നു. ഇവിടെ ശിക്ഷയേക്കാൾ പ്രബലമായി പ്രവർത്തിക്കുന്നത് ശിക്ഷണത്തിന്റെ മാർഗമാണ്. സാഹചര്യങ്ങളാണ് ചിലരെ തടവുപുള്ളികളാക്കി തീർക്കുന്നത്. ഈ കഥയിലെ മുനവർ മുമ്പും ക്രിമിനൽ കേസുകളിൽപെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ശിക്ഷയുടെ കാഠിന്യരേഖകളെ ലംഘനത്തോളം കടക്കാൻ ഇനിയും സാധ്യതയുണ്ടെന്നറിയാമായിരുന്നിട്ടും അയാളെ ശിക്ഷണത്തിന്റെ മാർഗത്തിലൂടെയാണ് ജയിൽ അധികൃതൻ പരിചരിക്കുന്നത്. മനുഷ്യന്റെ ഉള്ളിലെ സഹാനുഭൂതിക്കും അനുകമ്പയ്ക്കും ഇപ്പോഴും മാറ്റ് കുറ

ഞ്ഞിട്ടില്ലെന്നുതന്നെയല്ലേ ഇത്തരം സമീപനങ്ങൾ നമുക്ക് പറഞ്ഞുതരുന്നത്. മൂഢമായ ആത്മസംതൃപ്തിക്കുവേണ്ടിയല്ല സുധീഷ് കഥകളെഴുതുന്നത്. അതു മനുഷ്യൻ എന്ന ടെക്നീഷ്യന്റെ ബോധത്തിലേക്കിടുന്ന ഒരു കൊളുത്താണ്. മനുഷ്യനും അധർമവും തമ്മിലുള്ള ഗാഢവും ആപത്കരവുമായ വേഴ്ചയെ ഇനി ശിക്ഷകൊണ്ട് പരിഹരിക്കാനാവില്ലെന്നും അതിനെ ശിക്ഷണംകൊണ്ടേ നേരിടാനാവൂ എന്നുമുള്ള ചില സൂചനകൾ ഈ കഥയിൽ പടർന്നുനിൽക്കുന്നു. ഇത് കഥയുടെ എതിർധ്രുവമല്ല. കുറ്റബോധത്തിന്റെ ഇരമ്പുന്ന പശ്ചാത്തലം ഇനിമേൽ കുറ്റവാളിയുടെ സ്വൈര്യത്തെ കെടുത്തരുതെന്ന് ആഗ്രഹിക്കുന്ന പ്രിസൺ ഓഫീസർമാർ ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്ന ഓർമപ്പെടുത്തലുംകൂടിയാണ് ഈ കഥ. ഞെരുക്കുന്ന ചുറ്റുപാടുകളിൽ തന്റെ ഭൗതികമായ നിലനിൽപ്പും ഒപ്പം മനുഷ്യത്വത്തിന്റെ കർക്കശ വിശുദ്ധിയും സ്ഥാപിക്കാനുള്ള ശ്രമത്തിനിടയിൽ കഠിനപരീക്ഷണങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യത്വഭാരങ്ങളായി ഇതിലെ പ്രിസൺ ഓഫീസർമാർ മാറുന്നു. ഇവിടെ തടവിലാക്കപ്പെടുന്നതിന്റെ പെരുംനോവിനേക്കാൾ ഭീകരമാണ് മനസ്സ് തടങ്കലിലായ മനുഷ്യത്വപ്രഭയുള്ളവരുടെ അവസ്ഥ. മനുഷ്യത്വം ഒരാളുടെ കൈവശമുള്ള ഒരു ഞെക്കുവിളക്കല്ല. അതൊരു സ്വാഭാവിക ശാന്തതയാണ്. അപ്പോൾ അതിനോട് വഞ്ചനകാട്ടുന്ന ഏതൊരാളിന്റെയും പ്രതിനിധിയാണ് കഥയിലെ മുനവർ എന്ന കഥാപാത്രം.

## അനുബന്ധം

മുനവർ 'കുറ്റവും ശിക്ഷയും' വായിക്കുന്നതു കണ്ടാണ് മറ്റുള്ള തടവുകാരുടെ എണ്ണം ഉറപ്പുവരുത്തി അന്നു രാത്രിയിൽ ഞങ്ങൾ ഉറങ്ങാൻ കിടന്നത്. കോളജ് വിദ്യാർത്ഥിനികളുടെ വസ്ത്രങ്ങളും പുതപ്പുകളും സൂക്ഷിച്ച മുറി മുനവർ നോക്കിവച്ചുകാണണം. ഷാളുകൾ കൂട്ടിക്കെട്ടി കയർപോലെയാക്കി രണ്ടാംനിലയിലെ ജാലകത്തിൽ കെട്ടി താഴേക്ക് തൂങ്ങിയിറങ്ങിയതാണ്. – മുനവർ എന്ന തടവുകാരൻ.

എല്ലാവരും തടവിലാക്കപ്പെട്ട ഒരു കാലമാണിത്. അവിടെ കളവുകാട്ടുന്ന മനുഷ്യൻ മാത്രമല്ല മറിച്ച് അടയ്ക്കപ്പെട്ട ഓരോരുത്തരും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ തടവിലാക്കപ്പെട്ട ഒരു മനുഷ്യന്റെ (അവൻ കുറ്റക്കാരനായിരിക്കുമ്പോഴും) ഏകാന്തതയുടെ അളവിന് എത്ര വിസ്തീർണ്ണം കാണും. കുറ്റകൃത്യങ്ങൾ നടത്തുക എന്ന തന്റെ അനുഷ്ഠാനത്തിന്റെ ഏറ്റവും സംതൃപ്തനായ പ്രേക്ഷകനാണ് മുനവർ. മികച്ച വായനക്കാരനായ അയാൾ വായനയെ സ്വതന്ത്രമായി ആഘോഷിച്ചുവെങ്കിലും വായനയ്ക്കും സ്വാതന്ത്ര്യം ഡിക്ലയർ ചെയ്യാനാവാത്ത മുഹൂർത്തം വന്നുചേർന്നു. അയാൾ മറ്റൊരു മാർഗത്തിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയാണ്. നാം (ഇപ്പോൾ) ജീവിക്കുന്ന കാലം ഒരു എന്യുമറേറ്ററാണ്. അത് സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരെ ഒന്നുകിൽ ശ്വാസം മുട്ടിച്ചുകൊല്ലും. അല്ലെങ്കിൽ അപരിചിതമായ ഒരു ദേശത്തേക്ക് നാടുകടത്തും. കുറ്റവാളിയായ വ്യക്തി എന്ന അപൂർവ ദൃശ്യത്തിലേക്ക് ജയിൽ ഓഫീസർമാരുടെ ശ്രദ്ധ പതിയാത്തവിധം വായനയുടെ സ്വാതന്ത്ര്യത്തെ പ്രദർശിപ്പിക്കുകയായിരുന്നു മുനവർ. ഒരു കുറ്റവാളിയെ കാണാനുള്ള ഉത്സാഹത്താൽ ഇരമ്പിയാർത്ത ജയിൽ ഓഫീസർമാരും അല്ലാത്തവരും മനുഷ്യഭാവങ്ങളുടെ വിസ്തൃത ആകാശങ്ങൾതന്നെയാണെന്ന് കഥയുടെ ഒരറ്റം വാദിക്കുമ്പോൾ, മറ്റേ അറ്റം ലോക്ഡൗണാകുന്ന കുറ്റവാളിയുടെ മാത്രമല്ല, എല്ലാ മനുഷ്യരുടെയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒടുങ്ങാത്ത അഭിലാഷത്തിന്റെ ഗ്രാഫ് തെളിച്ചുകാണിക്കുന്നു. വി. ആർ. സുധീഷ് എന്ന കഥാകാരനിലെ 'ഹംഗർ ആർട്ടിസ്റ്റ്' അടയ്ക്കപ്പെട്ട മനുഷ്യന്റെ ഓരോരോ ഭാവങ്ങളെ തന്നെയാണ് അനാവരണപ്പെടുത്തുന്നത്. അതു കാലം ആവശ്യപ്പെടുന്ന ഒരു എന്യൂമറേഷനാണ്. ■








റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

റോജിൻ തോമസ് സംവിധാനം ചെയ്ത ***ഹോം*** എന്ന സിനിമയുടെ അവലോകനം. ഇന്ദ്രൻസ്, ശ്രീനാഥ് ഭാസി, മഞ്ജു പിള്ള, വിജയ്ബാബു, അനൂപ് മേനോൻ, കെ.പി.എ.സി. ലളിത, ജോണി ആന്റണി, ദീപ തോമസ് എന്നിവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ആമസോൺ പ്രൈം OTT പ്ലാറ്റ്ഫോമിലൂടെ പ്രേക്ഷകർക്ക്മുന്നിലെത്തിച്ച *ഹോം*, പണ്ട് നാം പറയാറുള്ള തലമുറകൾ തമ്മിലുള്ള വിടവിന്റെ (ജനറേഷൻ ഗ്യാപ് ) കഥ പുതിയ കാലത്തിന്റെ ഭാഷയിൽ അവതരിപ്പിച്ചിരിക്കയാണ്. സോഷ്യൽ മീഡിയ സമൂഹത്തെ അടക്കിവാഴുന്ന ഇക്കാലത്ത് ഈ വിടവ് പ്രത്യക്ഷപ്പെടുന്നത് കുടുംബത്തിനുള്ളിൽതന്നെ ഒരു 'ഡിജിറ്റൽ ഡിവൈഡി'ന്റെ രൂപത്തിലാവാം.

പണ്ട് കേട്ടൊരു പാട്ട് ഓർമിക്കുകയാണ്: *അച്ഛനുമമ്മയും മക്കളുമെല്ലാം ഒന്നിച്ചു വാഴുന്ന ഗേഹം. ഒരു മേൽക്കൂരക്ക് കീഴെ ഒന്നിച്ചു താമസിച്ചാലും ഒന്നിച്ചു വാഴൽ ആവുന്നില്ല* എന്ന സത്യം തിരിച്ചറിയാൻ ഈ ചിത്രം പ്രചോദനമേകുന്നു. വ്യക്തിഗത പരിഗണനകൾ സനാതനമൂല്യങ്ങളെ പിന്തള്ളിക്കൊണ്ടിരിക്കുന്ന ഈ പോസ്റ്റ് മോഡേൺ കാലഘട്ടത്തിൽ കുടുംബം, സ്നേഹം, വാത്സല്യം തുടങ്ങിയ മൂല്യങ്ങളെ, ചിന്തകളും ആശയങ്ങളും ആയല്ല, മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങി കണ്ണുകളെ ഈറനണിയിക്കുന്ന വികാരവായ്പ്പായി അവതരിപ്പിക്കാൻ ഈ ചിത്രത്തിന് കഴിഞ്ഞിട്ടുണ്ട്.

ദൈർഘ്യത്തിന്റെയും അതിഭാവുകത്വത്തിന്റെയും എത്തിനോട്ടം ഉണ്ടെങ്കിലും സുന്ദരമായൊരു തിരക്കഥ തന്നെയാണ് ഈ ചിത്രത്തിന്റെ ശക്തി. അച്ചടി മാധ്യമങ്ങൾ, സിനിമയുടെ പഴയ കാലം; പിന്നെ പുതുയുഗത്തിൽ നമ്മുടെ ജീവിതങ്ങളെ നിയന്ത്രിക്കുന്ന 'ഡിജിറ്റൽ മീഡിയ': ഈ അസ്ഥിവാരങ്ങളിന്മേലാണ് റോജിൻ തോമസ് തന്റെ സിനിമ 'വീട്' പണിതെടുക്കുന്നത്. ഈ ചേരുവകൾ ചേർത്ത് ജീവിതത്തിന്റെ കഥയാണോ സിനിമയുടേതാണോ എന്ന് തിരിച്ചറിയാൻ കഴിയാത്തവിധം അതിർവരമ്പുകൾ അപ്രത്യക്ഷമാക്കുന്ന വിദ്യയിൽ സംവിധായകൻ വിജയിച്ചിരിക്കുന്നു.

ഒരിക്കലും സ്വന്തം കാര്യം നോക്കാതെ മറ്റുള്ള വർക്കുവേണ്ടി, പ്രത്യേകിച്ച് മക്കൾക്കുവേണ്ടി എല്ലാം മാറ്റിവച്ച് സ്വന്തം പ്രസക്തി നഷ്ടപ്പെട്ടവനെപ്പോലെ ജീവിക്കേണ്ടിവരുന്ന കുടുംബനാഥനാണ് ഇന്ദ്രൻസ് അവതരിപ്പിക്കുന്ന മുഖ്യ കഥാപാത്രം 'ഒലിവർ ട്വിസ്റ്റ്'. അപ്പച്ചന്റെ ജീവിതത്തിന് പ്രസക്തിയില്ല എന്ന് മുഖത്തടിച്ചപോലെ പറയുന്നത് അദ്ദേഹത്തിന്റെ മൂത്ത മകൻ ആന്റണി ഒലിവർ ട്വിസ്റ്റ് (ശ്രീനാഥ് ഭാസി) ആണ്. ആദ്യ ചിത്രത്തിലൂടെ യുവസംവിധായകനുള്ള പുരസ്കാരം നേടിയെങ്കിലും അടുത്ത ചിത്രത്തിന്റെ തിരക്കഥാരചനക്കിടയിൽ നേരിടേണ്ടി വരുന്ന 'റൈറ്റേഴ്സ് ബ്ളോക്കി'ന്റെ മനോവിഷമത്തിലാണ് ആന്റണി. അയാളുടെ കാമുകിയുടെ (ദീപ തോമസ്) അച്ഛനും തന്റെ ഭാവി അമ്മായച്ഛനുമായ വ്യക്തിയാണ് ജീവിതത്തിൽ വിജയിച്ചൊരാളുടെ മാതൃകയായി ആന്റണി മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഒരു ന്യൂജൻ സൊസൈറ്റി എക്സിക്യൂട്ടീവിന്റെ എല്ലാ ഭാവഹാദികളും പ്രദർശിപ്പിക്കുന്ന അമ്മായച്ഛൻ തന്റെ ആത്മകഥ എഴുതി മുഴുവനാക്കി പ്രകാശനത്തിന് തയ്യാറെടുത്തിരിക്കുകയാണ്. പുസ്തകത്തിന് അയാൾ കൊടുത്തിരിക്കുന്ന ശീർഷകം തീർച്ചയായും സംവിധായകന്റെ തിരഞ്ഞെടുപ്പായിരിക്കണം: 'ഇറ്റ്സ് ഓൾ എബൌട്ട് മീ', കൊള്ളാം!

ഒന്നും തന്നെ കുറിച്ച് അല്ലാത്തൊരുലോകത്തിലാണ് ഒലിവർ ട്വിസ്റ്റും ഭാര്യ കുട്ടിയമ്മയും (മഞ്ജു പിള്ള) ജീവിക്കുന്നത്. പ്രായം ചെന്ന അപ്പച്ചനും ആ വീട്ടിൽ ഒരു മൂലയിൽ സ്ഥിരം സാന്നിധ്യമായി ഉണ്ട്. സാഹിത്യത്തോടുള്ള കമ്പം മൂത്ത്, മക്കൾക്ക് ഒലിവർ ട്വിസ്റ്റ്, പീറ്റർ പാൻ, മേരി പോപ്പിൻസ് എന്നൊക്കെ പേരിട്ടത് അയാളാണ്. ആ വീട്ടിൽ പിന്നെയുള്ളത് ആന്റണിയുടെ അനുജൻ ചാൾസ്; സെലിബ്രിറ്റി ചേട്ടനെ ആരാധിച്ചും അനുകരിച്ചും തന്റെ സ്വന്തം 'യൂട്യൂബ്ചാനൽ' എന്തോ മഹത്തായ മാധ്യമ അത്ഭുതം പോലെ ഉയർത്തിക്കാട്ടിയും ബഹളമുണ്ടാക്കി നടക്കുന്ന ചാൾസ് മടിയനാണെന്ന് മാത്രമല്ല തന്റെ സ്വന്തം കാര്യങ്ങൾ അമ്മയേയും അപ്പച്ചനേയും കൊണ്ട് ചെയ്യിപ്പിച്ച് അവരെ കഷ്ടപെടുത്തുന്നതിൽ മടിയില്ലാത്തവനുമാണ്.

തന്റെ അപ്പച്ചൻ അച്ചടി മാധ്യമങ്ങളുടെ പ്രതിനിധി ആയിരുന്നെങ്കിൽ മകൻ ഒലിവർ ട്വിസ്റ്റ് സാഹിത്യത്തേക്കാൾ സിനിമയെ സ്നേഹിച്ച്, അക്കാലത്ത് വീഡിയോ കസ്സെറ്റ് ലൈബ്രറി നടത്തിയിരുന്ന സിനിമാക്കമ്പക്കാരൻ ആണ്. പക്ഷെ, ലോകം മുഴുവൻ 'ഡിജിറ്റൽ' ആയി മാറിയപ്പോൾ അതിനൊപ്പം മാറാൻ കഴിയാതെ 'ഔട്ട് ഓഫ് സിങ്ക്' ആയി പോവുകയാണ് ഒലിവർ ട്വിസ്റ്റ്. അയാളുടെ ഏക സുഹൃത്തും സന്തതസഹചാരിയുമായ സൂര്യൻ (ജോണി ആന്റണി) ആണ് ഈ രണ്ടു ലോകങ്ങളുടേയും ഇടയിലൊരു പാലമിടാൻ ഒലിവറിനെ സഹായിക്കുന്ന ഏക വ്യക്തി.

ചിത്രത്തിലെ കഥാതന്തുവിന്റെ വളർച്ചയും കഥാപാത്രങ്ങൾക്കിടയിലെ സംഘർഷങ്ങളും നാം കൗതുകത്തോടെയും ഉള്ളിൽ തട്ടിയും നിരീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ, 'പഴയ കാലവും പുതിയ കാലവും' താരതമ്യം ചെയ്ത് കൊണ്ട് സംവിധായകൻ അവതരിപ്പിക്കുന്ന ചിന്തകൾ നമ്മുടെ മനസ്സുകളെ കാര്യമായി സ്പർശിക്കുന്നുണ്ട്. ഒരു പരിധി വരെ, അത് നല്ലത്, ഇത് മോശം എന്ന ഒരു അനുമാനം എടുക്കാൻ ചിത്രം നമ്മെ നിർബന്ധിക്കുന്നുമില്ല, അതിനു കാരണമുണ്ട്: സാമൂഹ്യമാധ്യമങ്ങൾ അണുകുടുംബജീവിതങ്ങളെ പൂർണമായെന്നോണം നിയന്ത്രിക്കുന്ന ഇക്കാലത്ത് പ്രായമായവരും ചെറുപ്പക്കാരും ഒരേപോലെ ഈ മാറ്റങ്ങളുടെ കുത്തൊഴുക്കിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്; ഓടി മാറാനോ, കൂട്ടിലൊളിക്കാനോ ആർക്കും കഴിയില്ലല്ലോ.

മക്കളോടും മാറുന്ന കാലത്തോടും ചേർന്ന് പോകാൻ വേണ്ടി ഒലിവർ ട്വിസ്റ്റ് ഒരു പുതിയ മൊബൈൽ ഫോൺ വാങ്ങി അതിനെ തനിക്ക് പൊരുത്തപ്പെടാൻ കഴിയും വിധം മെരുക്കിയെടുക്കാൻ ശ്രമിക്കുകയാണ്. അതിന് അയാളെ ക്ഷമാപൂർവം സഹായിക്കുന്നത് കൂട്ടുകാരൻ സൂര്യൻ ആണ്; ഒട്ടും ക്ഷമയില്ലാതെ അപ്പച്ചന്റെ 'ഡിജിറ്റൽ' ആവാനുള്ള ശ്രമങ്ങൾക്ക് 'കോച്ചിങ്' നൽകേണ്ട ഗതികേട് ആന്റണിയുടെ അനുജൻ ബ്ലോഗൻ ചാൾസ് ഏറ്റെടുക്കുന്നുണ്ട്; പകുതിവഴിക്ക് അവൻ ആ പണി ഉപേക്ഷിക്കുകയും ചെയ്യുന്നു.

ഒലിവർ ട്വിസ്റ്റിന്റെ മൊബൈൽ ഫോൺ 'മെരുക്കൽ' ശ്രമങ്ങൾക്കിടയിൽ അയാൾക്ക് സംഭവിക്കുന്നൊരു കൈയബദ്ധം ആന്റണിയുടെ രണ്ടാം സിനിമാസ്വപ്നങ്ങളെ തകിടം മറിക്കുന്നിടത്താണ് ചിത്രത്തിന്റെ ഒന്നാം പകുതി അവസാനിക്കുന്നത്. അപ്പച്ചന്റെ ഫോണിൽ 'ഫേസ്ബുക്ക് ലൈവ്' ആയി കിടക്കുമ്പോൾ സൂപ്പർ സ്റ്റാർ വിശാലിന് (അനൂപ് മേനോൻ) എതിരായി ആന്റണി വിളിച്ച് പറഞ്ഞ അരുചികരമായ സത്യങ്ങൾ അയാളുടെ 'ഫാൻസ്' ആയവരും അല്ലാത്തവരും എങ്ങനെ സ്വീകരിക്കുന്നു എന്ന് ശ്രദ്ധിക്കുക. സംവിധായകരുടെയോ സൂപ്പർ സ്റ്റാർ അഭിനേതാക്കളുടെയോ ഫാൻസ് സംഘങ്ങൾ തമ്മിലുള്ള സൈബർ പോരാട്ടങ്ങളും ചീത്തവിളികളും സാമൂഹികമാ

ധ്യമങ്ങളുടെ മാന്യതയുടെ മറനീങ്ങിയാൽ പുറത്തു വരുന്ന വിഴുപ്പിന്റെ ഒരംശം മാത്രം. ഡിജിറ്റൽ മീഡിയയിലൂടെ സംഭവിക്കുന്ന 'ഡിലീറ്റ്' ചെയ്യാൻ കഴിയാത്ത അബദ്ധം, മാപ്പ് പറഞ്ഞ് മായ്ച്ച് കളയാനും തന്റെ പ്രൊഫഷനിൽ അടുത്ത ചുവടുവയ്പ് നടത്താനും ആന്റണി ആശ്രയിക്കുന്നത് പഴഞ്ചനായിപ്പോയ അപ്പച്ചനെയും അദ്ദേഹത്തിന്റെ പഴഞ്ചൻ അച്ചടി അക്ഷരങ്ങളുടെ മാധ്യമത്തേയുമാണ്; എന്തൊരു മധുരപ്രതികാരം!

ഒലിവറിന്റെ രണ്ടു ആൺമക്കളും ന്യൂജൻ സ്വഭാവക്കാരും ഈ തലമുറയുടെയും ഈ കാലത്തിന്റെയും മൂല്യങ്ങളും അനുസരിച്ചു കാര്യങ്ങളെ സമീപിക്കുന്നവരാണ്. അവർ എടുത്തുപ്രയോഗിക്കുന്ന പ്രായോഗിക ബുദ്ധിയുടെ' ഫിലോസഫി ഇക്കാലത്ത് അത്ര ചെറുപ്പക്കാരല്ലാത്തവരിലും നാം കാണുന്നു. അമ്മായച്ഛന്റെ 'പെർഫോമൻസി'നെ ആരാധിക്കുന്ന, സ്വന്തം അപ്പച്ചൻ ഗ്ലാമർ ഉള്ള കാര്യങ്ങൾ ഒന്നും ചെയ്തിട്ടില്ല, അതുകൊണ്ടു അദ്ദേഹത്തിന് വിലയില്ല എന്ന് വിചാരിക്കുന്ന ആന്റണി. അപ്പച്ചൻ കഷ്ടപ്പെട്ട് നട്ടുവളർത്തി വലുതാക്കിയ പച്ചക്കറിത്തോട്ടത്തിന്റെ ക്രെഡിറ്റ് മുഴുവൻ യൂട്യൂബ് ചാനലിലെ പ്രേക്ഷകർക്കു മുമ്പിൽ തന്റെ പേരിലാക്കി മാറ്റി പറയാൻ യാതൊരു 'ഉളുപ്പും' തോന്നാത്ത ഇളയ മകൻ ചാൾസ്.

ഈ ചെറുപ്പക്കാരും ഇവരെപ്പോലെ ഉപരിപ്ലവങ്ങളായ പ്രചരണങ്ങളുടെ പുറകെ പാഞ്ഞു നടക്കുന്ന പ്രായമായവരും പുതിയ 'പോസ്റ്റ്ട്രൂത്ത്' (സത്യാനന്തര) കാലഘട്ടത്തിന്റെ പ്രതിനിധികളാണ്. ഫേസ്ബുക്ക്, ട്വിറ്റർ തുടങ്ങിയ നവമാധ്യമ ശൃംഖലകൾ ഉപയോഗിച്ച് നുണകളും അർധസത്യങ്ങളും നിരന്തരം പ്രക്ഷേപണം ചെയ്തു നമ്മെ വിഡ്ഢികളാക്കുകയും അവർ പറയുന്നതാണ് സത്യം, അവർ മാത്രമാണ് ശരി എന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന നമ്മുടെ രാഷ്ട്രീയനേതാക്കളാണല്ലോ ഈ കാലഘട്ടത്തിൽ നമ്മുടെ സാംസ്കാരിക മൂല്യങ്ങളെ ഏറെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്. വൈറൽ' ആവുന്നത് മാത്രമാണ് വിലയുള്ളത് എന്ന ചിന്താഗതിയിലേക്ക് നീങ്ങുകയല്ലേ നമ്മുടെ സമൂഹം?

ഈ സിനിമ, കുറേ നേരത്തേക്ക് ആവശ്യത്തിൽ കൂടുതൽ നല്ലവനായതിന്റെ പേരിൽ' ഒലിവർ ട്വിസ്റ്റ് ചെന്നുപെടുന്ന അബദ്ധങ്ങളുടെ കഥയായാണ് മുന്നോട്ടു നീങ്ങുന്നത്. മൂത്ത മകന്റെ മുൻപിൽ തന്റെ വില' വീണ്ടെടുക്കാൻ കൂട്ടുകാരൻ സൂര്യന്റെ സഹായത്തോടെ ഒലിവർ നടത്തുന്ന ശ്രമങ്ങളെല്ലാം മിക്കവാറും പരാജയപ്പെടുന്നു. ഈ പശ്ചാത്തലത്തിലേക്കാണ് നിർമാതാവ് കൂടിയായ വിജയ് ബാബു അവതരിപ്പിക്കുന്ന കഥാപാത്രം, സൈക്കോളജിസ്റ്റ്- പേഴ്സണാലിറ്റി ട്രെയ്നർ, കടന്നു വരുന്നത്. മനശ്ശാസ്ത്രവും 'തായ്ച്ചി' വ്യായാമമുറകളും സംയോജിപ്പിച്ച് അദ്ദേഹം നടത്തുന്ന പരിശീലന കളരിയിൽ ഒലിവർ സ്ഥിരം സന്ദർശകനായി മാറി. ആ രീതികളിലൂടെ സ്വന്തം ജീവിതത്തെ വീണ്ടും കരുപ്പിടിപ്പിക്കാനും തുടങ്ങി. അൽപ്പം കൂടുതലായി 'പ്രഭാഷണം' എന്ന് തോന്നാവുന്ന രീതിയിൽ സൈക്കോളജിസ്റ്റിനെ സാരോപദേശത്തിനായി ഉപയോഗിക്കുന്ന ഇടങ്ങളിൽ തിരക്കഥ ദുർബലമായി തീരുന്നുണ്ട് എന്ന് പറയാതെ വയ്യ.

അപ്രതീക്ഷിതമായ ഒരു 'ട്വിസ്റ്റ്' ആണ് ചിത്രത്തിന്റെ ക്ലൈമാസ്. ഒലിവറിന്റെ ചെറുപ്പകാലത്തു തികച്ചും 'എക്സ്ട്രാ ഓർഡിനറി' എന്ന് വിളിക്കാവുന്ന രീതിയിൽ അവനും സഹപാഠി സൂര്യനും ചേർന്ന് ഒരു കുഞ്ഞിന്റെ ജീവൻ രക്ഷിച്ച സംഭവകഥ തന്റെ മകന്റെ മുന്നിൽ പറയാനും മകന്റെ മുന്നിൽ നഷ്ടപ്പെട്ടെന്നു തോന്നിച്ച വിലയും നിലയും വീണ്ടെടുക്കാനും ഒലിവർ ഒന്നു രണ്ടുതവണ ശ്രമം നടത്തി പരാജയപ്പെട്ടതാണ്. ക്ലൈമാക്സ് രംഗത്തിലാണ് ആ പഴയ കഥയേയും വർത്തമാനകാലത്തിൽ നമ്മുടെ മുൻപിൽ നിൽക്കുന്ന കഥാപാത്രങ്ങളേയും കണ്ണിചേർക്കുന്ന യഥാർത്ഥ സംഭവങ്ങളുടെ ചുരുളഴിയുന്നത്.

ഈ കഥയിൽ സംവിധായകനെ ഇടക്കിടെ ക്യാമറക്കു മുന്നിലും കാണുന്നൊരു പ്രതീതി *ഹോം* ജനിപ്പിക്കുന്നുണ്ട്; കലാകാരന്റെ ആത്മാംശത്തിന്റെ തിളക്കങ്ങൾ! ഏതാനും വർഷങ്ങളായി ഈ കഥയുടെ ബീജം മനസ്സിലുണ്ടായിരുന്നെന്നും കാലം വൈകുന്തോറും ടെക്നോളജിയിൽ ഉണ്ടായ മാറ്റങ്ങൾ സിനിമാനിർമാണ വേളയിൽ കുറെ വെല്ലുവിളികൾ ഉയർത്തിയെന്നും ഒരു അഭിമുഖത്തിൽ റോജിൻ പറയുന്നത് കേട്ടു. ഒരു കാര്യം തീർച്ചയാണ്. ആദ്യ ചിത്രത്തിൽതന്നെ തിരക്കഥയിലും സംവിധാനത്തിലും പുത്തൻ സാങ്കേതിക വിദ്യകളുടെ വരവറിയിച്ച റോജിൻ തോമസ് അടുത്ത ഒരു പ്രൊജക്റ്റ് എന്ന നിലയിൽ മാത്രമല്ല ഈ ചിത്രം ചെയ്തിരിക്കുന്നത്. ഉള്ളിൽ തട്ടി പറയുന്നൊരു കഥയാണ് # Home. എല്ലാ സാങ്കേതിക പുരോഗതികൾക്കിടയിലും കാലാതീതമായ മൂല്യങ്ങളെ മുറുകെ പിടിക്കാനുള്ള വെമ്പൽ ഉള്ളിലൊതുക്കുന്നൊരു കലാകാരന്റെ മനസ്സ് നമ്മൾ തൊട്ടറിയുന്നു. സംവിധായകൻ മലയാളിയുടെ മനസ്സിന്റെ പല വാതിലുകളും ഒന്നൊന്നായി തുറക്കുന്നു എന്നത് തന്നെയാകണം പ്രേക്ഷകർ ഈ ചിത്രത്തെ ഇത്രയധികം ഹൃദ്യമായി സ്വീകരിക്കാൻ കാരണം. ■

# കവിതയിലെ ഹരണം

ജെ.സി. ബുക്ക്മാൻ




**സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.**




## കിഴക്കിനഭിമുഖമോ ജനാഭിമുഖമോ?
**ഫാ. ജോസഫ് കളത്തിൽ**

ദൈവാരാധനയുമായി ബന്ധപ്പെട്ട് കിഴക്കിനഭിമുഖമായാണോ ജനാഭിമുഖമായാണോ ബലിയർപ്പിക്കേണ്ടതെന്ന് വിശിഷ്യാ, സീറോമലബാർസഭയിൽ ചർച്ചാവിഷയമായിരിക്കുന്ന അവസരത്തിൽ ജോസഫ് കളത്തിലച്ചന്റെ *കിഴക്കിനഭിമുഖമോ ജനാഭിമുഖമോ* എന്ന ഗ്രന്ഥം പ്രസക്തമാകുന്നു. ചർച്ചയ്ക്കിടയായിട്ടുള്ള രണ്ടുതരം ബലിയർപ്പണരീതികളെക്കുറിച്ചുള്ള ചരിത്ര-ദൈവശാസ്ത്ര പഠനമാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. വിവാദങ്ങൾക്ക് പക്ഷംചേരുകയല്ല ഗ്രന്ഥോദ്ദേശം. മറിച്ച്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിലപാടുകളുടെയും ജനാഭിമുഖബലിയർപ്പണത്തിന്റെയും കിഴക്കിനഭിമുഖമായ ആരാധനക്രമത്തിന്റെയും ചരിത്രപശ്ചാത്തലങ്ങളെ വിശകലനം ചെയ്തുകൊണ്ട് ഐക്യത്തിനായുള്ള ആഹ്വാനത്തിന്റെ അടരുകളാണ് ഉൾച്ചേർത്തിട്ടുള്ളത്. ബലിപീഠത്തിലെ ഐക്യമാണ് എല്ലാത്തിന്റെയും അടിസ്ഥാനമെന്ന് ചിന്തിക്കുന്നവരുടെ 'ഒരു സഭ ഒരു ആരാധനക്രമം' എന്ന മുന്നേറ്റം സഭയിൽ ശക്തിപ്പെട്ടുവരുമ്പോൾ ഇത്തരമൊരു ഗ്രന്ഥം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകൃതരീതി നടപ്പിലാക്കാൻ ഫ്രാൻസിസ് പാപ്പ നൽകിയ ആഹ്വാനത്തിന്റെ പ്രാധാന്യവും ഈ ഗ്രന്ഥത്തിനുണ്ട്.

---

*പേജ് 218, വില 170, സോഫിയാ ബുക്സ്, പെരുവണ്ണാമൂഴി*

*കോപ്പികൾക്ക്: 9605770005*

## ഹരണക്രിയ
**രേഖ ആർ. താങ്കൾ**

ഭൂഗോളത്തിന്റെ സ്പന്ദനം കണക്കിലാണെന്ന പഞ്ച് സിനിമാ ഡയലോഗ് കേട്ട് ഊറി ചിരിക്കുമ്പോഴും ജീവിതത്തിന്റെ കണക്കുകൂട്ടലുകൾ പിഴച്ചുപോകുന്നവരാണ് നാം. എന്നാൽ കണക്കുകൂട്ടലുകൾകൊണ്ട് ജീവിതത്തെ ഭാവനാസമ്പന്നരാക്കുന്നവരാണ് നാമെന്നതും മറക്കാനാവില്ല. കൂട്ടിയും കിഴിച്ചും പിരിച്ചും ഗുണിച്ചും ഹരിച്ചും നോക്കി ജീവിതത്തിൽ ശിഷ്ടം കണ്ടെത്താൻ ശ്രമിക്കുമ്പോൾ പലപ്പോഴും ഉത്തരങ്ങൾ ചേരാതെ വരുന്നു. സർഗാത്മകജീവിതത്തിലും കണക്കിന്റെ ശാസ്ത്രം പ്രായോഗികമാണെന്ന വെളിപ്പെടുത്തലാണ് *ഹരണക്രിയ* എന്ന കവിതാസമാഹാരം. ദ്വിമാന സമവാക്യങ്ങളല്ല, അക്ഷര സമവാക്യങ്ങൾ കൊണ്ട് ഒരു പുതുവഴി കണ്ടെത്തിയിരിക്കുകയാണ് കവയിത്രി. നവകാല കവിതയുടെ രീതിശാസ്ത്രത്തെ 34 കവിതകളുടെ സംഖ്യകൊണ്ട് ഹരിച്ചിട്ടിരിക്കുകയാണിതിൽ. സങ്കീർണമായ ചിഹ്നങ്ങൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്ന കണക്കുകൂട്ടലുകളല്ല ഹരണക്രിയയുടെ ഉള്ളടക്കം. സാധ്യതകളുടെ നൂൽപ്പാലത്തിലൂടെയുള്ള കവിതയുടെ യാത്രയെയും പൗരത്വം നഷ്ടപ്പെട്ട പ്ലൂട്ടോയെയും കറുപ്പിന്റെ തത്ത്വശാസ്ത്രത്തെയും സ്നേഹതീർത്ഥമാക്കി ഒഴുക്കിയിരിക്കുകയാണ് ഗ്രന്ഥകാരി.

---

*പേജ് 82, വില - 100, ഉണ്മ പബ്ലിക്കേഷൻസ്, ആലപ്പുഴ*

*കോപ്പികൾക്ക്: 9539033525*

## ദ് റിബൽ
### ഫാ. സേവ്യർ കുടിയാംശ്ശേരി





ഗ്രന്ഥശീർഷകത്തിന്റെ ആകർഷകതകൊണ്ട് ഉള്ളിൽ കരുതിയിരിക്കുന്ന അക്ഷരക്കൂട്ടുകൾ എന്തെന്നറിയാൻ ജിജ്ഞാസവർധിപ്പിക്കുന്നൊരു ഗ്രന്ഥമാണ് *ദ് റിബൽ*. ലോകം കണ്ട യഥാർത്ഥ വിപ്ലവകാരിയായ ക്രിസ്തുവിന്റെ പിന്നാലെ എല്ലാം ഉപേക്ഷിച്ച് യാത്രയായവന് ഉള്ളിലുയരുന്നതും വിപ്ലവാവേശംതന്നെയായിരിക്കും. അത് രക്തരഹിതവിപ്ലവമായിരിക്കുമെന്നുമാത്രം- സ്നേഹത്തിന്റെ വിപ്ലവം. അക്ഷരങ്ങൾകൊണ്ട് മനഞ്ഞെടുത്ത അലിവും നോവും നിറഞ്ഞ 44 വിപ്ലവക്കുറിപ്പുകൾ ചിന്തകളെ ഉദ്ദീപ്തമാക്കുന്നു. വിശുദ്ധകാര്യങ്ങളുടെ മനുഷ്യവിചാരങ്ങൾക്കൊപ്പം കലഹങ്ങളുടെ നീരൊഴുക്കും അന്തർലീനമായിരിക്കുന്ന രചനയാണിത്. മനുഷ്യജന്മത്തിന്റെ വരവുംപോക്കും കലഹിച്ചുകൊണ്ടാണെന്ന ഗ്രന്ഥകാരന്റെ വിലയിരുത്തലിന് *ദ് റിബൽ* സവിസ്തരമായ ആഖ്യാനം നൽകുന്നു.

അമ്മത്തവളയുടെ ആകാശകാഴ്ചകൾകൊണ്ട് റിബലിന്റെ കലാശകൊട്ടുനടത്തുമ്പോൾ ഒരാകാശവും അതിരല്ലെന്നും വഴികളൊന്നും അവസാനിക്കുന്നുമില്ലെന്ന് രചയിതാവ് ഓർമപ്പെടുത്തുന്നു. സമയത്തെയും കാലത്തെയും അനശ്വരതയുമായി ചേർത്തുനിർത്തേണ്ടുന്ന മനുഷ്യജന്മത്തിന്റെ പ്രബുദ്ധതയെയും അനുസ്മരിപ്പിക്കുന്നു.

---

*പേജ് - 182, വില - 200/-, പ്രണത ബുക്സ്, എറണാകുളം,*
*കോപ്പികൾക്ക്: 0484- 2390049*

## ആദർശം
### ഷാലൻ വള്ളുവശ്ശേരി




ആദർശങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ആദർശവാദികളായി നടിക്കുന്നവർക്കുമുന്നിൽ അഭിനയത്തിന്റെ ചാരുതപകരുന്ന ആവിഷ്കാരമാണ് *ആദർശം* എന്ന നാടകഗ്രന്ഥം. സ്വാധീനങ്ങൾകൊണ്ട് സ്വാർത്ഥതയുടെ സിംഹാസനങ്ങൾ കൈയടക്കുന്നവർക്കുമുന്നിൽ ആദർശങ്ങൾ ബലികഴിക്കപ്പെടുന്നവർ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. അതിപ്പോഴും തുടരുന്നുമുണ്ട്. ആദർശവാദികളെന്ന് അഹങ്കരിക്കുന്നവർക്കുമുന്നിൽ വിദ്യാസമ്പന്നരായ യഥാർത്ഥ പ്രായോഗിക ആദർശവാദികൾ നിർവികാരതയോടെ നോക്കിനിൽക്കേണ്ടിവരുന്ന ഒരു കലികാലനേർക്കാഴ്ച ഇന്നിന്റെ പ്രത്യേകതയാണ്. ഈ കാഴ്ചകളോട് പൊരുത്തപ്പെടാനാവാതെ, സമൂഹത്തിലെ സകല അനീതികളെയും ചോദ്യംചെയ്യുന്ന ഒരു വിപ്ലവകാരിയുടെ ആദ്യന്തം നാടകീയത ഉണർത്തുന്ന പ്രതികരണമാണ് *ആദർശം* ചുരുളഴിക്കുന്നത്. ഒരു റിട്ടയർഡ് അധ്യാപകനും അദ്ദേഹത്തിന്റെ തൊഴിൽരഹിതനായ മകനും രണ്ട് സഹോദരിമാരുമാണ് രംഗത്തെത്തുന്ന പ്രധാന കഥാപാത്രങ്ങൾ. ആദർശങ്ങളുടെ ഗൗരവാവിഷ്കാരത്തിന് അയവുവരുത്താനുതകുന്ന ഒരു രാഷ്ട്രീയ കഥാപാത്രത്തിന്റെ ഹാസ്യവേഷവും പ്രണയത്തിന്റെ അനുരണനങ്ങൾ പൊഴിക്കുന്ന ഒരു കാമുകിയുടെ സാന്നിധ്യവും നാടകത്തെ രസകരമാക്കുന്നു.

---

*പേജ് -38, വില- 60, ഗ്രാന്റ് ബുക്ക്സ് കോട്ടയം, കോപ്പികൾക്ക് - 9495235043*


STEINMONT SENIOR SECONDARY SCHOOL
(RESIDENTIAL SCHOOL)
(UNDER THE AUSPICES OF CARMELITE FRIARS OF MANJUMMEL PROVINCE)
Arayangad, Tholambra P.O, Kannur, Kerala - 670 673
www.steinmontpublicschool.ac.in, e-mail: info@steinmontpublicschool.ac.in
Affiliated to CBSE, New Delhi, Affiliation No. 931319
പ്രാചീനകാല തുറമുഖ പട്ടണമായ കണ്ണൂരിന്റെ വിജ്ഞാനകോട്ട
സ്റ്റൈൻമോണ്ട് സീനിയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ!!!
STEINMONT PUBLIC SCHOOL
അറിവും വിജ്ഞാനവും പകരുന്നതോടൊപ്പം
ജീവിതമൂല്യങ്ങളുടെ ദർശനവും ഉൾക്കാഴ്ചയും
കലാ-സാഹിത്യ-കായികരംഗങ്ങളിൽ ഉണർവുമേകുന്നു.
ADMISSIONS OPEN
1 to XI (2021-22)
DOUBLE EDGED PLUS TWO - RESIDENTIAL PROGRAMME
SAVE TIME SECURE FUTURE
+1 BIOLOGY SCIENCE WITH NEET/JEE
+1 COMPUTER SCIENCE WITH JEE
ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും
പ്രത്യേക ഹോസ്റ്റൽ സൗകര്യം.
PHYSICS LAB
CHEMISTRY LAB
BIOLOGY LAB
COMPUTER LAB
SCIENCENTRE
ENTRANCE COACHING PARTNER
13 Years of Excellence
25000 + Students, 50+ IITians
1100 Doctors, 5118 Engineers
LANGUAGE LAB
BOARDING FOR GIRLS
SEMI OLYMPIC SWIMMING POOL
SPORTS & GAMES
അത്യാധുനിക സൗകര്യങ്ങളോടെയുള്ള ക്ലാസ്സ്മുറികൾ
ഫാ. റോക്കി മെമ്മോറിയൽ സ്പോർട്സ് കോംപ്ലക്സ്
സെമി ഒളിമ്പിക് സ്വിമ്മിംഗ്പൂൾ – എഡിത് അക്വാറ്റിക് സെന്റർ
സീനിയർ സെക്കണ്ടറി വിഭാഗത്തിന് ഹൈടെക് കെട്ടിടസമുച്ചയം
പെൺകുട്ടികൾക്കായി പ്രത്യേക ഹോസ്റ്റൽ സൗകര്യം
മഞ്ഞുമ്മൽ കർമ്മലീത്താ സഭയുടെ വിദ്യാഭ്യാസസംരംഭം
Further details: 7592950079, 6282891087, 9645441185

Date of Publication: 13.09.2021 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
**Total Pages 68**




Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682015, Ernakulam Dt.
Printed at Anaswara Offset (P) Ltd., 48/2123 -C, Perandoor Jn., Elamakkara, Kochi - 682026, Kerala.